II അടിയന്തിരപ്രമേയം

എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദിന്റെ ആത്മഹത്യയെത്തുടർന്ന് നിലനിൽക്കുന്നതായിപറയപ്പെടുന്ന ക്രമസമാധാന തകർച്ച

മി. സ്പീക്കർ: നിർദ്ധനയായ എഞ്ചിനീയറിംഗ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദ് സർക്കാർ പരിരക്ഷ ലഭിക്കാതെ ജീവനൊടുക്കിയതിന് ഉത്തരവാദികളായവരെ ശിക്ഷിക്കണമെന്നും ഇതിനിടയാക്കിയ വിദ്യാഭ്യാസ കച്ചവടനയം

9.30 A.M.] തിരുത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രതിഷേധിച്ച വിദ്യാർത്ഥികളേയും യുവജനങ്ങളേയും കഴിഞ്ഞ മൂന്നു ദിവസമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ലാത്തിച്ചാർജ്ജും ഗ്രനേഡ് ആക്രമണവും കണ്ണീർവാതക പ്രയോഗവും നടത്തി നൂറുകണക്കിന് യുവജനങ്ങളും വിദ്യാർത്ഥികളും ഗുരുതരമായ പരിക്കുകളോടെ ആശുപത്രികളിലാകുകയും വിവരമറിഞ്ഞ് യൂണിവേഴ്സിറ്റി കോളേജിലെത്തിയ ഡോ. തോമസ് ഐസക്, ശ്രീ. എം. വി. ജയരാജൻ എന്നീ എം.എൽ.എ.-മാരെ കയ്യേറ്റം ചെയ്യുകയും മർദ്ദിക്കുകയും, സി.പി.ഐ(എം) ജില്ലാ ഓഫീസുകളിൽ പോലീസ് അതിക്രമിച്ച് കടക്കുകയും ചെയ്തിരിക്കുന്നു. ഇതേത്തുടർന്ന് ജനങ്ങളാകെ ഉൽക്കണ്ഠാകുലരാകുകയും സർക്കാർ രണ്ട് ദിവസത്തേക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടുകയും, വിദ്യാഭ്യാസ രംഗമാകെ സ്തംഭനാവസ്ഥയിലാവുകയും ചെയ്ത അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, പി. സി. ജോർജ്, വി. സി. കബീർ, ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ, ഡോക്ടർ കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയായിരുന്ന രജനിയുടെ ദുരന്തമരണത്തിൽ ഈ സഭയ്ക്ക് മാത്രമല്ല കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വേദനയുണ്ട്. ആത്മഹത്യയിലേക്ക് നയിച്ച കാരണങ്ങൾ നാം ചർച്ച ചെയ്തതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് എടുത്ത നിലപാടുകൾ അന്ന് ഞാൻ വിശദീകരിച്ചു. എന്നിട്ടും പ്രതിപക്ഷാംഗങ്ങൾക്ക് തൃപ്തിവന്നില്ല. ഏറ്റവും ഒടുവിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഗവൺമെന്റിന്റെ നിലപാട് തൃപ്തികരമല്ലെന്ന് പറഞ്ഞ് വാക്കൗട്ട് നടത്താൻ തയ്യാറായപ്പോൾ വാക്കൗട്ട് വേണ്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യംതന്നെ അംഗീകരിക്കാം, അദ്ദേഹം ആവശ്യപ്പെട്ടതുപോലെ ജുഡീഷ്യൽ എൻക്വയറി നടത്താം എന്നുപറഞ്ഞ് വാക്കൗട്ട് ഒഴിവാക്കി. പക്ഷേ പുറത്ത് കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായി ഒരു കലാപത്തിന്റെ അന്തരീക്ഷമാണ്. അതുമൂലം

LIBRARY ARCHIVES Kerala Legislative Assembly

ഒരുപാട് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷനേതാവ് പറഞ്ഞ ഡിമാന്റ് അതേപടി അംഗീകരിച്ചുകഴിഞ്ഞിട്ടും കേരളമാകെ ഒരു അക്രമത്തിന്റെ അന്തരീക്ഷമാണ് അസാധാരണമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഗവൺമെന്റ് പ്രതിപക്ഷ ഡിമാന്റ് അംഗീകരിച്ചിട്ടും നാട് മുഴുവൻ കത്തിക്കുകയാണ്. ഈ അസാധാരണമായ സാഹചര്യത്തിൽ ഈ അടിയന്തിരപ്രമേയം ചർച്ചയ്ക്കെടുക്കാം. ..... (ബഹളം) .....എന്റെ അഭിപ്രായം പറയാം.....(ബഹളം)..... അങ്ങയോട് എന്റെ ഒരു നിർദ്ദേശം ഉണ്ട്. ഇന്നിപ്പോൾ ഫിനാൻസ് ബിൽ ചർച്ച ചെയ്ത് പാസ്സാക്കേണ്ടതിനാൽ ആദ്യം അടിയന്തിരപ്രമേയം ചർച്ചയ്ക്ക് എടുത്തതിനുശേഷം ഫിനാൻസ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രി പറഞ്ഞതിന്റെയടിസ്ഥാനത്തിൽ ഉടനെതന്നെ അടിയന്തിരപ്രമേയം ചർച്ച ചെയ്യുന്നതാണ്. അടിയന്തിരപ്രമേയത്തിൽ കീഴ്വഴക്കം അനുസരിച്ച് രണ്ടു മണിക്കൂറാണ്. അതിൽ പത്ത് മിനിട്ട് മൂന്ന് പേർക്കും അതിൽ മറുപടി പറയാൻ മുഖ്യമന്ത്രിക്ക് 20 മിനിട്ട്. ബാക്കി ഒന്നര മണിക്കൂർ പാർട്ടി അടിസ്ഥാനത്തിൽ സമയം അനുസരിച്ച് വീതിക്കുന്നതാണ്.

അടിയന്തിരപ്രമേയത്തിന്മേലുള്ള ചർച്ച

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത്യപൂർവ്വമായ സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത് എന്നതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയുടെ ചരിത്രത്തിൽ അപൂർവ്വമായ ഒരു സ്ഥിതി വിശേഷത്തിന് ഇടവരുത്തിക്കൊണ്ട് അടിയന്തിര ചർച്ച ചെയ്യാൻ തീരുമാനിച്ചത്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദിന്റെ ദാരുണമായ മരണത്തെത്തുടർന്ന് വളർന്നുവന്ന ജനരോഷത്തിൽ സംസ്ഥാനം വിറങ്ങലിച്ച് നിൽക്കുന്ന സ്ഥിതിയാണുള്ളത്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്നും നാളെയുമായി ഗവൺമെന്റ് തന്നെ അടച്ചുപൂട്ടിയിരിക്കുകയാണ്. രജനിയുടെ മരണത്തിനിടയാക്കിയ സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താമെന്ന് മുഖ്യമന്ത്രി പറഞ്ഞതിനുശേഷം വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പിന്നോക്ക-പട്ടിക സമുദായ എസ്. സി./എസ്. ടി. ക്ഷേമവകുപ്പുമന്ത്രിയും നൽകിയ വിശദീകരണങ്ങൾ എരിതീയിൽ എണ്ണയൊഴിക്കുന്ന സ്ഥിതിയാണ് ഉളവാക്കിയിരിക്കുന്നത്. ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചിരിക്കേ വിദ്യാഭ്യാസവകുപ്പുമന്ത്രി പറഞ്ഞത് ഐ. എച്ച്. ആർ. ഡി.-യുടെ ഭാഗത്തുനിന്ന് ഒരു കുഴപ്പവുമില്ലെന്നും വിദ്യാർത്ഥിനി പരീക്ഷയിൽ തോറ്റു എന്നുമാണ് പറഞ്ഞത് അത് ശവത്തെ കുത്തുന്ന രീതിയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രസ്താവന രജനി എന്ന പെൺകുട്ടിയുടെ ശവത്തെ കുത്തുന്ന സ്ഥിതിയാണുണ്ടാക്കിയിട്ടുള്ളത്. എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്നും ഫീസ് മുഴുവൻ കോളേജിൽ അടച്ചുവെന്നും എൻ. എസ്. എസ്.

LIBRARY ARCHIVES Kerala Legislative Assembly

ഹോസ്റ്റലിലെ ഫീസ് നൽകാൻ ഗവൺമെന്റിന് കഴിയില്ല എന്നും ഹോസ്റ്റൽ ഫീസ് അടയ്ക്കാത്ത കാര്യം വീട്ടിൽ ഫോൺചെയ്ത് അറിയിച്ചിരുന്നുവെന്നുമാണ് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി പറഞ്ഞിരുന്നത്. ഇന്നലെ ഞാൻ വീട് സന്ദർശിച്ചിരുന്നു. ആ വീട്ടിൽ ഫോൺ പോയിട്ട് ഫോണിന്റെ ഒരു വയർ പോലും ഇല്ല. ആരോടാണ് ഈ മന്ത്രി ഫോൺ ചെയ്ത് പറഞ്ഞതെന്ന് സഭയിൽ വ്യക്തമാക്കണം. ഇലക്ട്രിസിറ്റി കണക്ഷൻ പോലുമില്ലാത്ത ഒരു വീടാണ് അത്. ഇത്തരം പ്രസ്താവനകൾ വന്നതോടുകൂടി ജുഡീഷ്യൽ അന്വേഷണം പ്രഹസനമായിരിക്കുമെന്ന് വ്യക്തമായിക്കഴിഞ്ഞു. രോഷാകുലരായ ജനങ്ങളാണ് കഴിഞ്ഞ രണ്ട്മൂന്ന് ദിവസമായി വിവിധ തരത്തിൽ രോഷ പ്രകടനങ്ങൾ നടത്തിയത്. .....(ബഹളം).....'...

മി. സ്പീക്കർ: ഇല്ല, നെവർ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ നിയമസഭ തുടങ്ങിയതിനുശേഷമുള്ള ആദ്യത്തെ അടിയന്തിരപ്രമേയമാണ് ഇന്ന് നമ്മൾ എടുക്കുന്നത്. അതിനെ ഗൗരവമായി കാണാൻ അവർ തയ്യാറാകുന്നില്ലെങ്കിൽ, ഇത് ഗൗരവമായി ചർച്ച ചെയ്യാൻ അവർ തയ്യാറാകുന്നില്ലെങ്കിൽ ഞങ്ങൾ ഈ ചർച്ചയിൽ പങ്കെടുക്കുന്നില്ല. അങ്ങാണ് ഇത് ചെയ്യേണ്ടത്. .....(ബഹളം)..... സീരിയസായി, അതീവഗൗരവമായി ഈ പ്രശ്നം ചർച്ചചെയ്യാൻപോലും അവർ അനുവദിക്കുന്നില്ല എന്ന സ്ഥിതിവിശേഷത്തിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. എങ്ങനെ നമുക്കിത് നടത്തിക്കൊണ്ടുപോകാൻ സാധിക്കും? .....(ബഹളം).....

മി. സ്പീക്കർ: Order.....Order You keep silence നിങ്ങൾക്കും പറയാൻ സമയം കിട്ടും. അപ്പോൾ നിങ്ങൾ സംസാരിച്ചാൽ മതി. വെറുതെ ബഹളമുണ്ടാക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അപ്പുറത്ത് നൂറ് ആളുകളുണ്ട് എന്ന നിലയിൽ ഞങ്ങളെ അടിച്ചിരുത്താം എന്ന ധാരണയിലാണ് അവർ പുറപ്പെട്ടിരിക്കുന്നത്. ഇതാണ് നിയമസഭയുടെ പുറത്ത് പോലീസിനെ ഉപയോഗിച്ചുകൊണ്ട് അവർ ചെയ്തുകൊണ്ടിരിക്കുന്നത്. അതാണ് എനിക്കിവിടെ ആരോപിക്കാനുള്ളത്. .....(ബഹളം).....

മി. സ്പീക്കർ: Order.....Order ....I can understand നിങ്ങൾ എന്തിനാണ് ക്ഷമ കെടുന്നത്? അദ്ദേഹം സംസാരിക്കട്ടെ. അതുകഴിഞ്ഞ് നിങ്ങൾക്ക് സംസാരിക്കാൻ സമയം കിട്ടും. നിങ്ങൾക്ക് കൂടുതൽ സമയം കിട്ടും. ഇങ്ങനെ ബഹളമുണ്ടാക്കുന്നത് ശരിയാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തിരുവനന്തപുരം സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികളെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തു. എസ്. എഫ്. ഐ.-യുടെ സംസ്ഥാന സെക്രട്ടറി രാജേഷ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് മർദ്ദിച്ച് ജയിലിൽ അടച്ചു. യൂണിവേഴ്സിറ്റി കോളേജിനു നേരെ ടീയർ ഗ്യാസും ഗ്രനേഡ് ആക്രമണവും നടന്നു. വിവരമറിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തെത്തിയ എം. എൽ. എ.-മാരായ ഡോ. ഐസക്കിനേയും, ശ്രീ. എം. പി. ജയരാജനേയും പോലീസ് മർദ്ദിച്ചു. ശ്രീ. എം. പി. ജയരാജനെ ഒരു പോലീസ് പിന്നിൽനിന്ന് ഇടിച്ചു. ഇത്തരത്തിൽ നിയമസഭ ചേരുന്ന സമയത്തുതന്നെ ജനപ്രതിനിധികളെ ആക്രമിക്കാനുള്ള ധൈര്യം പോലീസിന് കൊടുത്തത് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണ്. ഇവിടെ ജനപ്രതിനിധികളോട്പോലും പോലീസ് മര്യാദയ്ക്ക് പെരുമാറണ്ട എന്ന നിർദ്ദേശം കൊടുത്തു. മുഖ്യമന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തിയവർക്കു നേരെ ടിയർ ഗ്യാസ് ഷെൽ പൊട്ടിച്ചു. നിരവധി പേർക്ക് പരിക്ക്പറ്റി. മുഖ്യമന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തിയവർക്കെതിരെ നടത്തിയ ടിയർ ഗ്യാസ് ഷെൽ പ്രയോഗത്തിൽ പരിക്ക് പറ്റിയത് ദേവസ്വം ബോർഡിലെ രണ്ട് ജീവനക്കാർക്കാണ്. പ്രകടനത്തിൽ പങ്കെടുത്തവർ പോലുമല്ല അവർ. തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, ആലത്തൂർ, തൃശൂർ, ആലപ്പുഴ, ഒറ്റപ്പാലം, തലശ്ശേരി, അടൂർ, എറണാകുളം, തൊടുപുഴ എന്നിങ്ങനെ സംസ്ഥാനത്തുടനീളം പോലീസിനെ കയറൂരിവിടുകയും വിദ്യാർത്ഥികളാണെന്ന് തോന്നുന്നവരെ പിടിച്ചു കൊണ്ടുപോകുകയും ചെയ്യുകയാണ്. പാലക്കാട് എസ്. എഫ്. ഐ.-യുടെ ജില്ലാ പ്രസിഡന്റ് സുബ്രഹ്മണ്യത്തേയും സെക്രട്ടറി നിതീഷിനേയും പിടിച്ചു കൊണ്ടുപോയി മൃഗീയമായി തല്ലി. ഒറ്റപ്പാലത്ത് 42 വിദ്യാർത്ഥികളെ പിടിച്ചുകൊണ്ടുപോയി ആക്രമിച്ച് ആശുപത്രിയിലാക്കി. തൃശൂരിൽ വിദ്യാർത്ഥികളാണെന്ന് തോന്നുന്നവർക്കൊന്നും റോഡിൽ ഇറങ്ങാൻ കഴിയുന്നില്ല. തൃശൂർ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളെ പിടിച്ചുകൊണ്ടുപോയി ജയിലിൽ അടച്ചിരിക്കുകയാണ്. ആഗസ്റ്റ് 10-ാം തീയതി എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾക്ക് പരീക്ഷയാണ്. ആ പരീക്ഷ എഴുതേണ്ടുന്ന വിദ്യാർത്ഥികളെയാണ് അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചിരിക്കുന്നത്. വാളയാറിൽ രണ്ട് തൊഴിലാളികളെ ഫാക്ടറി വിട്ട് തിരിച്ചുവരുന്ന സമയത്ത് പോലീസ് പിടിച്ചുകൊണ്ടുപോയി. മൃഗീയമായി തല്ലി. വിവരമറിഞ്ഞ് ഇരുപതോളം പേർ അവിടെ എത്തി. അവരേയും പോലീസ് തല്ലി. പരിക്കേറ്റ ഈ രണ്ടുപേരെ ആശുപത്രിയിൽ കൊണ്ടുപോകാൻ വേണ്ടി എം. എൽ. എ.-മാരായ ശ്രീ. എ. കെ. ബാലനും ശ്രീ. ചെന്താമരാക്ഷനും ബന്ധപ്പെട്ടപ്പോൾ പറഞ്ഞത് അത് മജിസ്ട്രേറ്റിനോട് പറഞ്ഞാൽ മതിയെന്നാണ്. ഈ രണ്ട് തൊഴിലാളികളെ ആളുകൾ ആശുപത്രിയിലാക്കി. അതിന് തൊഴിലാളികൾ പോലീസ് സ്റ്റേഷൻ ആക്രമിച്ചു എന്നു പറഞ്ഞ് കഥയുണ്ടാക്കി സംഭവത്തെ തിരിച്ചുവിടാൻവേണ്ടി ശ്രമിക്കുകയാണ്. സമാധാനപരമായി പ്രകടനം നടത്താൻ സംസ്ഥാനത്ത് അനുവാദമില്ലേ എന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്? പ്രതിപക്ഷ പ്രവർത്തകർക്ക് പ്രവർത്തിക്കാൻ അനുവാദമുണ്ടോ? പ്രതിപക്ഷ പാർട്ടികളുടെ ഓഫീസുകളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല. സി. പി. ഐ. (എം)-ന്റെ കണ്ണൂർ ജില്ലാ കമ്മിറ്റി ഓഫീസിൽ ഇന്നലെ ഡിവൈ. എസ്. പി. ഭുവനചന്ദ്രന്റെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാർ കടന്നുചെന്ന് മൃഗീയമായി

LIBRARY ARCHIVES Kerala Legislative Assembly

ആക്രമണം നടത്തി. ഡിവൈ. എസ്. പി. റെയ്ഡ് ചെയ്യാൻ ചെന്നത് കുടിച്ചിട്ടാണ്. കോഴിക്കോട്ട് ഡി. സി. ഓഫീസിൽ വിലസുന്ന മാഫിയാസംഘത്തെ തടയാൻ കഴിയാത്ത കമ്മീഷണറാണ് പാർട്ടി ഓഫീസുകളിൽ അതിക്രമിച്ചു കയറുന്നത്. കർഷക സംഘത്തിന്റെ ഓഫീസ്, ഡി. വൈ. എഫ്.ഐ.-യുടെ ഓഫീസ് തുടങ്ങി എല്ലാ ഓഫീസുകളിലും പോലീസ് കയറി. ഇന്ന് എവിടെയും പോലീസിന് കയറാം എന്ന അവസ്ഥയിലേക്ക് എത്തി. എ. ഐ. വൈ. എഫ്., എ.ഐ.എസ്.എഫ്. പ്രവർത്തകരെ പോലീസ് ആക്രമിക്കുകയാണ്. കെ.എസ്.യു. പ്രവർത്തകരും ഈ പ്രശ്നത്തിൽ പങ്കാളികളായി. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റിന്റെ നേതൃത്വത്തിൽ എൽ. എം. എസ്. കോംപൗണ്ടിൽ കയറി ബാങ്കിന്റെ കൗണ്ടർ അടിച്ചുപൊളിച്ചു. എന്നിട്ട് കെ. എസ്. യു-ന്റെ സംസ്ഥാന കമ്മിറ്റി ഓഫീസിൽ നിന്ന് പത്രക്കുറിപ്പ് ഇറക്കി. ഞങ്ങളുടെ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ബാങ്ക് കൗണ്ടർ അടിച്ചുപൊളിച്ചിരിക്കുന്നു. പൊതുമുതൽ സംരക്ഷിച്ച കേസിലെ പ്രതികളെക്കൂടി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയപ്പോൾ മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം അവരെ വിട്ടയച്ചു. സംസ്ഥാനത്ത് ഇത്തരത്തിലുള്ള നീതി നടപ്പാക്കാൻ പുറപ്പെട്ടാൽ അത് അനുവദിക്കുമെന്ന് മുഖ്യമന്ത്രി കരുതുന്നുണ്ടോ? യൂത്ത് കോൺഗ്രസുകാർ ബാങ്ക് ജീവനക്കാരെ പൂട്ടിയിട്ടു. കോൺഗ്രസുകാർക്കുപോലും ഈ പ്രശ്നത്തിൽ ഇടപെടേണ്ടിവന്നിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രി രാജി വയ്ക്കണമെന്ന് യൂത്ത് കോൺഗ്രസ് പ്രസിഡന്റ് അനിൽകുമാർ ആവശ്യപ്പെട്ടു. വിദ്യാഭ്യാസ വകുപ്പ് കോൺഗ്രസ് ഏറ്റെടുക്കണം എന്ന് കെ. പി. സി. സി. ജനറൽ സെക്രട്ടറി മുല്ലപ്പള്ളി രാമചന്ദ്രൻ ആവശ്യപ്പെട്ടു കഴിഞ്ഞു. സ്വാശ്രയ കോളേജ് നയം മാറ്റണമെന്ന് കെ. പി. സി. സി. സെക്രട്ടറി ആവശ്യപ്പെട്ടു. വിദ്യാഭ്യാസ വകുപ്പിന്റെ പിടിപ്പുകേടാണ് ഇതിലേക്ക് വഴി തെളിച്ചത്. സ്വാശ്രയ സ്ഥാപനങ്ങളിലെ എസ്. സി./എസ്. ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കണം. ലംപ്സം ഗ്രാന്റ് ഒഴികെ മറ്റ് യാതൊരു ആനുകൂല്യവും ഈ വർഷം നൽകേണ്ടതില്ലെന്ന് എസ്.സി./എസ്.ടി. വകുപ്പ് പുറപ്പെടുവിച്ച ഉത്തരവാണ് ഈ സ്ഥിതിവിശേഷത്തിന് ഇടയാക്കിയത്. ഇവിടെ ശ്രീ. ബാലൻ അത് സംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ച് ഇവിടെ ഇത്തരം സംഭവങ്ങളുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകിയതാണ്. ഗവൺമെന്റ് അത് അവഗണിച്ചു. അതാണ് രജനിയുടെ മരണത്തിലേക്ക് എത്തിയത്. 2002-03-ലെ ആനുകൂല്യം മാത്രമേ ഇവിടെ കൊടുത്തിട്ടുള്ളൂ. 2003-04-ൽ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം ഇനിയും കൊടുത്തിട്ടില്ല. ഇന്ന് ഒരു ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ധീവരർ, മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർ, കുശവർ, വേട്ടുവർ, പുലയ വേട്ടുവർ തുടങ്ങിയ 12 വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം നൽകേണ്ടതില്ലെന്ന് ഈ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞു. കുമാരപിള്ള കമ്മീഷന്റെ ശുപാർശ പ്രകാരം 42,000 രൂപയിൽ താഴെ വരുമാനമുള്ളവർക്ക് കിട്ടുന്ന വിദ്യാഭ്യാസാനുകൂല്യം ഈ ഗവൺമെന്റ് കൊടുക്കുന്നില്ല. അങ്ങനെ വിദ്യാഭ്യാസരംഗം അത്യന്തം പ്രക്ഷുബ്ധമായ നിലയിലേക്ക് എത്തി. ഇതിനെ വിദ്യാർത്ഥികൾ ചോദ്യം ചെയ്യാതിരിക്കാനായി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കയാണ്, വിദ്യാർത്ഥി സംഘടന നിരോധന വിദ്യാർത്ഥികൾ സ്കൂളുകളിൽ സമരം ചെയ്താൽ സ്കൂളിൽ നിന്ന് പുറത്താക്കൽ കോളേജിൽ നിന്ന് പുറത്താക്കൽ തുടങ്ങി ഒരു അപ്രഖ്യാപിത അടിയന്തിരാവസ്ഥയിലേക്ക് കേരളത്തെ നയിച്ചുകൊണ്ടിരിക്കുന്ന ഇവിടുത്തെ സംഭവങ്ങൾക്ക് ഉത്തരവാദിയായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. നാലകത്ത് സൂപ്പിയും പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയും രാജി വയ്ക്കണം അതുകൊണ്ടു മാത്രമേ പ്രശ്നത്തിന് പരിഹാരമുണ്ടാകൂ. ഈ സംഭവത്തെ സംബന്ധിച്ച് സിറ്റിംഗ് ജഡ്ജി അന്വേഷിക്കണം. 50 ശതമാനം മെറിറ്റ് സീറ്റിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികളിൽനിന്നും ഗവൺമെന്റ് കോളേജിലെ ഫീസ് നിരക്ക് വാങ്ങാൻ വിസമ്മതിക്കുന്ന സ്വകാര്യ കോളേജ് മാനേജ്മെന്റുകളുടെ എൻ.ഒ.സ് ഗവൺമെന്റ് റദ്ദാക്കണം. ഗവൺമെന്റ് എടുത്ത തീരുമാനം ഇവിടെ നടപ്പിലാക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്. സംസ്ഥാനത്ത് രണ്ട് മൂന്ന് ദിവസമായി പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അതെല്ലാം വികാരപ്രകടനമായ കണ്ടുകൊണ്ട് അതിനെ സമീപിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അനിയന്ത്രിതമായ സ്ഥിതിവിശേഷം ഉണ്ടാകുന്നതിന് ഞങ്ങൾ കൂട്ടുനിൽക്കുകയില്ല. സമാധാനപരമായ പ്രതിഷേധ പ്രകടനവും പ്രക്ഷോഭവും നടത്താൻ അനുവാദമുണ്ടോ എന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്? അക്രമം കാണിക്കുന്നവരെ പിടിക്കാൻ കഴിയാത്ത ഗവൺമെന്റ് സമാധാനപരമായി പ്രക്ഷോഭണം നടത്തുന്ന വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും തല തല്ലിപ്പൊട്ടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത് പോലീസിന്റെ ഭീകരത സംസ്ഥാനത്തുടനീളം ഉണ്ടായിരിക്കുന്നു. ഈ സ്ഥിതിവിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ എനിക്ക് പറയാനുള്ളത് പ്രശ്നം പരിഹരിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ടെങ്കിൽ രണ്ട് മൂന്ന് കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നിർത്തലാക്കിയ ആനുകൂല്യം പുനഃസ്ഥാപിക്കണം. 50% സീറ്റിലുള്ള വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസ് വാങ്ങാൻ അനുവദിക്കാത്ത കോളേജുകളുടെ എൻ.ഒ.സി. റദ്ദാക്കണം, 50 ശതമാനം സീറ്റിലേക്ക് മാനേജ്മെന്റിന് ഇഷ്ടംപോലെ ഫീസ് വാങ്ങാൻ അനുവാദം കൊടുത്തുകൊണ്ടുള്ള ബില്ലിൽ ഭേദഗതി വരുത്തണം. കോൺഗ്രസിന്റെ കൂടി അഭിപ്രായം വന്ന സാഹചര്യത്തിൽ അതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഈ അടിയന്തിരപ്രമേയം ചർച്ച ചെയ്യാൻ തയ്യാറായ സാഹചര്യത്തിൽ ഗവൺമെന്റ് ചെയ്യേണ്ടത്. ഈ അടിയന്തിരപ്രമേയം ചർച്ച ചെയ്തുകൊണ്ട് സംസ്ഥാനത്ത് പുതിയൊരു കീഴ്വഴക്കം ഉണ്ടാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനുകൂടി തയ്യാറാകുകയാണെങ്കിൽ നമ്മുടെ നാട്ടിൽ സമാധാനം ഉണ്ടാക്കാനും വിദ്യാഭ്യാസരംഗം ശരിക്കും മുന്നോട്ടു കൊണ്ടുപോകാനും സാധിക്കും. രണ്ട് ദിവസം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂട്ടിയിട്ടിരിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം ഗവൺമെന്റിനാണ്. അതുകൊണ്ട് ഞാൻ ഇത് വികാരപ്രകടനമായിട്ടല്ല അവതരിപ്പിക്കുന്നത്, സംസ്ഥാനത്തിന്റെ, താൽപ്പര്യമായിട്ടാണ്. ഈ സംഭവങ്ങളെ ഉപയോഗിച്ച് കേരളത്തിലെ പ്രതിപക്ഷത്തെ അടിച്ചമർത്താനാണ്, ജനകീയപ്രക്ഷോഭങ്ങളെ അടിച്ചമർത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ അതിന് കേരളത്തിലെ ജനങ്ങൾ കീഴടങ്ങുകയില്ല എന്ന് പ്രഖ്യാപിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏതാണ്ട് ഗ്യാസ് പോയ സോഡ പോലെ ദുർബലമായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ അടിയന്തിരപ്രമേയം അവതരിപ്പിച്ചതിൽ എനിക്ക് ദുഃഖമുണ്ട്. അടൂർ ഐ. എച്ച്. ആർ. ഡി. കോളേജ് എന്റെ നിയോജകമണ്ഡലത്തിലാണ്. ഐ. എച്ച്. ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിനെ മറ്റ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി കണക്ട് ചെയ്യാൻ വേണ്ടിമാത്രമാണ് ഈ സംഭവത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ വിനിയോഗിച്ചത്. ഇതിനെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ചത് വളരെ തെറ്റായിപ്പോയി. രജനിയുടെ ആത്മാവ് പോലും നിങ്ങളോട് ക്ഷമിക്കയില്ലന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് ഒരു ചരിത്രമുണ്ട്. 1994-ൽ ആരംഭിച്ച ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ 12,500 രൂപ വാർഷിക ഫീസ് ഉണ്ടായിരുന്നു. 1997-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ് ഒന്നാം വർഷത്തിൽ അത് 35,000 രൂപയാക്കി വർദ്ധിപ്പിച്ചത് അതിന് രേഖകൾ ഉണ്ട്. ഈ പാവപ്പെട്ട കുട്ടികളോട് 35,000 രൂപ നിങ്ങൾ ഫീസ് മേടിച്ചില്ലേ? 36,000 രൂപ എന്നുള്ളത് പിന്നീട് വേറൊരു നിയമത്തിന്റെ അടിസ്ഥാനത്തിൽ വന്നതാണ്.- രജനിയുടെ കാര്യത്തെക്കുറിച്ച് ആലോചിക്കാം. 2003 ആഗസ്റ്റിനു ശേഷം രജനി അടൂർ എഞ്ചിനീയറിംഗ് കോളേജിൽ വന്നിട്ടില്ല എന്നുള്ള യാഥാർത്ഥ്യം നിങ്ങൾ എവിടെയെങ്കിലും തിരക്കിയിട്ടുണ്ടോ? എൻ. എസ്. എസ്. വർക്കിംഗ് വിമൻസ് ഹോസ്റ്റലിലാണ് ആ കുട്ടി താമസിച്ചിരുന്നത്. എൻ. എസ്. എസ്. വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ ഒരു ബാഗ് മാത്രം അവശേഷിപ്പിച്ച് 2003 ആഗസ്റ്റ് മാസത്തിൽ രജനി ആ ഹോസ്റ്റൽ വിട്ടശേഷം അവിടെ നിന്ന് രജനിയുടെ വീട്ടിനടുത്തുള്ള ടെലഫോണിൽ വിളിച്ചു.....(ബഹളം)..... ആ കുട്ടിക്ക് എന്തു സംഭവിച്ചു; എന്താണ് വരാത്തത് എന്ന് അവർ വിളിച്ചു ചോദിച്ചു. .....(ബഹളം)..... രജനിയുടെ തൊട്ടടുത്തുള്ള വീട്ടിലെ ഫോണിൽ വിളിച്ചപ്പോൾ, ഈ കുട്ടി ഡൽഹിയിൽ പോയിരിക്കുന്നു മൂന്നു മാസത്തിനുശേഷം മാത്രമേ മടങ്ങിവരികയുള്ളൂവെന്ന് എൻ.എസ്.എസ്. വർക്കിംഗ് വിമൻസ് ഹോസ്റ്റലിലെ വാർഡനോട് രജനിയുടെ അമ്മ പറഞ്ഞിട്ടുണ്ട്. മൂന്നു മാസം കഴിഞ്ഞിട്ടും വരാതിരുന്നപ്പോൾ, ഈ ബാഗ് എന്തുകൊണ്ട് കൊണ്ടുപോകുന്നില്ല എന്ന് ചോദിച്ചപ്പോൾ ഒരു സ്കൂളിൽ അദ്ധ്യാപികയായി ജോലി ലഭിച്ചതുകൊണ്ട് ഈ കുട്ടി ഇനി അങ്ങോട്ട് വരുന്നില്ലെന്ന് വാർഡനോട് അമ്മ പറഞ്ഞതാണ്. തൊട്ടടുത്തുള്ള വീട്ടിലെ ഫോണിൽ വിളിച്ചപ്പോൾ അവർക്ക് കിട്ടിയ മറുപടിയാണ്. രജനിയുടെ പഠിത്തത്തിന് ഈ ഗവണ്മെന്റോ ഐ.എച്ച്.ആർ.ഡി. കോളേജോ എതിരായി നിന്നുവെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഡോ. എം. എ. കുട്ടപ്പൻ രാജി വയ്ക്കണമെന്ന് പറഞ്ഞല്ലോ. ഡോ. എം. എ. കുട്ടപ്പൻ രാജി വയ്ക്കുന്നത് എന്തിനാണ്? ഐ.എച്ച്.ആർ.ഡി. കോളേജിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് ഇനത്തിൽ 1,14,900 രൂപ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് കോളേജിൽ അടച്ചിട്ടുണ്ട് എന്നുള്ള സത്യമെങ്കിലും നിങ്ങൾ ഓർക്കണ്ടേ? പട്ടകജാതി-പട്ടികവർഗ്ഗ വകുപ്പ് കൊടുക്കേണ്ട പണം

കൊടുത്തിട്ടുണ്ട്.....(ബഹളം)..... ശ്രീ. ജയരാജൻ ഒരു സെക്കന്റ് ശാന്തമായിരിക്കൂ. അങ്ങ് മുഴുവൻ കാര്യങ്ങളും കേൾക്കണം. രജനി ഒരു വർഷമായി കോളേജിൽ എത്താത്തതിന് തെളിവായി രജനിയെ കാത്ത് 2,410 രൂപയുടെ ചെക്ക് ഇന്നും ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ഇരിപ്പുണ്ട്. ചെന്ന് ഒപ്പിട്ടാൽ 2,410 രൂപയുടെ ചെക്ക് പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് കൊടുക്കാൻ തയ്യാറായി കാത്തിരിക്കുന്നു. ടി. സി. ചോദിക്കാൻ ചെന്നപ്പോൾ ടി.സി. കൊടുത്തില്ലായെന്ന് പ്രതിപക്ഷ നേതാവ് ഇവിടെ പ്രസംഗിച്ചല്ലോ? ഐ.എച്ച്.ആർ.ഡി. കോളേജ് ആരുടെ കീഴിൽ ആണ് പ്രവർത്തിക്കുന്നത് എന്ന് നിങ്ങൾക്കറിയാമോ? ഈ കോളേജ് പ്രവർത്തിക്കുന്നത് കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ കീഴിലാണ്. നിങ്ങൾ അഡ്മിഷൻ കൊടുക്കാമെന്ന് പറയുന്ന മേരി മാതാ കോളേജ് കേരള യൂണിവേഴ്സിറ്റിയുടെ കീഴിലാണ്. അപ്പോൾ കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജിൽ പഠിക്കാൻ ആ കുട്ടിക്ക് ടി. സി. വാങ്ങാൻ ഐ.എച്ച്.ആർ.ഡി.-യിലെ അടൂർ കോളേജിൽ അപേക്ഷ കൊടുക്കുന്നതിനു മുമ്പ് അവർ ചെയ്യേണ്ടത് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് അപേക്ഷ കൊടുക്കുകയാണ് എന്നുള്ള പ്രാഥമികമായ അറിവെങ്കിലും ഉണ്ടാകാതെ പോയതിൽ എനിക്ക് ദുഃഖമുണ്ട്. ഇത് മൈഗ്രേഷനാണ്. ഒരു സർവ്വകലാശാലയിൽ നിന്ന് മറ്റൊരു സർവ്വകലാശാലയിലെ ഒരു കോളേജിൽ ഒരു കുട്ടി മാറിപ്പോകുന്നത് മൈഗ്രേഷനിലാണ്. മൈഗ്രേഷനിൽ പോകുന്ന കുട്ടി തിരുവനന്തപുരത്ത് അപേക്ഷ കൊടുക്കാതെ അടൂരിലേക്കു പോയി എന്നു പറഞ്ഞത് കള്ളക്കഥയാണ്. അത് ഈ സഭയെ തെറ്റിദ്ധരിപ്പിക്കലാണ്. അക്രമം കാണിക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുന്നതിനു വേണ്ടി ചെയ്യുന്നതാണ്. ഇതിന് സത്യവുമായി പുലബന്ധംപോലുമില്ല. ഞാൻ ഇന്നലെ ഐ.എച്ച്.ആർ.ഡി. കോളേജിലെ കുട്ടികളെ കണ്ടു. ഞങ്ങൾ കണ്ണിലെ കൃഷ്ണമണിപൊലെ കാത്തുസൂക്ഷിക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണത്. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഫസ്റ്റ് റാങ്ക് എല്ലാ വർഷവും കിട്ടിക്കൊണ്ടിരിക്കുന്ന സ്ഥാപനമാണ്. അവിടെ പഠിക്കുന്ന പാവപ്പെട്ട കുട്ടികളടക്കം ജോലിക്ക് പരതി നടക്കാൻ ബുദ്ധിമുട്ടുള്ള ആളുകൾക്ക് ക്യാമ്പസ് ഇന്റർവ്യൂ അടുത്ത മാസം വരികയാണ്. ആ ഓമനകുട്ടികൾ എന്റെയടുത്ത് വന്ന് പറഞ്ഞു ഞങ്ങൾക്ക് 50 കമ്പ്യൂട്ടർ മാത്രമേയുള്ളൂ; ഞങ്ങൾ ഇന്ന് കോളേജിൽ പോയി, കമ്പ്യൂട്ടർ ഞങ്ങൾ സുരക്ഷിതമായി മുലയിൽ ഒളിപ്പിച്ച് വച്ചിരിക്കുകയാണ്, കോളേജ് ആക്രമിക്കാൻ എപ്പോഴാണ് വരുന്നത് എന്ന് ഞങ്ങൾക്കറിയില്ല എന്ന്. ഇവിടെ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ കോളേജ് ആക്രമിക്കുന്നു. ഇന്നലെയുണ്ടായ സംഭവം ഞാൻ ഓർമ്മിപ്പിക്കട്ടെ. അടൂരിലെ തിലക് സ്റ്റുഡിയോ എന്നു പറയുന്ന തിലകൻ നടത്തിക്കൊണ്ടിരിക്കുന്ന സ്റ്റുഡിയോയിൽ സി. പി. ഐ.-യുടെ ഏതോ ഒരു ഓഫീസിൽ നിന്ന് വിളിച്ച് പറയുന്നു, ഞങ്ങൾ ഒരു മണിക്ക് അക്രമിക്കാൻ വരും, അതിന്റെ വീഡിയോയെടുത്ത് ഞങ്ങൾക്ക് തരുമോയെന്ന്. തിലക് സ്റ്റുഡിയോയിൽ വിളിച്ചു പറഞ്ഞത് അവർ ഞങ്ങളെ ഓർമ്മിപ്പിക്കുകയാണ് ചെയ്തത്. പാവപ്പെട്ട കുട്ടികളോട് എന്ത് പറയും. അവർ ഒരു മാസത്തിനുശേഷം ക്യാമ്പസ്

LIBRARY ARCHIVES Kerala Legislative Assembly

ഇന്റർവ്യൂവിനു വേണ്ടി കാത്തിരിക്കുന്നു. ആ കോളേജ് തല്ലിപ്പൊളിക്കാൻ ശ്രമിക്കുന്നു, നിങ്ങൾ അവിടത്തെ കമ്പ്യൂട്ടർ തകർക്കാൻ ശ്രമിക്കുന്നു. നാളത്തെ ഭാവിയിൽ പറന്ന് ഉയരുന്നതിനുവേണ്ടി പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന പാവപ്പെട്ട കുട്ടികളെ തകർത്ത് തരിപ്പണമാക്കാൻ നിങ്ങൾ ശ്രമിക്കുന്നു. ഇത് അക്രമമല്ലേ? ഈ സമരത്തിൽ പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞില്ലേ? നിങ്ങൾക്ക് ജുഡീഷ്യൽ അന്വേഷണമെങ്കിൽ ജുഡീഷ്യൽ അന്വേഷണം നടത്താം. അതിന് ആരാണ് തടസ്സം? ഞങ്ങൾക്ക് ഒരു തടസ്സവുമില്ല. പക്ഷേ, നിങ്ങൾക്ക് ജുഡീഷ്യൽ അന്വേഷണമല്ല വേണ്ടത്. നിങ്ങൾക്ക് അക്രമം വേണം. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അപേക്ഷയുണ്ട്. കേരളത്തിൽ, രണ്ട് സംഭവങ്ങൾ കേരള മനസ്സാക്ഷിയെ ഞെട്ടിപ്പിച്ചിട്ടുണ്ട്. രജനിയ്ടെ ആത്മഹത്യ കേരളത്തിൽ മനസ്സാക്ഷിയുള്ള കേരള സമൂഹം ഒരിക്കലും ക്ഷമിക്കാത്ത രൂപത്തിൽ നമ്മുടെ മനസ്സിലുണ്ട്. എറണാകുളത്തുള്ള സൗമ്യ വിശ്വനാഥൻ അവിടെ ഡിഫൻസ് കോളനിയിലെത്തി ഏഴാം നിലയിൽ നിന്ന് എടുത്ത് ചാടിയില്ലേ? ആത്മഹത്യാക്കുറിപ്പ് പ്രതിപക്ഷനേതാവ് ഇവിടെ വായിക്കുമോ? അതിൽ പറയുന്നു, എസ്.എഫ്.ഐ. നേതാവ് ചഞ്ചു ബാലൻ എന്നു പറയുന്ന വിദ്യാർത്ഥി അപമാനിച്ചതുകൊണ്ട് ചെയ്തതാണെന്ന് രക്ഷകർത്താക്കൾക്ക് വേദനയില്ലേ? ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിങ്ങൾക്കും മകനില്ലേ? എനിക്ക് മകനുമുണ്ട്, മകളുമുണ്ട്. ശ്രീമതി ടീച്ചർ നിങ്ങൾക്ക് മകളില്ലേ? അപമാനിച്ചതുകൊണ്ട് അതിൽ വേദനിച്ച് ഏഴാം നിലയിൽ നിന്ന് എടുത്തുചാടിയ സൗമ്യ വിശ്വനാഥന്റെ മരണത്തെക്കുറിച്ച് ഗവണ്മെന്റ് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഈ രണ്ട് കാര്യങ്ങൾ ഒരുമിച്ച് വരണം. ഈ സമൂഹത്തിൽ രണ്ട് കാര്യങ്ങളാണ് വന്നിട്ടുള്ളത്. ഒന്ന് സൗമ്യ വിശ്വനാഥന്റെ പ്രശ്നം. അതോടൊപ്പം രജനിയുടെ സംഭവം. ഈ രണ്ട് സംഭവങ്ങളും പുറത്തുകൊണ്ടുവരണം. കള്ളക്കളി നടത്തുന്ന ആളുകൾ ആരാണെന്ന് ഈ സമൂഹം അറിയണം. നിങ്ങൾ ഈ വിഷയത്തെ മറ്റൊരു വിഷയമായി രൂപാന്തരപ്പെടുത്തുന്നത് കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർക്കുന്നതിനുവേണ്ടി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പാലക്കാട് പോലീസ് സ്റ്റേഷൻ ആക്രമിച്ചില്ലേ? തീ വച്ചില്ലേ? നിങ്ങളുടെ പാർട്ടിയിൽപ്പെട്ട കോഴിക്കോട് തോട്ടത്തിൽ രവീന്ദ്രൻ മേയർ ജീവനുംകൊണ്ടല്ലേ ഓടിയത്? അദ്ദേഹത്തിന്റെ കാർ കത്തിച്ചില്ലേ? എത്ര കാറുകൾ? എത്ര കോടി രൂപ അഗ്നിക്കിരയാക്കി? ഈ സമൂഹത്തിൽ എത്രയോ കോടി രൂപ നിങ്ങളുടെ രോഷാഗ്നികൊണ്ട് നഷ്ടമായി. ഇതിൽ ഏതെങ്കിലും തിരിച്ചുകിട്ടുമോ? പോലീസ് സ്റ്റേഷൻ ആക്രമിച്ചവർക്കെതിരെ നടപടിയെടുക്കണം. സെക്രട്ടേറിയറ്റ് അതിക്രമിച്ച് കയറിയവരുണ്ട്. അവരെ അറസ്റ്റ് ചെയ്യാൻ ചെന്ന പോലീസുകാരെ തടഞ്ഞ സർക്കാർ ഉദ്യോഗസ്ഥരുണ്ട്. അവർക്കെതിരെ നടപടിയെടുക്കണം. മന്ത്രി ശ്രീ. ശങ്കരനെ തല്ലിയില്ലേ? ശ്രീ. നാലകത്തു സൂപ്പിയെ തടഞ്ഞുനിർത്തിയില്ലേ? ശ്രീ. മുനീറിനെ തടഞ്ഞില്ലേ? ഇവരൊക്കെ എന്ത് ചെയ്തു? ശ്രീ. മുനീർ നിങ്ങളോട്

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ശ്രീ. ശങ്കരൻ നിങ്ങൾക്ക് എതിരെ എന്തെങ്കിലും ചെയ്തോ? ഇതിന്റെ മറ ഉപയോഗിച്ച് കേരളത്തിൽ സംഹാരതാണ്ഡവമാടുകയാണ്. അങ്ങനെ സംഹാരതാണ്ഡവമാടുന്ന രാക്ഷസന്മാർക്കെതിരെ ഗവണ്മെന്റ് നടപടിയെടുക്കണം. ജുഡീഷ്യൽ എൻക്വയറിയുടെ ടേംസ് ഓഫ് റഫറൻസിൽ ഈ അക്രമവും ഉൾക്കൊള്ളിച്ചുവേണം അന്വേഷണം നടത്താൻ. അക്രമകാരൃങ്ങൾ പുറത്തുവരട്ടെ! അവർ ആരാണെന്നുള്ളത് കാണട്ടെ! സമൂഹത്തിന് മുമ്പിൽ അവരുടെ പൊയ്മുഖം തുറന്നു കൊടുക്കുവാൻ ഈ ഗവണ്മെന്റ് തയ്യാറാകണം. തെറ്റുകൾക്കെതിരായി ഗവണ്മെന്റ് പ്രതികരിക്കണം. രജനിയുടെ മരണത്തിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. സൗമ്യയുടെ മരണത്തിൽ അതിനേക്കാൾ ദുഃഖമുണ്ട്. ഈ രണ്ട് കുട്ടികളേയും മരണത്തിനിടയായ സാഹചര്യത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തി സത്യസ്ഥിതി പുറത്തുകൊണ്ടുവരണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ബിനോയ് വിശ്വം</u>: സർ, ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ നടത്തിയ പ്രസംഗം സത്യത്തോടുകാണിച്ച ഏറ്റവും വലിയ ക്രൂരതയാണ്. പഠിക്കുവാൻ പണമില്ലാത്തതുകൊണ്ട് മരണം വരിക്കേണ്ടി വന്ന പാവപ്പെട്ട രജനിയോട്, ആ കുടുംബത്തോട്, സാമൂഹ്യനീതിയോട്, മാനുഷിക മൂല്യങ്ങളോട് കാണിക്കുന്ന കടുത്ത അവഗണനയും അവഹേളനവുമായിരുന്നു ആ പ്രസംഗം. വാസ്തവത്തിൽ സത്യത്തെ തലകീഴാക്കി കെട്ടിത്തൂക്കി വാചകം കൊണ്ട് കടന്നാക്രമിക്കുന്ന ഒരു തരംതാഴ്ന്ന രാഷ്ട്രീയ പ്രസംഗമായല്ലാതെ അതിനെ മറ്റൊന്നായി കാണാൻ കഴിയില്ല. അദ്ദേഹം ഒരു ഫോൺകാളിനെപ്പറ്റിപ്പറഞ്ഞു. അദ്ദേഹം ആദ്യം പറഞ്ഞു ആ വീട്ടിലെ ഫോണെന്ന്. പിന്നീട് പറഞ്ഞു അടുത്ത വീട്ടിലെ ഫോണെന്ന്. മണ്ണുകൊണ്ടുള്ള ഭിത്തിയുള്ളതും വെളിച്ചമില്ലാത്തതുമായ വീടാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആ വീട്ടിലെ ഫോണിനെക്കുറിച്ച് സത്യവിരുദ്ധമായി പറഞ്ഞു. ആ അസത്യം കമ്പിയില്ലാകമ്പിയായിട്ടാണ് ഇവിടെ അദ്ദേഹം കാഴ്ചവച്ചത്. ഇവിടെ പ്രശ്നം എന്താണ്? ഈ സർക്കാരിന്റെ സ്വാശ്രയ വിദ്യാഭ്യാസനയമാണ്. ആ വിദ്യാഭ്യാസ നയത്തിന് കോടികളും ലക്ഷങ്ങളും വിലപറയുന്നു. കച്ചവടച്ചന്തയായി വിദ്യാഭ്യാസ മേഖലയാകെ താറുമാറാക്കുകയാണ്. പ്രൊഫഷണൽ മേഖലയെ പണമുള്ള പ്രമാണിമാർക്കു വേണ്ടിമാത്രം സംവരണം ചെയ്യുന്ന നയത്തിന്റെ ഫലമായിട്ടാണ് രജനി ഇപ്പോൾ മരണം വരിക്കേണ്ടിവന്നത്. ഈ നാട്ടിൽ രജനിമാർക്ക് പഠിക്കുവാൻ അവകാശമില്ല. ഈ നയത്തിൽ പാവപ്പെട്ടവരുടെ മക്കൾക്ക് സ്കൂളുകളിൽ പഠിച്ച് ക്ലാസും ഡിസ്റ്റിംഗ്ഷനും വാങ്ങാം. പക്ഷേ പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ കിട്ടിയാൽ അവർക്ക് പഠിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. ഇവിടെ എൻ. എസ്. എസ്. ഹോസ്റ്റലിന്റെ കാര്യംപറഞ്ഞു. ആ ഹോസ്റ്റലിൽ ഫീസടയ്ക്കുവാൻ വഴിയില്ലാതെവന്നപ്പോഴാണ് ആ പാവപ്പെട്ട പെൺകുട്ടി 'ഞാൻ ഈ ലോകത്തോട് വിടപറയുന്നു' എന്ന വാചകം എഴുതിവച്ചുകൊണ്ട് ഏഴാം നില

10.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യിൽനിന്ന് താഴേക്ക് ചാടിമരിച്ചത്. ശരിക്കുപറഞ്ഞാൽ കേരളത്തിലെ എല്ലാപേരുടെയും കണ്ണ് തുറപ്പിക്കുന്ന ഒരു വലിയ ദുരന്തത്തിനുമുൻപിൽ ഇത്രയും മൃഗീയമായ രാഷ്ട്രീയ പ്രചാരണവേലയ്ക്കുവേണ്ടി കള്ളക്കഥകളും നുണയും നിറയുന്ന ഇതിനെ വിളിക്കേണ്ടത് ഏറ്റവും നെറികെട്ട അന്ധമായ രാഷ്ട്രീയമെന്നാണ്. ഇതിന് കേരളം എന്തായാലും മാപ്പുകൊടുക്കുവാൻ പോകുന്നില്ല. ശ്രീ. എ. കെ. ബാലൻ കഴിഞ്ഞ ദിവസം ഈ രംഗത്തെ പ്രശ്നങ്ങളെ സംബന്ധിച്ച് ശ്രദ്ധക്ഷണിക്കലിലൂടെ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. പാവപ്പെട്ട എസ്.സി./എസ്.ടി. കുട്ടികൾക്ക് കിട്ടേണ്ട ലംപ്സംഗ്രാന്റുപോലുള്ള ആനുകൂല്യങ്ങൾ കിട്ടാത്തതിനെക്കുറിച്ച് പറയുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ഡി. ടി. ഒ.-യുടെ ഉത്തരവിന്റെ കോപ്പിയുണ്ട്. 2003-04 വർഷത്തിൽ ഈ സ്കീം നടപ്പിലാക്കുവാനുള്ള ഫണ്ട് അനുവദിച്ചുനൽകിയില്ല. അതിനാൽ ഈ സ്കീം 2003-04 വർഷത്തിൽ നടപ്പാക്കില്ല. ഇത്തരം സ്കീമുകൾ പോസ്റ്റ് മെട്രിക് സ്റ്റഡീസിന് അനുവദിക്കുവാൻ സാധ്യമല്ല. എസ്.സി./എസ്.റ്റി. ഡിപ്പാർട്ടുമെന്റിൽനിന്ന് 12-3-2004-ലെ 973/ബി3/03/എസ്.സി./എസ്.ടി.ഡി. നമ്പർ കത്ത് പ്രകാരം അക്കാര്യം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ഇതാണ് ആ കത്തിന്റെ പകർപ്പ്. (കത്തിന്റെ പകർപ്പ് ഉയർത്തിക്കാട്ടി) ആർക്കുവേണമെങ്കിലും വായിക്കാം. 2003-04 വർഷത്തിൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് പ്രൊഫഷണൽ കോഴ്സുകൾക്ക് പണം കൊടുക്കുവാനുള്ള ഫണ്ട് ഇല്ലാത്ത കാര്യം പറയുന്നത് വകുപ്പുതലവന് മുമ്പിലാണ്. സാമൂഹ്യനീതിയെക്കുറിച്ച് യാതൊരു പ്രമാണവും ഒരു മാനദണ്ഡവും പാലിക്കുവാൻ ഈ ഗവൺമെന്റിന് മനസ്സില്ല. പഠിക്കാനുള്ള അവകാശം ആർക്കാണ്? കുട്ടികൾക്കാണ്. അല്ലാതെ മടിശ്ശീലയുടെ ഭാരംനോക്കുന്ന ഈ ഏർപ്പാട് ശരിയല്ല. കേരളം മുഴുവൻ ഏറ്റവും ഭീകരമായ മർദ്ദനമാണ്. ഞാൻ മ്യൂസിയം പോലീസ് സ്റ്റേഷനിൽ എസ്.എഫ്.ഐ.-യുടേയും ഡി.വൈ.എഫ്.ഐ.-യുടേയും പ്രവർത്തകരെ കാണാൻപോയി. ഞാൻ ചെന്നപ്പോൾ ആദ്യം കണ്ടത് കെ.എസ്.യു. പ്രവർത്തകൻ വിഷ്ണുവിനെയാണ്. വിഷ്ണു പറഞ്ഞത്, കൈകെട്ടിയിരിക്കുവാൻ നിവൃത്തിയില്ല, ഞങ്ങൾക്ക് സഹിക്കുവാൻ കഴിയുന്നില്ല. അതുകൊണ്ട് ഞങ്ങൾ സമരരംഗത്താണെന്നാണ്. ഐ.ഒ.ബി.-യുടെ ഓഫീസിന് സമീപത്തുനിന്നാണ് കെ.എസ്.യു., യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പോലീസ് പിടിച്ചത്. ഞാൻ കണ്ടതാണ്. യൂത്ത് കോൺഗ്രസ് പ്രസിഡന്റ് അനിൽകുമാറിന്റെ പ്രസ്താവന ഞാൻ വായിച്ചു; ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു തെറ്റാണെന്ന്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന, ലീഗ് നേതാവായിരുന്ന, യു. ഡി. എഫ്. നേതാവായ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ സർക്കാരിന്റെ ഈ നയം, സ്വാശ്രയ കോളേജുകൾ വാരിക്കോരി കൊടുക്കുന്ന നയം തെറ്റാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതിനെ ഭരണത്തലവന്മാരടക്കം സാമാന്യബോധമുള്ള, നീതിബോധമുള്ളവർ എല്ലാപേരും തള്ളിപ്പറയുന്നു; നയത്തിന്റെ ബിന്ദുവിലാടുന്ന ഗവൺമെന്റിനോട് ആര് എന്ത് ചോദിച്ചാലും തല്ലി ഒതുക്കുന്നതിനുവേണ്ടി പേപിടിച്ചതുപോലെ രംഗത്തുവന്നിരിക്കുകയാണ്. കേരളം മുഴുവൻ വിദ്യാർത്ഥികളെ, ചെറുപ്പ

ക്കാരെ, രാഷ്ട്രീയ പ്രവർത്തകരെ, പാർട്ടി ഓഫീസുകളെ ഒക്കെ ആക്രമിക്കുന്ന ഒരു കാപാലിക നാടകമായി മാറുന്നത് എവിടെയെത്തും? എ.ഐ.എസ്.എഫ്.-ന്റേയും എ.ഐ.വൈ.എഫിന്റേയും നേതാക്കന്മാരായ ബിജുലാൽ, മനോജ്, ഷാനവാസ് ഇവരൊക്കെ ജയിലിലാണ്. കൂട്ടത്തിൽ കവിതാ സന്തോഷ് എന്ന ഒരു പെൺകുട്ടിയുമുണ്ട്. ഈ മർദ്ദനവാഴ്ചയ്ക്ക് അന്ത്യംകുറിച്ചേ മതിയാകൂ. നീതിക്കുവേണ്ടി ശബ്ദമുയർത്തിയാൽ അവരെ തല്ലിയൊതുക്കുന്ന, ചോരക്കളമാക്കുന്ന നടപടി അവസാനിപ്പിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വളരെ നിർഭാഗ്യകരമായ ഒരു സംഭവത്തെ രാഷ്ട്രീയ താൽപര്യങ്ങൾക്ക് ഏതുവിധത്തിൽ പ്രയോജനപ്പെടുത്താമെന്നതിന്റെ ഉദാഹരണമാണ് കഴിഞ്ഞ രണ്ട് ദിവസമായി കേരളത്തിൽ കാണുന്നത്. രജനിയുടെ ആത്മഹത്യയെക്കുറിച്ച് പ്രതിപക്ഷം ഈ സഭയിൽ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചശേഷവും പ്രതിപക്ഷ കക്ഷികൾ കഴിഞ്ഞ രണ്ട് ദിവസമായി കേരളത്തിൽ കാണിച്ച അരാജകത്വവും അഴിഞ്ഞാട്ടവും അക്രമവും ഒരുകാലത്തും ഒരു ജനാധിപത്യ രാജ്യത്തും വച്ചുപൊറുപ്പിക്കുവാൻ പാടില്ലാത്തതാണ്. ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ് ഇവയെന്ന് പറയാതിരിക്കുവാൻ നിർവ്വാഹമില്ല. രജനിയുടെ മരണം ഒരു നിമിത്തം മാത്രമാണ്. ഈ അക്രമം വാസ്തവത്തിൽ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ കക്ഷികൾക്കുണ്ടായ വിജയത്തിന്റെ അഹങ്കാരംകൊണ്ടാണെങ്കിൽ അവരോട് എനിക്ക് ഒരുകാര്യം പറയാനുള്ളത് അധികം താമസിയാതെ ജനങ്ങൾ നിങ്ങളെ പാഠം പഠിപ്പിക്കുന്ന സംഭവങ്ങളായിരിക്കും കേരളത്തിൽ ഇനി ഉണ്ടാകുവാൻ പോകുന്നത് എന്നാണ്. ഒരു പാവപ്പെട്ട വിദ്യാർത്ഥിനിയെ ഉദാഹരണമായി ഉയർത്തിപ്പിടിച്ചുകൊണ്ട് അനേകം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം തകർക്കുന്ന നടപടി കുറച്ചു ദിവസമായി ഇവർ നടത്തിക്കൊണ്ടിരിക്കുകയാണ്. കോളേജുകളിലും സ്കൂളുകളിലും പോകാൻ ആഗ്രഹിക്കുന്ന എത്രയോ പാവപ്പെട്ട വിദ്യാർത്ഥികളുടെ ഭാവി തകർക്കുന്ന നടപടിയാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു നിയമവും ജനാധിപത്യ മര്യാദയും അംഗീകരിക്കാത്ത സംഗതിയാണ് ഇവിടെ നടക്കുന്നത്. ഒരു കാര്യം എനിക്കു പറയാനുള്ളത്, ജുഡീഷ്യൽ അന്വേഷണത്തിൽ ഇവർ പറയുന്നത് തെറ്റാണെന്ന് തെളിയുകയാണെങ്കിൽ, എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ., തുടങ്ങിയ സംഘടനകളിൽ നിന്ന് കേരളത്തിലുണ്ടായിട്ടുള്ള നഷ്ടം മുഴുവൻ തിരിച്ചുവാങ്ങാൻ നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണ് എന്നാണ്. ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജ് സ്ഥാപിച്ചതുതന്നെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്താണ്. സ്വാശ്രയ കോളേജിൽ 12,500 രൂപയായിരുന്ന ഫീസ് 35,000 രൂപയായി ഒറ്റയടിക്ക് ഉയർത്തിയത് ഇവരാണ്. കേരളത്തിൽ രജനിയുടെ വിഷയം മാത്രമല്ല, ഇതിനിടയിലുണ്ടായിട്ടുള്ള എല്ലാ വിഷയങ്ങളിലും ഓരോ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ ഈ ദിവസം വരെ ശക്തമായ അക്രമങ്ങൾ കേരളത്തിന്റെ പല ഭാഗത്തും പല കാരണങ്ങൾ പറഞ്ഞ് ഇവർ നടത്തിയിട്ടുണ്ട്. കേരളത്തിലെ മൂന്നുകോടിപതിനെട്ടു ലക്ഷത്തോളം വരുന്ന ജനങ്ങൾക്കെതിരായ നിലപാടാണ് ഇവർ സ്വീകരിക്കുന്നത്. എതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റു ചെയ്യപ്പെട്ട ആളുകളെ പോലീസ് സ്റ്റേഷൻ കയ്യേറി ആക്രമിച്ച് വിടുവിച്ചു കൊണ്ടുപോകുന്നത്? ഇതൊക്കെ ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ്? ഇത് മാർക്സിസവുമല്ല, ലെനിനിസവുമല്ല. ഇത് ജനാധിപത്യ രാഷ്ട്രീയ കക്ഷിക്ക് ചേർന്ന നടപടിയുമല്ല. ഇത് ഫാസിസമാണ്. ജനങ്ങളെ മുഴുവൻ ഭീഷണിപ്പെടുത്തി, പേടിപ്പിച്ച് സ്വന്തം വീടുകളിൽ വാതിലടച്ച് കഴിയേണ്ട ഒരു സ്ഥിതിവിശേഷത്തിൽ കേരളത്തിലെ പാവപ്പെട്ട ആളുകളെയാക്കിയത് ഇവരാണ്. ഇതിൽ രജനിയുടെ പേരിൽ പറയുന്നതിലൊന്നും യാതൊരു ന്യായീകരണവുമില്ല.

'രണ്ടുനാലുദിനംകൊണ്ടൊരുത്തനെ

തണ്ടിലേറ്റിനടത്തുന്നതുംഭവാൻ

മാളികമുകളേറിയ മന്നന്റെ

തോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ' എന്നു പറഞ്ഞതു മാതിരി ഒട്ടും താമസിയാതെ ഇടതുപക്ഷജനാധിപത്യ കക്ഷികൾക്ക്, പ്രതിപക്ഷ കക്ഷികൾക്ക് ജനങ്ങൾ ശക്തമായ തിരിച്ചടി നല്കും. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 100 സീറ്റ് ഐക്യജനാധിപത്യ മുന്നണിക്ക് തന്നിട്ട് മൂന്നു വർഷം തികയുന്നതിനു മുമ്പ് അത് മുഴുവൻ തിരിച്ചെടുത്ത ജനങ്ങളാണ് ഇവിടെയുള്ളത്. ആ ജനങ്ങൾക്ക് എതിരായിട്ടുള്ള സമരമാണ്, അക്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു കാരണവശാലും ഇത് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ളതാണെന്നു പറയാൻ യാതൊരു ന്യായീകരണവുമില്ല. ഇവർ ഇങ്ങനെ ചെയ്യുന്നതിൽ നമുക്ക് വിരോധമില്ല. പക്ഷേ വിളക്കുകെടുത്തുന്നു എന്നുള്ളതാണ്. ഈയാംപാറ്റകളെപ്പോലെ അക്രമത്തിന്റെ മാർഗ്ഗം സ്വീകരിച്ച്, കത്തിക്കൊണ്ടിരിക്കുന്ന വിളക്കിൽ സ്വയം കരിഞ്ഞ് പാറ്റകൾ നശിക്കുന്നു എന്നുള്ളതല്ല പ്രശ്നം. വിളക്കു കെടുത്തുന്നു എന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള പ്രശ്നം; ആ രീതിയാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. മന്ത്രിമാരെ വഴിതടഞ്ഞു എന്നു മാത്രമല്ല, കോഴിക്കോട് മേയർ തോട്ടത്തിൽ രവീന്ദ്രന്റെ കാർ കത്തിച്ചു. എത്ര കാറാണ് നിങ്ങൾ കത്തിച്ചത്? ഈ കാറുകളൊക്കെ മുസ്ലീം ലീഗിന്റേതാണോ? ഈ കാറുകളൊക്കെ കോൺഗ്രസ്സുകാരന്റേതാണോ? അതോ യു.ഡി.എഫ്.-കാരന്റേതാണോ? ഇതൊക്കെ ജനങ്ങളുടെ സമ്പത്താണ്. ജനങ്ങളുടെ സമ്പത്ത് നശിപ്പിക്കുകയാണ്, പൊതുമുതൽ നശിപ്പിക്കുകയാണ്; എല്ലാം കത്തിച്ചുകളയുകയാണ്. അക്രമം നടത്തി ആളുകളെ മുഴുവൻ പേടിപ്പിച്ചു നിർത്തുകയാണ്. ഇങ്ങനെയുള്ള അക്രമത്തിലൂടെ ഈ ഗവൺമെന്റിനെ

LIBRARY ARCHIVES Kerala Legislative Assembly

താഴെയിറക്കാമെന്ന് വ്യാമോഹിച്ചിട്ടാണെങ്കിൽ ഒരു കാര്യം ഞാൻ പറയാം, ഈ അക്രമങ്ങളെത്തുടർന്ന് ഈ ഗവൺമെന്റ് ഭീരുവായിരിക്കുമെന്ന് നിങ്ങൾ കരുതേണ്ട, വളരെ ശക്തമായി ജനങ്ങളോട് നീതിപുലർത്താനുള്ള ബാധ്യത കേരളാ ഗവൺമെന്റിനുണ്ട്. ക്രമസമാധാനം സംരക്ഷിക്കാനുള്ള ബാധ്യത ഈ ഗവൺമെന്റിനുണ്ട്. ജനങ്ങളോടൊപ്പം നിന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. അത് ഈ ഗവൺമെന്റ് നിരുപാധികം നിറവേറ്റുക തന്നെ ചെയ്യും. ഇതിന്റെ ഫലമായി ഇവിടെ ആരും ഭയപ്പെടാൻ പോകുന്നില്ല; ഗവൺമെന്റ് താഴെയിറങ്ങാൻ പോകുന്നില്ല. ജനങ്ങളുടെ വിധിയനുസരിച്ച് അഞ്ച് വർഷം ഈ ഗവൺമെന്റ് ഭരിക്കും. അതിനിടയിൽത്തന്നെ ഈ ഗവൺമെന്റിനെ താഴെയിറക്കാനുള്ള വ്യാമോഹം മാത്രമല്ല നിങ്ങൾക്കുള്ളത്, മറ്റൊരു കാര്യം സ്വാശ്രയ ബിൽ കൊണ്ടു വന്നപ്പോൾ അതിനെ തകർക്കാനുള്ള ഗൂഢാലോചനയും കൂടിയാണിത്. ഇത് ആസൂത്രിതമാണ്. ഗൂഢാലോചനയാണ് ഇതിന്റെ പിന്നിലുള്ളത്. സ്വാശ്രയ ബില്ലിനെ അട്ടിമറിക്കാനാണ് ഇതിന്റെ പേരിൽ ശ്രീ. നാലകത്ത് സൂപ്പിയും ഡോ. എം. എ. കുട്ടപ്പനും രാജിവയ്ക്കണമെന്നാണ് പറയുന്നത്; ഒരു സൂപ്പിയും ഒരു കുട്ടപ്പനും ഒരാളും ഇവിടെ രാജി വയ്ക്കാൻ പോകുന്നില്ല. അതൊന്നും ഇതിന്റെ പേരിൽ ആവശ്യപ്പെടാൻ നിങ്ങൾക്ക് ധാർമ്മികമായ യാതൊരു അവകാശവുമില്ല. വാസ്തവത്തിൽ പ്രതിപക്ഷനേതാവാണ്, രാജിവെക്കേണ്ടത്. ജനങ്ങൾക്കെതിരായി ഇത്രയധികം അക്രമങ്ങൾ, കലാപങ്ങൾ എന്തൊക്കെയാണ് കഴിഞ്ഞ കുറച്ചു കാലത്തിനുള്ളിൽ നടത്തിയത്? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ സൗമ്യ വിശ്വനാഥൻ എന്ന ഒരു വിദ്യാർത്ഥിനിയുടെ ആത്മഹത്യയെക്കുറിച്ച് പറയുകയുണ്ടായി. അതും വാസ്തവത്തിൽ ജുഡീഷ്യൽ അന്വേഷണത്തിന് വിധേയമാക്കേണ്ട വിഷയമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് രജനി ഈ കുട്ടിക്ക് അർഹത പ്പെട്ടതെല്ലാം കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ഈ കുട്ടി താമസിച്ചിരുന്നത് ഒരു സ്വകാര്യ ഹോസ്റ്റലിലാണ്; എൻ.എസ്.എസ്. ഹോസ്റ്റലിലാണ്. നിയമാനുസൃതം പാവപ്പെട്ട വിദ്യർത്ഥികൾക്ക് എന്തൊക്കെ ലഭ്യമാകുമോ അതെല്ലാം ഈ കുട്ടിക്കും ലഭ്യമായിട്ടുണ്ട്. വേറെ നിയമങ്ങളില്ല. വേറെ നിയമങ്ങൾ ഉണ്ടാക്കണം. ഇവിടെ നിയമസഭാസാമാജികന്മാർ ഇരിക്കുകയാണ്. പാവപ്പെട്ട വിദ്യാർത്ഥികളുടെ, അവർ എവിടെ താമസിച്ചാലും അവരുടെ ഹോസ്റ്റൽ ചെലവുകൾ വഹിക്കേണ്ടത് ഗവൺമെന്റാണെങ്കിൽ അതിനൊരു നിയമമുണ്ടാക്കാം. വേറെ കുഴപ്പമില്ല. പക്ഷേ നിലവിൽ ഒരു നിയമമില്ല. അതിനൊരു നിയമമുണ്ടാക്കണം. അതിനു വിരോധമില്ല. പോലീസിനെതിരായി, പോലീസിന്റെ പേരു പറഞ്ഞ് ഇത്രയധികം അക്രമങ്ങൾ നടത്തിയ ഇവർ കാണിക്കുന്നത് ഒരു മാർക്സിസവും അല്ല, ലെനിനിസവുമല്ല. ഇതൊന്നും ഒരു ജനാധിപത്യ പാർട്ടിക്കു ചേർന്ന കാര്യമല്ല. ഇതൊന്നും ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. കേരളത്തിലെ ജനങ്ങളെ ഭീഷണിപ്പെടുത്തി, ഭയപ്പെടുത്തി എന്തും നേടാമെന്നു പറയുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരർത്ഥവുമില്ല. ഇതുപോലുള്ള ഗുണ്ടാവിളയാട്ടങ്ങൾകൊണ്ട് കേരളത്തിലെ ജനങ്ങളെ കഷ്ടപ്പെടുത്തുന്ന ഒരു സാഹചര്യം ഉണ്ടാക്കിയ പ്രതിപക്ഷ കക്ഷികളാണ് വാസ്തവത്തിൽ ഇതിന് നഷ്ടപരിഹാരം തരേണ്ടത്. ബോംബേയിൽ നടന്ന ഒരു അക്രമത്തിൽ 20 ലക്ഷം രൂപ ശിവസേന ഗവൺമെന്റിന് കൊടുക്കണമെന്ന് കോടതി വിധിയുണ്ടായിട്ടുണ്ട്. അതുപോലെ ഈ ഗവൺമെന്റ് വന്നശേഷം പ്രതിപക്ഷം നടത്തിയ അക്രമത്തിൽ എത്ര നഷ്ടം കേരളത്തിലെ ജനങ്ങൾക്കുണ്ടായി, എത്ര പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം തകരാറിലായി എന്നുള്ളത് പരിശോധിക്കണം. സ്വാശ്രയ കോളേജുകൾ കൊണ്ടുവരാനുള്ള തീരുമാനമെടുത്തത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റാണോ?

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, മൃതദേഹങ്ങളുടെ ചുറ്റുപാടും കഴുകനെപ്പോലെ രാഷ്ട്രീയമുതലെടുപ്പിനുവേണ്ടി സി.പി.ഐ.(എം.) വട്ടമിട്ടു പറക്കാറുണ്ടെങ്കിൽ, കേരളത്തിൽ രണ്ട് ദിവസമായി നടന്ന അക്രമത്തിന്റെ പിന്നിൽ കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർക്കാനുള്ള കർണ്ണാടക ലോബിയുടെ സ്വാധീനം കൂടിയുണ്ടെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, അതു വളരെ ശരിയാണ്. ഒരു കർണ്ണാടക ലോബി മാത്രമല്ല, സകല ഗൂഢാലോചനകളും അമേരിക്കൻ ലോബിയും സി.ഐ.എ.-യുമെല്ലാം ഇവരുടെ കൂടെത്തന്നെ. ഏതു മുതലാളിത്ത ലോബിയുടെയും ജനാധിപത്യപരമായി, സമാധാനപരമായി ജീവിക്കാനുള്ള മനുഷ്യരുടെ അവകാശം നിഷേധിക്കുന്ന എല്ലാപേരുടേയും പിൻതുണ ഇവർക്കാണ്. കേരളത്തിലെ എല്ലാ ദിനപ്പത്രങ്ങളും മാധ്യമങ്ങളും ഇന്ന് മുഖപ്രസംഗം എഴുതിയിട്ടുണ്ട്. അവരാരും ഇതിനെ അംഗീകരിക്കുന്നില്ല. എല്ലാവരും ഈ അക്രമങ്ങളെ അപലപിച്ചിരിക്കുകയാണ്. ഇങ്ങനെ അപലപിക്കുന്ന രീതിയിൽ ഒരു സാഹചര്യം ഉണ്ടാക്കിയത് വാസ്തവത്തിൽ ഇവരാണ്. താത്ത്വികമായ ഒരടിത്തറയോ ആദർശമോ ആശയമോ ഇതിന്റെ പിന്നിലില്ല. ഇടതുപക്ഷജനാധിപത്യ മുന്നണി മുമ്പ് നടപ്പിലാക്കിയ സ്വാശ്രയ കോളേജ് കൊണ്ടുവരുന്നതിന്, മുമ്പുണ്ടായിരുന്നവരുടെ നിലപാടുകളിൽ വ്യത്യാസം വരുത്തി സ്വാശ്രയ മേഖലയിൽ കോളേജുകൾ കൊണ്ടുവരുന്നതിനെ അനുകൂലിക്കുന്ന നിലപാടാണ് അവർ അടുത്ത കാലംവരെ സ്വീകരിച്ചിരിക്കുന്നത്. ആ നിലപാടുകളെ വിസ്മരിച്ചുകൊണ്ടാണ് ഇപ്പോൾ ഇവർ സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തുന്നത്. ഇത് പ്രക്ഷോഭമല്ല, ഇതൊരു സമരവുമല്ല. ഇങ്ങനെയാണോ സമാധാനപരമായി സമരം നടത്തുന്നത്? ഇന്ന് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് അടഞ്ഞുകിടക്കുന്നത്? ഈ ഗവൺമെന്റിന്റെ പുതിയ നയംകൊണ്ടല്ലേ കേരളത്തിൽ എത്രയോ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ കിട്ടുന്ന സാഹചര്യം കുട്ടികൾക്കുണ്ടായത്? പാവപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളെ ഇത്രയധികം സഹായിച്ച ഒരു ഗവൺമെന്റ് വേറെ ഏതുണ്ട്? ഇങ്ങനെ സഹായിച്ച ഒരു ഗവൺമെന്റ് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. എത്ര ആളുകൾക്ക് പുതുതായി സീറ്റ് ലഭിച്ചു; എത്ര ആളുകൾക്ക് പുതുതായി പഠിക്കാൻ അവസരം ലഭിച്ചു;

ശ്രീ. സി. മമ്മൂട്ടി: സർ, രജനിയുടെ കുടുംബം ഇടതുപക്ഷ വിഭാഗത്തിന്റെ ആളായിട്ടുപോലും കേരളത്തിലെ പല കോളേജുകളിലും എസ്.എഫ്.ഐ. സഹായനിധി രൂപീകരിച്ചിട്ടും ആ ഗ്രാമ പഞ്ചായത്തോ ഇടതുപക്ഷത്തിന്റെ ആളുകളോ ഇവരുടെ സഹായത്തിനുവേണ്ടി ഒന്നും ചെയ്തിട്ടില്ല എന്നത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതു മറ്റൊരു കാര്യം. ഇതെല്ലാം ഗവൺമെന്റു തന്നെ ചെയ്യേണ്ടതാണെന്ന നിലപാടെടുക്കുമ്പോൾ ചില വിദ്യാർത്ഥി സംഘടനകൾക്കുള്ള ഉത്തരവാദിത്വം വിസ്മരിക്കുന്നു എന്നുള്ളത് വേറൊരു കാര്യമാണ്. എന്തായാലും ജുഡീഷ്യൽ അന്വേഷണത്തിൽ ഇവരുടെ നിലപാട് തെറ്റാണെന്നു തെളിയുകയാണെങ്കിൽ കേരളത്തിൽ അക്രമം കൊണ്ടുണ്ടായിട്ടുള്ള സർവ്വനാശങ്ങളുടേയും നഷ്ടപരിഹാരം പ്രതിപക്ഷകക്ഷികളിൽ നിന്ന് ഈടാക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് വിനീതമായി അപേക്ഷിച്ചുകൊണ്ട് ഈ അക്രമം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, പ്രതിഷേധിക്കാനും സമരം ചെയ്യാനുമുള്ള അവകാശം എല്ലാവർക്കുമുണ്ട്. പക്ഷേ കഴിഞ്ഞ രണ്ടു ദിവസമായി ഇവിടെ നടന്നത് പ്രതിഷേധ സമരമാണോ? 24-ാം തീയതിയിലെ മലയാള മനോരമയിൽ തിരുവനന്തപുരത്ത് അക്രമം, തീ വയ്പ്, 25-ാം തീയതി ഞായറാഴ്ചയിലെ ദീപികയിൽ 'പരക്കേ അക്രമം', 'തീ വയ്പ്'; 24-ാം തീയതിയിലെ മംഗളത്തിൽ 'വിദ്യാർത്ഥി രോഷം അണപൊട്ടി, പരക്കേ അക്രമം'; 25-ാം തീയതിയിലെ മാധ്യമത്തിൽ "പരക്കേ അക്രമം-തീ വെയ്പ്"; 24-ാം തീയതിയിലെ കേരള കൗമുദിയിൽ "വ്യാപകമായ അക്രമം- എസ്.എഫ്.ഐ. മാർച്ച് കൊച്ചിയിലും പാലക്കാടും ഒറ്റപ്പാലത്തും അക്രമാസക്തം" എന്നിങ്ങനെ വാർത്തകളുണ്ട്. ഇതാണോ വിദ്യാർത്ഥി സമരം? ഇതാണോ പ്രതിഷേധ സമരം? ഇത് യഥാർത്ഥത്തിൽ അക്രമ വിളയാട്ടമാണ്. പ്രതിപക്ഷ ഉപനേതാവടക്കം പ്രതിപക്ഷാംഗങ്ങൾ കഴിഞ്ഞ കുറേ ദിവസങ്ങളായി മറ്റു വിഷയങ്ങളിൽ ഇവിടെ അടിയന്തിര പ്രമേയം അവതരിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തുനടന്ന അക്രമവിളയാട്ടങ്ങളെക്കുറിച്ച്, കൊലപാതകങ്ങളെക്കുറിച്ച് അതേ അർത്ഥത്തിൽ, അതേ വ്യാപ്തിയിൽ, അതേ നിലയിലുള്ള അക്രമവിളയാട്ടമാണ് ഇവിടെ നടന്നുകൊണ്ടിരുന്നത്. ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് വിശ്വസിക്കണ്ട, ഇവിടെ പ്രസംഗിച്ച ശ്രീ. ബിനോയ് വിശ്വവും ശ്രീ. കെ. പി. രാജേന്ദ്രനും മറുപടി പറയണം, 24-ാം തീയതിയിലെ വാർത്തയാണ്, എ.ഐ.എസ്.എഫ്. പ്രവർത്തകരെ വ്യാപകമായി എസ്.എഫ്.ഐ. ആക്രമിക്കുന്ന സാഹചര്യത്തിൽ എസ്.എഫ്.ഐ.-യുമായുള്ള സഖ്യത്തെക്കുറിച്ച് പുനരാലോചന നടത്തുമെന്ന് എ.ഐ.എസ്.എഫ്. സംസ്ഥാന പ്രസിഡന്റ് ശ്രീ. ലിജു ജമാൽ അറിയിച്ചു. ഇതിനായി 26-ന് തിരുവനന്തപുരത്ത് സംസ്ഥാന തലത്തിൽ യോഗം ചേരാൻ പോകുന്നു. ശ്രീ. കെ. പി. രാജേന്ദ്രനോ ശ്രീ. ബിനോയ് വിശ്വമോ ആ യോഗത്തിൽ പങ്കെടുക്കുന്നുണ്ടോ എന്നു പറയണം. എസ്.എഫ്.ഐ. ആക്രമണത്തെ ശക്തമായി നേരിടുമെന്ന് എ.ഐ.എസ്.എഫ്. സംസ്ഥാന പ്രസിഡന്റ് ലിജു പറഞ്ഞു. എ.ഐ.എസ്.എഫ്. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും ആലപ്പുഴ ജില്ലാ സെക്രട്ടറിയുമായ പി.എസ്.എം. ഹുസൈനെ എസ്.എഫ്. ഐ.-ക്കാർ വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച വ്യാഴാഴ്ച രാത്രിയുണ്ടായ സംഭവത്തെക്കുറിച്ചാണ് എ.ഐ.എസ്.എഫ്.-ന്റെ സംസ്ഥാന പ്രസിഡന്റ് ഈ കാര്യം പറഞ്ഞിരിക്കുന്നത്. ഇവിടെ പ്രസംഗിച്ച ശ്രീ. ബിനോയ് വിശ്വവും ആലപ്പുഴയിൽ.....

ശ്രീ. കെ. സി. വേണുഗോപാൽ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതു പോലെ ആലപ്പുഴയിലെ സി.പി.ഐ. ജില്ലാ കമ്മിറ്റി ഓഫീസിലെ എ.ഐ.എസ്.എഫ്. പ്രവർത്തകർക്കുനേരെ ആക്രമണം വന്നു, മാരാരിക്കുളത്തെ സി. പി. ഐ. ഓഫീസും സി.പി.ഐ.(എം.) ഓഫീസും കത്തിച്ചിരിക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അതുതന്നെയാണ് ഞാൻ പറഞ്ഞുവരുന്നത്. ഇതിനെക്കുറിച്ച് ശ്രീ. ബിനോയ് വിശ്വവും ശ്രീ. കെ. പി. രാജേന്ദ്രനും എന്തുപറയുന്നു എന്നറിയാൻ ഞങ്ങൾക്ക് താല്പര്യമുണ്ട്. നാടുനീളെ അക്രമം നടത്തി, ജനങ്ങളുടെ സൈരജീവിതം അപകടപ്പെടുത്തി. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജയിച്ചു എന്ന പേരിലുള്ള അഹങ്കാരമല്ലേ? ജനങ്ങളോടുള്ള വെല്ലുവിളിയല്ലേ? ഇത് വിദ്യാർത്ഥികളാണെന്നു പറഞ്ഞ് ഒഴിഞ്ഞുപോകാൻ കഴിയില്ലെന്ന് മുഖ്യമന്ത്രിയോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രക്ഷോഭത്തിനുവേണ്ടി ഇടതുമുന്നണിയിലെ ഘടകകക്ഷികളുടെ സംയുക്തയോഗം വിളിക്കാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പാലൊളി മുഹമ്മദ് കുട്ടി announce ചെയ്തതാണ് ഇടതുമുന്നണിയുടെ തീരുമാനം. വിദ്യാർത്ഥി സംഘടനകളുടെ സംയുക്ത യോഗം വിളിച്ചുകൂട്ടി നാട് കത്തിക്കാൻ ആഹ്വാനം ചെയ്തത് ഇവിടെയിരിക്കുന്ന പ്രതിപക്ഷനേതാവടക്കമുള്ള നേതാക്കന്മാരാണെന്ന ഗുരുതരമായ ആക്ഷേപം ഉന്നയിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. ഇത് വിദ്യാർത്ഥികൾ, ഒറ്റപ്പെട്ട കുട്ടികൾ ചെയ്തതാണെന്നുപറഞ്ഞ് കയ്യൊഴിയാൻ കഴിയില്ല. ഈ അക്രമത്തിന്റെ ഉത്തരവാദിത്വം നിങ്ങൾക്കുള്ളതാണ്, നിങ്ങളാണ് നാട് കത്തിക്കാൻ ആഹ്വാനം കൊടുത്തതെന്നു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് പത്രങ്ങൾ പറഞ്ഞിരിക്കുന്നത്? ഇന്നത്തെ മലയാള മനോരമ, ഇന്നത്തെ മാതൃഭൂമി, ഇന്നത്തെ മംഗളം, ഇന്നലത്തെ ദീപിക അടക്കമുള്ള എല്ലാ പത്രങ്ങളും ഈ സംഭവത്തിനെതിരായി എഡിറ്റോറിയൽ എഴുതിയിരിക്കുന്നു. ഇത് ആരെ സഹായിക്കാൻ വേണ്ടിയാണ് എന്ന് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ആളുകൾ പറയണം? ഇവിടെ രജനി സംഭവമാണ് ഈ പ്രക്ഷോഭത്തിന് ആധാരമായി പറയുന്നത്. ഇവരുടെ ഡിമാൻഡ് എന്താണ്? ജുഡീഷ്യൽ അന്വേഷണം മുഖ്യമന്ത്രി പ്രഖ്യാപിച്ചു, അതായിരുന്നില്ലേ ഡിമാൻഡ്? ഒരുകാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എറണാകുളം ലാ കോളേജിലെ സൗമ്യാ വിശ്വനാഥൻ എന്ന പെൺകുട്ടി ജൂണിൽ ഏഴാം നിലയിൽ നിന്ന് ചാടി മരിച്ച സംഭവമുണ്ടായി. ചിഞ്ചു ബാലൻ എന്ന എസ്.എഫ്.ഐ. നേതാവ് പീഡിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംഭവമെന്ന് സൗമ്യാ വിശ്വനാഥൻ മൊഴി നൽകിയിട്ടുണ്ട്. രജനിയുടെ മരണത്തെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണത്തിന്റെ പരിധിയിൽ സൗമ്യാ വിശ്വനാഥന്റെ മരണത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. കെ. ഷാജു</u>: സർ, ഈ അടിയന്തിര പ്രമേയം ചർച്ച ചെയ്യാൻ അനുവദിച്ച മുഖ്യമന്ത്രിയുടെ സമീപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കോടതിയിൽ തോറ്റ വക്കീൽ കക്ഷികളെക്കൊണ്ട് അക്രമം കാണിക്കുകയാണ്. കഴിഞ്ഞ ദിവസം നിയമസഭയിൽ അടിയന്തിര പ്രമേയത്തിന് അനുവാദം ചോദിച്ച് പ്രസംഗിച്ചപ്പോൾ judicial enquiry പ്രഖ്യാപിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നടപടിയുടെ ഫലമായി തോറ്റുപോയ ആളുകൾ, അകത്ത് തോറ്റവിവരം പുറത്ത് അറിഞ്ഞില്ല, അതാണ് പുറത്ത് കത്തിക്കൽ നടന്നത്. ആ സമരമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നാടിനെ നടുക്കിയ രജനിയുടെ ദുരന്തത്തിൽ നമ്മളെല്ലാം ദു:ഖിതരാണ്, അങ്ങനെയൊരു ദുരന്തമുണ്ടാകരുതെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാം. പക്ഷേ ഈ ദുരന്തത്തിനിടയായിട്ടുള്ള കാരണമെന്താണ്? 2003 ആഗസ്റ്റിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മണ്ഡലമായ അടൂരിലെ ഐ.എച്ച്.ആർ.ഡി. കോളേജിൽ നിന്ന് പോയ രജനി പിന്നീട് അവിടേയ്ക്ക് തിരിച്ചുചെന്നിട്ടില്ല, അവിടെ പിന്നെ വന്നിട്ടേയില്ല. ആ കുട്ടി ഡൽഹിയിൽ പോയി, അതിനുശേഷം നമ്മുടെ നാട്ടിൻപുറത്ത് നിരവധി കാര്യങ്ങളുമായി ബന്ധപ്പെട്ട് നിന്നു. ആ വക കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടക്കുന്നതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ കോളേജിൽ ചെല്ലാത്ത കുട്ടി കോളേജിലെ അധികൃതർ പീഡിപ്പിച്ചു എന്നുപറഞ്ഞ്, ടി. സി. കൊടുത്തില്ല എന്നുപറഞ്ഞ് ഇവിടെ തെറ്റിദ്ധാരണാജനകമായ പ്രസംഗങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിച്ച് കേരളത്തിലെ ജനങ്ങളുടെ ഓർമ്മശക്തിയെ വെല്ലുവിളിക്കാൻ വേണ്ടി പരിശ്രമിക്കുകയാണ് അപ്പുറമിരിക്കുന്ന ഒരുപറ്റം ആളുകൾ. ഇപ്പോൾ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചിട്ടുള്ള സ്വാശ്രയ കോളേജും ഐ.എച്ച്.ആർ.ഡി. കോളേജും എങ്ങനെ തുല്യമാകും? അത് ഗവൺമെന്റിന്റെതന്നെ ഉടമസ്ഥതയിലുള്ള സ്ഥാപനമല്ലേ? അവിടെ 12,500 രൂപയായിരുന്ന ഫീസ് 37,000 രൂപയായി വർദ്ധിപ്പിച്ച ആളുകൾ സമരം ചെയ്യുമ്പോൾ, ഈ ആളുകളെ എന്താണ് ചെയ്യേണ്ടത്? 12,500 രൂപയായിരുന്നു അവിടെയുള്ള ഫീസ്. ആ ഫീസ് വർദ്ധിപ്പിച്ചതിന്റെ പേരിലാണ് ഈ കുട്ടി ആത്മഹത്യ ചെയ്തതെങ്കിൽ ആദ്യം ശിക്ഷിക്കപ്പെടേണ്ടത് അപ്പുറമിരിക്കുന്ന ആളുകളെയല്ലേ? അതൊക്കെ ചെയ്തുവച്ചിട്ട് ഇപ്പോൾ മാറിനിന്ന് ഈ അനുകൂലമായ അവസരം ഉപയോഗിക്കുകയാണ്. കർണാടകയിലെ വിദ്യാഭ്യാസ ലോബി ബാഗുനിറച്ച് പണവുമായിവന്ന് കേരള തലസ്ഥാനത്ത് ക്യാമ്പു ചെയ്യുകയാണ്. കേരളത്തിൽ ആരംഭിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ തകർക്കാൻ ഒരു opening-നുവേണ്ടി കാത്തിരിക്കുന്നവർക്കുകിട്ടിയ അവസരമായി രജനിയുടെ മരണത്തെ ഉപയോഗിക്കുകയാണ്. ഈ അന്വേഷണത്തിന്റെ terms of reference-ൽ തിരുവനന്തപുരത്തെ പ്രധാനപ്പെട്ട ഹോട്ടലുകളിൽ ബാഗ് നിറച്ച് പണവുമായിവന്ന് താമസിച്ച ആളുകളുടെ റൂമിലേക്ക് പോയി പണംപറ്റിയ വിദ്യാർത്ഥി നേതാക്കന്മാരെ സംബന്ധിച്ചുകൂടി പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കർണ്ണാടകക്കാരുടെ പണം വാങ്ങി, ആന്ധ്രാക്കാരുടെ പണം വാങ്ങി കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ ഒരു നൂതന സംരംഭത്തെ തല്ലിത്തകർക്കാനുള്ള പരിശ്രമമാണ് ഇവിടെ സ്വീകരിക്കുന്നത്. ഈ സമരത്തെ ആരാണ് അനുകൂലിക്കുന്നത്? ഇന്നലെ ശ്രീ. വെളിയം ഭാർഗ്ഗവനും ശ്രീ. പി. കെ. വി.-യും ചേർന്ന് സംയുക്തമായ പ്രസ്താവനകൾ നടത്തി, എന്താണ് പറഞ്ഞത്? ഈ അക്രമസംഭവങ്ങളെ ഞങ്ങൾ ന്യായീകരിക്കുന്നില്ല എന്ന് പ്രഖ്യാപിച്ചു. ഇതിനകത്തിരിക്കുന്ന ശ്രീ. കെ. പി. രാജേന്ദ്രന്റെ നേതാവ് ശ്രീ.പി.കെ.വി.-യുടെ അഭിപ്രായത്തോട് അനുകൂലിക്കുന്നുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്.

<u>ശ്രീ. വർക്കല കഹാർ</u>: സർ, എ.ഐ.എസ്.എഫ്.-ക്കാർക്കേറ്റ അക്രമത്തെക്കുറിച്ച്. എന്താണ് പറയാനുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: Allotted time is over...Please conclude.....

<u>ശ്രീ. കെ. കെ. ഷാജു</u>: അതുതന്നെയാണ് എനിക്കും പറയാനുള്ളത്. ജൂൺ 17-ന് എറണാകുളം ലാ കോളേജിൽ പഠിച്ചിരുന്ന സൗമ്യാ വിശ്വനാഥൻ എന്ന പെൺകുട്ടി മരിക്കാൻ കാരണക്കാരനായിട്ടുള്ള ചിഞ്ചു ബാലൻ എന്ന എസ്.എഫ്.ഐ.-ക്കാരനെക്കൂടി ഈ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, രജനിയുടെ ആത്മഹത്യ ഉയർത്തിയിരിക്കുന്ന പ്രശ്നം ഒരു രാഷ്ട്രീയ പ്രശ്നമല്ല, ഒരു സാമൂഹ്യ പ്രശ്നമാണ്, വിദ്യാഭ്യാസ രംഗത്ത് നമ്മുടെ നിലപാടുകളുടേയും സമീപനങ്ങളുടേയും പ്രശ്നമാണ്; ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങൾ വിദ്യാഭ്യാസവായ്പ സംബന്ധിച്ചും പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ചും സ്വീകരിച്ചിരിക്കുന്ന സമീപനത്തിന്റേയും കൂടി പ്രശ്നമാണ്. സാധാരണ ഒരു ആത്മഹത്യയായി രജനിയുടെ ആത്മഹത്യയെ കാണാൻ കഴിയില്ല. ആ വിധത്തിലല്ല ആ കുട്ടി ആത്മഹത്യ ചെയ്തത്. തലസ്ഥാനനഗരിയുടെ ഹൃദയഭാഗത്ത്, അതും Entrance Commissioner-ടെ ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ മുകൾ നിലയിൽ നിന്നുമാണ് ആ കുട്ടി ചാടി ആത്മഹത്യ ചെയ്തത്. ആ കുട്ടി ആത്മഹത്യ ചെയ്യാനിടയായ സാഹചര്യങ്ങളെക്കുറിച്ച് പത്രങ്ങളിൽ റിപ്പോർട്ട് വന്നിരുന്നു. അടൂർ ഐ. എച്ച്. ആർ. ഡി. കോളേജിൽ പോയി ആ കുട്ടി ടി. സി. ചോദിച്ചു എന്നു പറഞ്ഞത് ഞങ്ങളാരുമല്ല, പത്രങ്ങളിൽ റിപ്പോർട്ടുവന്നതാണ്. ബാങ്കുകളുടെ പുറകേ വായ്പയ്ക്കുവേണ്ടി ആ കുട്ടി പോയി എന്നു പറഞ്ഞതും ഞങ്ങളാരുമല്ല, പത്ര റിപ്പോർട്ടാണ്. ശ്രീ. തമ്പാനൂർ രവിയും അക്കാര്യം ഇവിടെ സമ്മതിക്കുകയുണ്ടായി. ഇപ്പോൾ എന്റെ സുഹൃത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. കെ. ഷാജുവും ആത്മഹത്യയ്ക്കു വിധേയയായി മരിച്ച ആ കുട്ടി മറുപടി പറയേണ്ട കാര്യങ്ങളാണ് ഇവിടെ ഉയർത്തിയിരിക്കുന്നത്. ആ കുട്ടി എവിടെ പോയി? ആ കുട്ടിയുടെ യാത്ര എങ്ങോട്ടായിരുന്നു? ഡൽഹിയിൽ പോയോ, ഐ.എച്ച്.ആർ.ഡി. കോളേജിൽ പോയോ? ടി.സി. ചോദിച്ചോ? ഇങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ആ കുട്ടി ഇപ്പോൾ ജീവിച്ചിരിപ്പില്ല. ആ കുട്ടി എങ്ങനെ മറുപടി പറയും? ഇതൊരു സാമൂഹ്യ പ്രശ്നമാണ്, ഇതുസംബന്ധിച്ച സമരം അക്രമാസക്തമായി എന്ന് ആക്ഷേപമുണ്ട്, അക്രമാസക്തമായിട്ടുണ്ടെങ്കിൽ കോൺഗ്രസ്സുകാരുടെ വിദ്യാർത്ഥി സംഘടനയായ കെ.എസ്.യു.-ഉം അക്രമം നടത്തിയിരിക്കുകയാണ്, അത് നിഷേധിക്കാൻ കഴിയില്ല. ഞാൻ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു ഇതു സംബന്ധിച്ച് ഒരു കത്ത് നൽകുകയുണ്ടായി. ആ കത്തിൽ പറഞ്ഞ കാര്യങ്ങൾ അങ്ങയുടേയും സഭയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ കുട്ടിക്ക് ബാങ്ക് ലോൺ നിഷേധിച്ചത് ഇന്ത്യൻ ഓവർസീസ് ബാങ്ക് ഉദ്യോഗസ്ഥരാണ്. റിസർവ്വ് ബാങ്കിന്റെ ഇതു സംബന്ധിച്ചുള്ള ഗൈഡ്ലൈൻസ് അവർ പാലിച്ചിട്ടില്ല. ഈ ഉദ്യോഗസ്ഥരുടെ മേൽ നടപടി എടുക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ധനകാര്യ മന്ത്രിയോടും പ്രധാനമന്ത്രിയോടും ആവശ്യപ്പെടണം. നമ്മുടെ ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന സമീപനം തീരെ ശരിയല്ല. നിഷേധാത്മകമായ സമീപനമാണ് അവർ സ്വീകരിച്ചത്. ഓരോ ജില്ലയിലുമുള്ള ഇത്തരം പ്രശ്നങ്ങൾക്ക് വളരെ വ്യക്തമായി പരിഹാരം കണ്ടെത്താൻ, ഓരോ ജില്ലയിലും ഓരോ മന്ത്രിയെ വീതം ചുമതലപ്പെടുത്തി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

അധികൃതരെ വിളിച്ചുകൂട്ടി സമയബന്ധിതമായി തീർപ്പുകല്പിക്കണം. പല പ്രശ്നങ്ങളും ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം സമയബന്ധിതമായി പരിഹാരമുണ്ടാക്കണം. ഈ കുട്ടിക്കു ടി. സി. നിഷേധിച്ച അടൂർ ഐ.എച്ച്.ആർ.ഡി കോളേജ് അധികൃതർക്കെതിരെ നടപടി സ്വീകരിക്കണം. ഈ പ്രശ്നം ഗൗരവമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ജോണി നെല്ലൂർ:</u> സർ, കഴിഞ്ഞ ഏതാനും ദിവസങ്ങളായി നമ്മളാകെ ഭയാശങ്കയിൽ കഴിയുകയാണ്. എന്താണ് കാരണം? വാർത്താമാദ്ധ്യമങ്ങളിൽ, ടെലിവിഷനുകളിൽ, പത്രങ്ങളിൽ, ഏതെടുത്തു നോക്കിയാലും നമുക്കു കാണാൻ കഴിയുന്നത് അക്രമങ്ങളെക്കുറിച്ചുള്ള വാർത്തകളാണ്. എനിക്കു പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള ആളുകളോട് ചോദിക്കാനുള്ളത്, കേരളത്തിൽ അല്പം മുമ്പു നടന്ന പാർലമെന്ററി തെരഞ്ഞെടുപ്പിൽ നിങ്ങൾക്കു വൻ ഭൂരിപക്ഷം നൽകിയതിന് നിങ്ങൾ ജനങ്ങൾക്കു നൽകുന്ന സമ്മാനമാണോ ഈ അക്രമങ്ങളെന്ന് അറിയുവാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട് എന്നാണ്. പ്രതിപക്ഷനേതാവ് ഈ സഭയിൽ പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുകയാണ്. ഇനി മേലിൽ ട്രാൻസ്പോർട്ടു ബസ്സുകൾക്ക് കല്ലെറിയില്ല. സി.പി.ഐ.(എം.) ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണനും അതുതന്നെയാണ് പറഞ്ഞത്. 19 വാഹനങ്ങൾ തീവച്ചു നശിപ്പിച്ചു. എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾ എറിഞ്ഞു തകർത്തു? ഇതിന്റെ പിന്നിൽ ആരാണ്? ഇതൊരു ഗൂഢാലോചനയാണോ എന്നു ഞാൻ സംശയിക്കുകയാണ്. 23-ാം തീയതി സെക്രട്ടേറിയറ്റിന്റെ ഉള്ളിലേയ്ക്ക് കുറെ ആളുകൾ ഇടിച്ചു കയറി. അതേ സമയം തന്നെ തോട്ടത്തിൽ രവീന്ദ്രൻ എന്ന് പറയുന്ന, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവ് കുടിയായ, കോഴിക്കോടു മേയർ യാത്ര ചെയ്തിരുന്ന കാർ തൈക്കാട് വച്ചു കത്തിച്ചു. ഇവിടെ എന്റെ സംശയം ഈ തൈക്കാട് എവിടെയാണ്, സെക്രട്ടേറിയറ്റ് എവിടെയാണ് എന്നാണ്? ഒരേ സമയത്ത് ഇതെങ്ങനെ സംഭവിച്ചു? ആരാണ് തോട്ടത്തിൽ രവീന്ദ്രന്റെ കാർ കത്തിച്ചത്? ഒരു പറ്റം ആളുകൾ, വിദ്യാർത്ഥികളാണോ എന്നറിയില്ല, ബൈക്കിൽ പെട്രോൾ കന്നാസുകളുമായി ചെന്ന് കാർ കത്തിച്ചു. ഇവിടെ ഒരു ഗൂഢാലോചന നടത്തി, ഒരു രക്തസാക്ഷിയെ ഉണ്ടാക്കുവാൻ വേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമാണോ ഈ ആക്രമണങ്ങൾ എന്നു ഞാൻ സംശയിക്കുകയാണ്. കുട്ടികൾക്ക് കോളേജിൽ പോകാൻ, ബൈക്കിൽ പെട്രോൾ അടിക്കാനുള്ള കാശുപോലും കൊടുക്കാനില്ലാതെ രക്ഷകർത്താക്കൾ ബുദ്ധിമുട്ടുമ്പോൾ കന്നാസുകളിൽ പെട്രോൾ കൊടുത്തു വിട്ടതാരാണ്? ഇടതുപക്ഷക്കാർ മറുപടി പറയണം? ഇതാണോ എസ്.എഫ്.ഐ.-യുടെ സംസ്ക്കാരം? ഇതാണോ ഇടതുപക്ഷത്തിന്റെ സംസ്ക്കാരം? സമരത്തെ ഞങ്ങളാരും എതിർക്കുന്നില്ല. നാലു ദിവസമായി കോളേജുകളും സ്കൂളുകളും അടഞ്ഞുകിടക്കുകയാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്നും നാളേയും അവധി

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചു. സഞ്ചാര സ്വാതന്ത്ര്യം എല്ലാവരുടെയും സ്വാതന്ത്ര്യമല്ലേ? ഇവിടെ മന്ത്രിമാർക്ക് യാത്ര ചെയ്യാൻ കഴിയുന്നില്ല. മന്ത്രിമാരുടെ കാർ തടയുന്നു. ഒരു മന്ത്രിയെ ആക്രമിക്കുകവരെ ചെയ്തിരിക്കുന്നു. പ്രതിപക്ഷനേതാവിനെ തടയാൻ ശ്രമിച്ചാൽ അവരേയും നിങ്ങൾ ന്യായീകരിക്കുമോ? സഞ്ചാര സ്വാതന്ത്ര്യം ഭരണഘടന നൽകുന്ന വാഗ്ദാനമാണ്. അതു തടസ്സപ്പെടുത്തുന്ന ഈ അക്രമ സമരത്തെ ആർക്കും ന്യായീകരിക്കാനാവില്ല. വ്യവസായ വകുപ്പുമന്ത്രി എപ്പോഴും പറയും ഇവിടെ വ്യവസായങ്ങൾ വരാത്തത് ഇവിടത്തെ അന്തരീക്ഷത്തിന്റെ കുഴപ്പംകൊണ്ടാണ്, ഇവിടെ സമാധാനപരമായ ഒരു അന്തരീക്ഷമല്ല ഉള്ളത് എന്ന്. ഈ അടുത്ത ദിവസം ബി.എം.ഡബ്ല്യു. എന്നു പറയുന്ന ഒരു കാർ നിർമ്മാതാവ് കേരളത്തിൽ വന്നു. ഇവിടെ വലിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ വേണ്ടി വന്നതാണ്. ആ നിർമ്മാതാവ് കേരളത്തിൽ വന്നു ടി.വി. ഓൺ ചെയ്തപ്പോൾ ആദ്യം കണ്ടതെന്താണ്? വാഹനങ്ങൾ നിന്നു കത്തുന്നതാണ്. ഒരുപക്ഷേ അദ്ദേഹം ഇപ്പോൾ ആലോചിക്കുന്നത് തീയിട്ടാൽ കത്താത്ത വാഹനങ്ങൾ ഉണ്ടാക്കാൻ പറ്റിയ ടെക്നോളജി ഉണ്ടോ എന്നായിരിക്കും. ഒരു കാര്യം പറയട്ടെ, കേരളത്തിൽ അക്രമം അഴിച്ചുവിട്ട് സമാധാനന്തരീക്ഷം തകർത്താൽ നിങ്ങൾക്ക് ജനങ്ങൾ മാപ്പു തരില്ല. നിങ്ങളെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വിജയിപ്പിച്ച ജനങ്ങളോടാണ് നിങ്ങളുടെ സമരം എന്നു ഓർക്കണം. ഇന്ന് ജനങ്ങൾ പുറത്തിറങ്ങാൻ മടിക്കുന്നു. പുറത്തിറങ്ങാൻ ആളുകൾക്കു ഭയമാണ്. അതുകൊണ്ട് എനിക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു പറയാനുള്ളത് ഈ അക്രമസംഭവങ്ങളെ മുഴുവൻ ജുഡീഷ്യൽ അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നാണ്. രജനിയുടെ ആത്മഹത്യ മാത്രമല്ല സൗമ്യയുടെ ആത്മഹത്യയും അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരണം. അക്രമം ഒരിക്കലും അനുവദിക്കാൻ പാടില്ല. മനുഷ്യരെ ലജ്ജിപ്പിക്കുന്ന ഈ സംസ്ക്കാരം ഒരിക്കലും അനുവദിക്കാൻ പാടില്ലെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. എം. അഗസ്തി:</u> കഴിഞ്ഞ 22-ാം തീയതി സംസ്ഥാനത്തെ ജനങ്ങളെയാകെ ഞെട്ടിപ്പിച്ചുകൊണ്ട് തലസ്ഥാന നഗരിയിലെ ഏറ്റവും ഉയരമുള്ള കെട്ടിടത്തിന്റെ മുകളിൽ നിന്നും ചാടി ആത്മഹത്യ ചെയ്ത രജനി എന്ന പെൺകുട്ടിയുടെ സ്മരണയ്ക്കു മുമ്പിൽ ഞാൻ ഈ സഭയ്ക്കുവേണ്ടി ആദരാഞ്ജലി അർപ്പിക്കുകയാണ്. കേരളത്തെ മുഴുവൻ ഭീതിയിലാഴ്ത്തുന്ന ഒരു സംഭവമായി ഈ ആത്മഹത്യ മാറുമെന്ന് 23-ാം തീയതി ഈ സഭയിൽ അടിയന്തിര പ്രമേയം ചർച്ച ചെയ്യുമ്പോൾ ആരും കരുതിയിട്ടുണ്ടാവില്ല. 23-ാം തീയതി രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിര പ്രമേയാവതരണത്തിനു മറുപടി പറഞ്ഞ് സംസാരിച്ചപ്പോൾ, സഭാനടപടികൾ നിർത്തിവച്ചു ചർച്ച ചെയ്യേണ്ട യാതൊരു സാഹചര്യവും കേരളത്തിൽ ഇല്ല എന്നും ഇതൊരു സാധാരണ സംഭവമാണെന്നും ഇതിന്റെ വിശദാംശങ്ങളെക്കുറിച്ച് അന്വേഷിക്കും എന്നുമാണ് പറഞ്ഞത്. ചർച്ചയ്ക്കിടയിൽ അദ്ദേഹം പറഞ്ഞു, ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഉന്നതതല ഉദ്യോഗസ്ഥനെക്കൊണ്ട്, ഒരു റവന്യൂ സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കുമെന്ന്. റവന്യൂ സെക്രട്ടറിയുടെ അന്വേഷണം തൃപ്തികര മല്ലാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ സീറ്റിൽ നിന്നും എഴുന്നേറ്റു നിന്നുകൊണ്ട് ആ അന്വേഷണം തൃപ്തികരമാവില്ലെന്നു പറഞ്ഞപ്പോൾ മുഖ്യമന്ത്രി ഇടപെട്ട് ജുഡീഷ്യൽ അന്വേഷണം നടത്തുമെന്ന് പ്രഖ്യാപിച്ചത്. അടിയന്തിരപ്രമേയത്തിനുള്ള ചർച്ചയായിരുന്നു. ആ ചർച്ചയിൽ വാക്കൗട്ടിനുമുമ്പുള്ള പ്രസംഗത്തിനു വേണ്ടിയാണ് പ്രതിപക്ഷനേതാവ് എഴുന്നേറ്റു നിന്നത്. മുഖ്യമന്ത്രി ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച അവസരത്തിൽ വിനീതനായി കേരളത്തിലെ പ്രതിപക്ഷനേതാവ് ആ കസേരയിൽ ഇരിക്കുന്നത് ഈ സഭ കണ്ടതാണ്. അദ്ദേഹം വാക്കൗട്ട് നടത്തിയില്ല; സമരത്തിനു ആഹ്വാനം നടത്തിയില്ല. ജുഡീഷ്യൽ അന്വേഷണത്തെപ്പറ്റിയും അദ്ദേഹത്തിന് യാതൊരു പരാതിയുമില്ല. പക്ഷേ ഇപ്പോൾ കേരളമാകെ ഭീതിയിലാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു അപേക്ഷിക്കുന്നു, അങ്ങ് ഈ സഭയ്ക്കു ഉറപ്പു നൽകിയതുപോലെ, രജനിയുടെ മരണത്തെക്കുറിച്ചു മാത്രമല്ല 23-ാം തീയതി ഈ സഭയിൽ അടിയന്തിര പ്രമേയത്തിനുള്ള ചർച്ച നടന്നതിനുശേഷം കേരളത്തിൽ നടന്ന മുഴുവൻ അക്രമസംഭവങ്ങളെപ്പറ്റിയും അന്വേഷിക്കണം. ഒരു ജുഡീഷ്യൽ അന്വേഷണം വേണം എന്ന്. ടേംസ് ഓഫ് റഫറൻസ് ഫിക്സ് ചെയ്യുമ്പോൾ, കേരളത്തിൽ നടന്ന അക്രമ സംഭവങ്ങൾ സംബന്ധിച്ച അന്വേഷണത്തോടൊപ്പം ഇവിടെ രണ്ടു ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ, ഡോ. തോമസ് ഐസക്കിനേയും ശ്രീ. എം. വി. ജയരാജനേയും 23-ാം തീയതി ഉച്ചയ്ക്കു സെക്രട്ടേറിയറ്റിന്റെ മുമ്പിൽ വച്ചു കയ്യേറ്റം ചെയ്തുവെന്ന് ഈ സഭയിൽ പരാമർശിക്കുകയുണ്ടായി. അതിനെപ്പറ്റിയും ജുഡീഷ്യൽ അന്വേഷണം നടത്തണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എനിക്ക് ഒരു ചോദ്യം ചോദിക്കാനുണ്ട്. അങ്ങ് എന്താണ് അടിയന്തിര പ്രമേയത്തിനുശേഷം വാക്കൗട്ട് നടത്താതിരുന്നത്? അങ്ങ് എന്താണ് പുറത്തുപോയി പത്രസമ്മേളനം നടത്താതിരുന്നത്? മുഖ്യമന്ത്രി സഭയിൽ ഉറപ്പു നൽകിയ ജുഡീഷ്യൽ അന്വേഷണംകൊണ്ട് അങ്ങ് തൃപ്തനായിരുന്നോ? എങ്കിൽ പിന്നെ എന്തിനാണ് ഡോ. തോമസ് ഐസക്കും ശ്രീ. എം. വി. ജയരാജനും അക്രമാസക്തരായ വിദ്യാർത്ഥികളുടെ മുമ്പിൽ പോയി അക്രമത്തിനു നേതൃത്വം കൊടുത്തത്? ഈ സഭയോടു നിങ്ങൾ മറുപടി പറയണം. ഇവർ രണ്ടുപേരും കൂടി നടത്തിയ ഗൂഢാലോചനയുടെ ഫലമാണ് ഈ സംഭവമെന്നു ഞാൻ ഈ സഭയിൽ പറയുന്നു. ഈ ഗൂഢാലോചനയെപ്പറ്റിയും അന്വേഷിക്കണം. ഞാൻ ശ്രീ. എം. വി. ജയരാജനേയും ഡോ. തോമസ് ഐസക്കിനേയും മാത്രം കുറ്റം പറയുന്നില്ല. ഇതിലെ പ്രധാന ഉത്തരവാദി, ഒന്നാമത്തെ പ്രതി ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. അദ്ദേഹത്തിന്റെ പ്രസ്താവന നമ്മളെല്ലാവരും വായിച്ചതല്ലേ? അദ്ദേഹം പറഞ്ഞത്, ഞങ്ങൾ മാർക്സിസ്റ്റുകാർ പോലീസിന്റെ പണി ചെയ്യുമെന്നാണ്. പ്രതിപക്ഷനേതാവിന്റെ വാചകമാണിത്. പോലീസിന്റെ പണി ചെയ്യാൻ അദ്ദേഹത്തിന്

LIBRARY ARCHIVES Kerala Legislative Assembly

എന്ത് അധികാരമാണുള്ളത്? ഒന്നാമത്തെ പ്രതി വളരെ നിസ്സംഗതനായ ഇരിക്കുകയാണ്. രണ്ടാമത്തെ പ്രതി, പ്രതിപക്ഷ നേതാവിന്റെ സന്തതസഹചാരിയായ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ആമുഖ പ്രസംഗം കേട്ടപ്പോൾത്തന്നെ നമുക്ക് കാര്യങ്ങൾ മനസ്സിലായി. അദ്ദേഹത്തിനു എങ്ങനെ തുടങ്ങണമെന്നു തന്നെ നിശ്ചയമില്ല. ഇന്നത്തെ മലയാള മനോരമ പത്രത്തിന്റെ ഒന്നാമത്തെ പേജിൽ ഒരു വാർത്തയുണ്ട്. സമരവീര്യം കുറയ്ക്കാൻ സി.പി.ഐ.(എം)-ന്റെ നിർദ്ദേശം. പക്ഷേ വേലിക്കകത്ത് നിൽക്കുന്നയാളല്ല പ്രതിപക്ഷനേതാവെന്ന് എല്ലാപേർക്കും അറിയാം. വേലി ചാടും. സി.പി.ഐ.(എം.) പറഞ്ഞാലൊന്നും പ്രതിപക്ഷനേതാവ് കേൾക്കുകയില്ല. പ്രതിപക്ഷനേതാവിന്റെ നിർദ്ദേശ പ്രകാരമാണ് കേരളത്തിൽ അക്രമസമരങ്ങൾ നടക്കുന്നത്. കഴിഞ്ഞ മൂന്ന് ദിവസമായി കേരളത്തിൽ നടക്കുന്നതെന്താണ്? മൂന്ന് ദിവസംകൊണ്ട് കേരളത്തിൽ സമാധാന ജീവിതമില്ല. ഞാൻ പ്രതിപക്ഷത്തെ കുറ്റപ്പെടുത്തുകമാത്രമല്ല മുഖ്യമന്ത്രിയോട് എനിക്കൊരു അഭ്യർത്ഥനകൂടിയുണ്ട്. അങ്ങ് നിസ്സംഗതനായിരിക്കരുത്. അങ്ങയെ കേരളത്തിലെ ജനങ്ങൾ മുഖ്യമന്ത്രിയാക്കിയത് ജനങ്ങൾക്ക് സമാധാന ജീവിതം ഉറപ്പുവരുത്താൻ വേണ്ടിയാണ്; വെറുതെ പ്രതിപക്ഷത്തോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നതിനു വേണ്ടിയല്ല. സഹാനുഭൂതിയുടെ സമയം കഴിഞ്ഞു. കേരളത്തിൽ മൂന്ന് ദിവസമായി സമാധാന ജീവിതമില്ല. കേരളത്തിൽ ചോരക്കളമാണ്. . ഞാൻ എല്ലാ പത്രവാർത്തകളിലേയ്ക്കും പോകുന്നില്ല. ഒരു പത്ര വാർത്ത ഇങ്ങനെയാണ് "മന്ത്രി പി. ശങ്കരന്റെ കാർ തടഞ്ഞു. 18 സർക്കാർ വാഹനങ്ങൾ കത്തിച്ചു. ജനങ്ങൾ ദുരിതത്തിലേയ്ക്ക്" എന്നാണ്. അതുപോലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും പൊതുമരാമത്ത് വകുപ്പു മന്ത്രിയേയും കയ്യേറ്റം ചെയ്യാനുള്ള ശ്രമമുണ്ടായി. ഭാഗ്യത്തിനാണ് അവർ രക്ഷപ്പെട്ടത്. 19 മന്ത്രിമാരെ ഞങ്ങൾ തുണ്ടംതുണ്ടമായി വെട്ടിനുറുക്കുമെന്നാണ് ഡി. വൈ. എഫ്. ഐ. പ്രഖ്യാപിച്ചത്. ഡി. വൈ. എഫ്. ഐ-ലൂടെ വന്നതല്ലേ ശ്രീ. കോടിയേരി ബാലകൃഷ്ണൻ. നിങ്ങൾ ഇതിന് മറുപടി പറയണം. തിരുവനന്തപുരത്ത് ഇന്നലെ ഡി. വൈ. എഫ്. ഐ-യുടെ നേതാവ് പ്രസംഗിച്ചത് 19 മന്ത്രിമാരേയും തുണ്ടംതുണ്ടമായി കൊത്തിയരിയുമെന്നാണ്. മാർക്സിസ്റ്റ് പാർട്ടിക്ക് അതിനുള്ള അധികാരമുണ്ടോ? ഡി.വൈ.എഫ്.ഐ.-കാർക്ക് അതിനുള്ള അധികാരമുണ്ടോ? ഇറച്ചിക്കച്ചവടമാണോ നിങ്ങളുടെ തൊഴിൽ? അതുകൊണ്ട് ഞാൻ പറയുന്നു നിയമം കൈയിലെടുക്കുന്നവരെ നിലയ്ക്ക് നിർത്തണം. മന്ത്രിമാരും പൗരൻമാരല്ലേ? അവർക്ക് ഈ നാട്ടിൽ ജീവിക്കണ്ടേ? അവർക്ക് സൈരജീവിതം വേണ്ടേ? സംഘടനാ ശക്തിയില്ലാത്ത ആരെങ്കിലുമാണ് ഇത് പറഞ്ഞതെങ്കിൽ അവരെ ഇന്നലെത്തന്നെ അറസ്റ്റ് ചെയ്ത് ജയിലിൽ കൊണ്ടുപോകുമായിരുന്നല്ലോ. ഗ്യാലറിയിൽ ഡി. ജി. പി. ഉണ്ടെന്നാണ് ഞാൻ വിചാരിക്കുന്നത്. ഈ പോലീസിന് എന്തധികാരമാണുള്ളത്? 19 മന്ത്രിമാരെ തുണ്ടംതുണ്ടമായി അരിഞ്ഞുവീഴ്ത്തുമെന്ന് പറയുന്ന, സംഘടനാ സ്വാതന്ത്ര്യത്തിന്റെ പേരിൽ തെറിപറയുവാൻ അനുവദിക്കുന്നതിൽ എന്ത് നീതിയാണുള്ളത്? കർശനമായിത്തന്നെ ഈ സമരത്തെ നേരിടണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇവിടത്തെ എല്ലാ പത്രവാർത്തകളിലേയ്ക്കും കടക്കാൻ ആഗ്രഹിക്കുന്നില്ല. എങ്കിലും പ്രധാനമായും ഒന്നു രണ്ട് പത്രവാർത്തകളിലേയ്ക്ക് കടന്നു പോകാതിരിക്കുന്നത് ശരിയല്ല. രജനിയുടെ ആത്മഹത്യയെ സംബന്ധിച്ചൊരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചിരിക്കുന്നുയെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. രജനി ആത്മഹത്യ ചെയ്യാനുള്ള സാഹചര്യം; കോളേജിന് പുറത്താക്കിയതുകൊണ്ടാണോ, ഏതെങ്കിലും വകുപ്പിന്റെ വീഴ്ചകൊണ്ടാണോ എന്നീ കാര്യങ്ങളെക്കുറിച്ചൊക്കെ അന്വേഷിക്കണം. പ്രതിപക്ഷ നേതാവിന് തെളിവ് കൊടുക്കാം. അദ്ദേഹത്തിന്റെ പാർട്ടി ഭരിക്കുന്ന വെള്ളറട പഞ്ചായത്ത് പ്രസിഡന്റ് ദാസന്റെ വാർഡിലാണ് രജനി താമസിച്ചിരുന്നത്. ആ പഞ്ചായത്തിലെ പ്രസിഡന്റ് അറിഞ്ഞില്ല, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അറിഞ്ഞില്ല, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അറിഞ്ഞില്ല. ആരുമറിഞ്ഞില്ല ആരുടേയും സഹായംതേടി പോയില്ല, ആരും സഹായിച്ചതുമില്ല. ഞാൻ കുറ്റപ്പെടുത്തുന്നില്ല. ശ്രീ. തമ്പാനൂർ രവിയെപ്പറ്റി പറയുന്നെങ്കിൽ മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന പഞ്ചായത്ത് പ്രസിഡന്റിനെപ്പറ്റിയും പറയണം. ആരും സഹായിച്ചില്ലല്ലോ. ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതോടൊപ്പം കേരളത്തിലെ ജനങ്ങളുടെ സൈരജീവിതം പന്താടാൻ മാർക്സിസ്റ്റ് പാർട്ടിക്ക് എന്തധികാരമാണുള്ളതെന്നുകൂടി അന്വേഷിക്കണം. ഇന്നത്തെ മലയാള മനോരമയുടെ തലവാചകം "എന്തിന് കേരളത്തെ തീയിടുന്നു." ഞാൻ പ്രതിപക്ഷ നേതാവിനോടും ശ്രീ. കോടിയേരി ബാലകൃഷ്ണനോടും ചോദിക്കുന്നു എന്തിന് ഈ കേരളത്തെ തീയിടുന്നു? അതിന് നിങ്ങൾക്കാരാണ് അധികാരം തന്നിരിക്കുന്നത്? എനിക്കറിയാം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പറഞ്ഞിട്ട് കാര്യമില്ലെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാതിരിക്കാൻ കഴിയില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഇന്നത്തെ മലയാള മനോരമ പത്രത്തിലെ എഡിറ്റോറിയലിലുള്ള ഒരു വാചകം വായിക്കുകയാണ്. കഴിഞ്ഞ മൂന്ന് ദിവസങ്ങളിലെ അക്രമവും തീവെയ്പ്പും അസ്സൽ അക്രമവിളയാട്ടമല്ലാതെ മറ്റൊന്നുമല്ല. സർക്കാർ ഓഫീസുകൾ നശിപ്പിച്ചു. ഔദ്യോഗിക വാഹനങ്ങളും സ്വകാര്യ വാഹനങ്ങളും തീയിട്ടു. ബാങ്കുകൾ അക്രമിക്കപ്പെട്ടു. ബഹുമാനപ്പെട്ട ഒരു മന്ത്രിയും ഒന്നുരണ്ട് ഇടതുപക്ഷ നേതാക്കളും തലനാരിടവ്യത്യാസത്തിലാണ് രക്ഷപ്പെട്ടത്. നാടിനേയും നാട്ടുകാരേയും ചുടാനുള്ള അവകാശം അവർക്ക് എവിടെനിന്ന് കിട്ടിയെന്ന് മറുപടി പറയണം. അവർക്ക് എങ്ങനെ അധികാരം കിട്ടിയെന്ന് കേരളത്തിലെ ജനങ്ങൾ അന്വേഷിക്കുന്നു. ജനങ്ങളെ തീയിട്ട് കൊല്ലാൻ നിങ്ങൾക്കെന്താണ് അധികാരമെന്ന് ജനങ്ങൾ ചോദിക്കുന്നു. ഇപ്പോൾ എസ്. എഫ്. ഐ-ക്കാർക്ക് വലിയ സഹതാപമാണ്. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികളെ സഹായിക്കാൻവേണ്ടി അവർ സാമ്പത്തിക നിധിയുണ്ടാക്കുന്നു. വളരെ നല്ല കാര്യം. വെള്ളറട പഞ്ചായത്ത് പ്രസിഡന്റായ, മാർക്സിസ്റ്റുകാരനായ ദാസനിൽ നിന്നുതന്നെ ആദ്യത്തെ സംഭാവന വാങ്ങി നിങ്ങൾ മാതൃക കാണിക്കണം. ഇതിന്റെ ഒന്നാമത്തെ കുറ്റവാളി അയാളാണ്. അയാളാണ് സഹായിക്കേണ്ടത്. എന്റെ നാട്ടിൽ തോട്ടം മേഖലയിൽ പട്ടിണി മരണമുണ്ടായപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ അവിടെ വന്ന് പ്രസംഗിച്ചത് ഇതിലെ ഒന്നാമത്തെ പ്രതി ശ്രീ. ഇ. എം. അഗസ്തിയാണെന്നാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുകയാണ് ഇതിലെ ഒന്നാമത്തെ പ്രതി വെള്ളറട പ്രസിഡന്റാകണം. അവിടെനിന്ന് നമുക്ക് തുടങ്ങണം. അങ്ങനെ നല്ല മാതൃകയുണ്ടാകട്ടെ എന്നുപറയുകയാണ്. എന്തിനുവേണ്ടിയാണ് മാർക്സിസ്റ്റ് പാർട്ടി കേരളത്തെ കലാപഭൂമിയാക്കാൻ ശ്രമിക്കുന്നതെന്നതിനെക്കുറിച്ച് അന്വേഷിക്കണം. എന്റെ കൈയിലിരിക്കുന്ന ചിത്രം സൗമ്യ എന്ന പെൺകുട്ടിയുടേതാണ്. (ചിത്രം സഭയിൽ ഉയർത്തിക്കാട്ടി) രണ്ട് മാസത്തിനു മുൻപ് എറണാകുളത്തെ നേവൽ ഫ്ളാറ്റിനു മുകളിലത്തെ ഏഴാമത്തെ നിലയിൽ നിന്ന് ചാടി ആത്മഹത്യ ചെയ്തു. രജനിയുടെ മരണംപോലെ ഞെട്ടി വിറച്ച ഒരു സംഭവമാണ്. പക്ഷേ പിന്നീട് ഉത്തരവാദികളാരാണെന്ന് അന്വേഷിച്ചപ്പോൾ മനസ്സിലായത് ഇതിന്റെ പ്രധാന പ്രതി മാർക്സിസ്റ്റ് പാർട്ടിയുടെ, എസ്.എഫ്.ഐ-യുടെ സംഘടനാ നേതാവാണ് എന്നാണ്. അദ്ദേഹത്തിന്റെ പേര് ചിഞ്ചു ബാലൻ എന്നാണ്. ആ ചിഞ്ചു ബാലനെ ഇപ്പോൾ നിങ്ങൾക്ക് അറിയില്ലായിരിക്കും. പക്ഷേ ഞാൻ ഒരു കാര്യം ചോദിക്കുകയാണ് എറണാകുളം ലാ കോളേജിലെ പെൺകുട്ടികൾ ചിഞ്ചു ബാലന്റെ ഷർട്ടിൽ പിടിച്ചുനിർത്തി താനാണ് പ്രതിയെന്നു പറഞ്ഞത് മാർക്സിസ്റ്റ് പാർട്ടി നേതൃത്വം അറിയണ്ടേ? അതുകൊണ്ട് നിങ്ങളെക്കുറിച്ചുകൂടി അന്വേഷിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണത്തിന്റെ ടേംസ് ഓഫ് റെഫറൻസസ് വ്യക്തമായി ഈ സഭയിൽ പറയണം. കേരളത്തിൽ അക്രമ പ്രവർത്തനം നടത്തുന്നതിന് ആരാണ് അധികാരം കൊടുത്തതെന്ന് അന്വേഷണം നടത്തണം. കേരളത്തെ സംബന്ധിച്ചിടത്തോളം സ്വാശ്രയ കോളേജ് തുടങ്ങിയത് നിങ്ങളുടെ കാലത്താണ്. ഞങ്ങൾ അത് പോഷിപ്പിച്ചു. ഇപ്പോൾ പ്രതിപക്ഷ നേതാവ് പറയുന്നത് സ്വാശ്രയ കോളേജുകൾ വേണ്ടെന്നാണ്. കേരളത്തിൽ ഒരു സ്ഥാപനവും വരാൻ പാടില്ലെന്നാണ് പ്രതിപക്ഷനേതാവിന്റെ നിലപാട്. അങ്ങയുടെ ആ ഭാഷ സംഹാരദൂതന്റെ ഭാഷയാണ്. എല്ലാം സംഹരിക്കാൻ വേണ്ടിയാണ് അങ്ങ് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അങ്ങ് കംപ്ലീറ്റ് ചെയ്യണം. അങ്ങേയ്ക്ക് പത്ത് മിനിറ്റ് അനുവദിച്ചു.

<u>ശ്രീ. ഇ. എം. അഗസ്തി:</u> അങ്ങ് ക്ഷമിക്കണം. അങ്ങാണ് ക്ഷമ കാണിക്കേണ്ടത്. മാർക്സിസ്റ്റ് പാർട്ടിക്ക് കഴുകന്റെ സ്വഭാവമാണുള്ളത്. ശവങ്ങൾ കൊത്തിക്കീറാൻ ശ്രമിക്കുന്ന കഴുകനെപ്പോലെയാണ് മാർക്സിസ്റ്റ് പാർട്ടി. അവർക്ക് രജനിയോട് സഹതാപമില്ല. മരിച്ച രജനിയുടെ ശവത്തിൻമേലാണ് താൽപര്യം. അതുകൊണ്ട് കഴുകന്റെ സ്വഭാവമുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ ഗൂഢാലോചനയും ഈ ജുഡീഷ്യൽ അന്വേഷണത്തിന്റെ ഭാഗമായി കൊണ്ടുവരണമെന്നും കർണ്ണാടക ലോബിയെ സഹായിക്കാൻ വേണ്ടിയുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ ശ്രമത്തെക്കുറിച്ച് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, യു. ഡി. എഫ്. ഗവൺമെന്റിന്റെ വികലവും തലതിരിഞ്ഞതുമായ വിദ്യാഭ്യാസ നയത്തിന്റെ രക്തസാക്ഷിയാണ് രജനി. രജനി മരിച്ചത് രണ്ട് കാരണത്താലാണ്. ഹോസ്റ്റലിൽ നിന്നും കുട്ടിയെ ഇറക്കി വിട്ടതുകൊണ്ടും കാലാകാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസാനുകൂല്യം ആ കുട്ടിക്ക് പട്ടികജാതി-പട്ടിക വർഗ്ഗവികസന വകുപ്പ് നിഷേധിച്ചതുകൊണ്ടുമാണ് ആ കുട്ടി മനംനൊന്ത് ആത്മഹത്യ ചെയ്തത്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് എന്തിനാണ്? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവന നടത്തി. ഞാൻ ഇന്നലെ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും കണ്ടു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി പ്രസ്താവനയിറക്കിയത് എന്താണ്. കേരളത്തിലെ എല്ലാ പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികൾക്കും യഥാസമയം അർഹമായിട്ടുള്ള ലംപ്സം ഗ്രാന്റും മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് വകുപ്പുമന്ത്രി കേരളത്തിലെ ജനങ്ങളോട് പച്ചക്കള്ളം പറയുകയാണ്. ഇങ്ങനെയൊരു പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് എന്തിനാണ്? കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 30,000 ആളുകളാണ് ആത്മഹത്യ ചെയ്തത്. രണ്ട് വർഷംകൂടി കഴിയുമ്പോൾ ആത്മഹത്യ ഇതിന്റെ ഇരട്ടിയാകും. ഈ ഭരണത്തിന്റെ പ്രധാന നേട്ടം ആത്മഹത്യയായി മാറിയിരിക്കുന്നു. കേരളത്തിലെ പോലീസിന് എന്താണ് പറ്റിയത്? മുഖ്യമന്ത്രിയുടെ പോലീസിന് കാടത്തം സ്വഭാവം ക്രമാതീതമായി വർദ്ധിച്ചു വരുന്നു. മുഖ്യമന്ത്രിയുടെ പോലീസിന് പേയിളകി. ആ പേയിളകൽ മാറ്റുന്നതിന് യു.ഡി.എഫിനെന്നല്ല കേരളത്തിലെ ഒരാൾക്കും ചികിൽസിക്കാനുള്ള മരുന്നില്ല. അങ്ങനെ പേയിളകി പേയിളകി കേരളത്തിലെ എം.എൽ.എ.-മാരേയും ജനനേതാക്കളെയും വിദ്യാർത്ഥികളടക്കമുള്ളവരെയും മർദ്ദിക്കുകയും ലോക്കപ്പിലിടുകയും ചെയ്യുന്ന സ്ഥിതിവിശേഷം കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ലോക്കപ്പിലായിക്കഴിഞ്ഞാൽ ആരെയെങ്കിലും മർദ്ദിച്ചിട്ടുണ്ടോ? കേരളത്തിലെ പോലീസ് കാടത്തം സ്വഭാവമാണ് കാണിക്കുന്നത്. എനിക്ക് ഗവൺമെന്റിനോടും മുഖ്യമന്ത്രിയോടും പറയുവാനുള്ളത് രജനി മരിച്ചത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേയും പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെയും പിടിപ്പുകേടുകൊണ്ടാണ് എന്നാണ്. അതുകൊണ്ട് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഈ നിമിഷം രാജിവയ്ക്കുകയാണ് വേണ്ടത്.

ശ്രീ. തമ്പാനൂർ രവി: സർ, രജനിയുടെ മരണം സംബന്ധിച്ച് കേരളത്തിന്റെ മനസ്സാക്ഷിയാകെ വിങ്ങിപ്പൊട്ടുകയാണ്. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാൻ പാടില്ലെന്ന് നമുക്ക് എല്ലാപേർക്കുമറിയാം. ഈ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായി വളരെ വിരളമായിമാത്രം നടക്കുന്ന അടിയന്തിര പ്രമേയത്തിന് ചർച്ച അനുവദിച്ചിരിക്കുന്നു. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഈ സഭ ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്. ഈ രാജ്യത്ത് നടക്കുന്ന എല്ലാ സംഭവങ്ങളും എല്ലാപേർക്കും മനസ്സിലാക്കാനുള്ള അവസരമാണ് ചർച്ച അനുവദി

ച്ചതിലൂടെ മുഖ്യമന്ത്രി നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് ചർച്ച ആദ്യം സഭയിൽ വന്നപ്പോൾ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. ഗവൺമെന്റ് അത് അതേപടി അംഗീകരിച്ചു. അതിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തമമായ മാതൃക കാണിച്ചിരിക്കുകയാണ്. ഈ രണ്ട് സംഭവങ്ങളും ചൂണ്ടിക്കാണിക്കുന്നത്, ഇതു സംബന്ധിച്ച് ഗവൺമെന്റിന് ഒന്നും മറച്ചു വയ്ക്കാനില്ലെന്നും ഈ സംഭവത്തിന്റെ നിജസ്ഥിതി എല്ലാപേരും മനസ്സിലാക്കി ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാൻ പാടില്ലെന്നുള്ള ഒരു വലിയ മാതൃകയാണ് കേരളാ ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കാണിച്ചിരിക്കുന്നത്. ഇതിൽ ആർക്കും ഒരു സംശയവുമില്ല. എന്താണ് ഇവിടെ സംഭവിച്ചത്? രജനിയുടെ മരണം വേദനാജനകമാണ്. ഡി. വൈ. എഫ്. ഐ., എസ്. എഫ്. ഐ., എ. ഐ. എസ്. എഫ്. എന്നീ വിദ്യാർത്ഥി സംഘടനകളാണ് സമരം ചെയ്യുന്നത്. രജനി ഒന്നാം വർഷ എഞ്ചിനീയറിംഗ് പരീക്ഷ എഴുതിക്കഴിഞ്ഞിരിക്കുന്നു. 14-8-2003-നുശേഷം ഈ കുട്ടി കോളേജിൽ പോയിട്ടില്ല. ഇവിടെ സമരം ചെയ്യുന്ന ഡി.വൈ.എഫ്.ഐ., എസ്.എഫ്.ഐ. എന്നീ ഇടതുപക്ഷ വിദ്യാർത്ഥി സംഘടനയിൽപെട്ട ഏതെങ്കിലും നേതാവോ സംഘടനയോ രജനിയെന്ന എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി 14-8-2003-നുശേഷം എന്തുകൊണ്ട് കോളേജിൽ പോയില്ലെന്ന് അന്വേഷിച്ചിട്ടുണ്ടോ? ആത്മാർത്ഥതയുണ്ടെങ്കിൽ ബസ് അടിച്ചു പൊളിക്കുന്നതിനേക്കാൾ, തീ കത്തിക്കുന്നതിനേക്കാൾ, അക്രമ വിളയാട്ടത്തിനേക്കാൾ നിങ്ങൾ ചെയ്യേണ്ടിയിരുന്നത് ഇതു സംബന്ധിച്ച് വസ്തുനിഷ്ഠമായി കാര്യങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷിക്കേണ്ടതായിരുന്നു. .ആ കുട്ടിയുടെ മരണത്തിനുശേഷമാണ് നിങ്ങൾ കാര്യങ്ങൾ അറിയുന്നത്. രണ്ടാമത്തെ കാര്യം, രജനിയുടെ അമ്മ എന്റെ അടുക്കൽ വന്നു. അവർ പഞ്ചായത്തിലേക്ക് പോയി. ഒരു സഹായവും ലഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ പോയി ഒരു സഹായവും ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിൽ പോയി, ഒരു സഹായവും ലഭിച്ചിട്ടില്ല. ഇടതുപക്ഷം ഭരിക്കുന്ന സർവ്വീസ് സഹകരണ ബാങ്കിൽ പോയി, അവരും സഹായം നൽകിയില്ല. അതുകൊണ്ട് ഞങ്ങളെ സഹായിക്കണമെന്നു പറഞ്ഞുകൊണ്ട് മണ്ഡലം കോൺഗ്രസ്സ് പ്രസിഡന്റിന്റെ കത്തുമായി എന്റെ അടുക്കൽ വന്നു. ഇവർ പാവപ്പെട്ട ഇടതുപക്ഷ കുടുംബത്തിൽപെട്ട ആളാണ്. എല്ലാ വാതിലും മുട്ടിയിട്ടാണ് ഞാൻ എം. എൽ. എ.-യെ കാണാൻ വരുന്നത് എന്ന് പറഞ്ഞു. അന്നേരംതന്നെ ഐ. ഒ. ബി. പുഴനാട് ശാഖയിലെ മാനേജരെ ടെലഫോണിൽ ഞാൻ വിളിച്ച് രജനി പാവപ്പെട്ട കുട്ടിയാണ്, ഗവൺമെന്റ് ഫീസ് കൊടുക്കും എങ്കിലും ഹോസ്റ്റൽ ഫീസ് കൊടുക്കാൻ നിവൃത്തിയില്ല, അതിന് ലോൺ ചോദിക്കുകയാണ്, നിർബന്ധമായും ആ ലോൺ കൊടുക്കണമെന്നുള്ള കത്തുമായിട്ട് വിട്ടു. പിന്നെ എന്നെ കണ്ടിട്ടേയില്ല. ഈ കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

താമസിക്കുന്ന പഞ്ചായത്തിലെ വാർഡ് പ്രതിനിധീകരിക്കുന്നത് സി. പി. ഐ. (എം.) കാരനാണ്. ആ മെമ്പറാണ് പഞ്ചായത്ത് പ്രസിഡന്റ്. പഞ്ചായത്തിൽ പോയി പ്രസിഡന്റിനെ കണ്ട് സഹായം അഭ്യർത്ഥിച്ചു. ഒരു പൈസയുടെ സഹായവും കൊടുത്തിട്ടില്ല. പെരുങ്കടവിള ബ്ളോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ് സി. പി. ഐ. അംഗമായ ശ്രീമതി സുജാതകുമാരിയാണ്. ബ്ളോക്ക് മെമ്പറും സി. പി. ഐ. (എം.) കാരനാണ്. അവിടേയും ഒരു സഹായവും കൊടുത്തിട്ടില്ല. അതിനുശേഷം ഇവർ നേരെ ജില്ലാ പഞ്ചായത്തിൽ പോയി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ശശികലാ ശിവശങ്കർ സി. പി. ഐ. (എം.) അംഗമാണ്. ഒരു സഹായവും അവിടേയും കൊടുത്തിട്ടില്ല. പനച്ചമുട് സർവ്വീസ് സഹകരണ ബാങ്ക് കാൽ നൂറ്റാണ്ടായി ഭരിക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയാണ്. ഒരു സഹായവും അവിടെനിന്നും കൊടുത്തിട്ടില്ല. എല്ലാ വാതിലുകളും മുട്ടി. ഒരു സഹായവും കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. കോടിയേരി ബാലകൃഷ്ണനും അവിടെ പോയി, ശ്രീ. പി. കെ. വാസുദേവൻ നായർ എം. പി. അവിടെ പോയി കണ്ണീരൊഴുക്കി. ബാങ്ക് ലോൺ കൊടുക്കേണ്ടത് സ്റ്റേറ്റ് ഗവൺമെന്റാണോ സെൻട്രൽ ഗവൺമെന്റാണോ? എം. പി. ഒരു വാക്ക് വിളിച്ചു പറയേണ്ടതായിരുന്നില്ലേ? ചെയ്യേണ്ട ഒരു കാര്യവും ഇടതുപക്ഷം ചെയ്യാതെ ഒരു ഇഷ്യൂ വീണു കിട്ടിയപ്പോൾ രാഷ്ട്രീയപ്രേരിതമായ മുതലെടുപ്പു നടത്താൻവേണ്ടി ഈ പ്രശ്നം ഉണ്ടാക്കിയതല്ലേ? അല്ലാതെ ഇതിന്റെ യഥാർത്ഥ വശം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? എന്തുകൊണ്ട് ഈ കുട്ടി കോളേജിൽ പോയില്ലെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? കുടുംബ സാഹചര്യം മനസ്സിലാക്കിയിട്ടുണ്ടോ? ....:....ബഹളം..... ഇടതുപക്ഷം ഭരിക്കുന്ന ഈ പഞ്ചായത്തിൽ ഈ കുട്ടിക്ക് ഒരു വീടുപോലും ചോദിച്ചിട്ട് കൊടുത്തിട്ടില്ല. ഈ മരണത്തെ സംബന്ധിച്ചുള്ള എല്ലാ വശങ്ങളും വിശദമായി അന്വേഷിക്കുന്നതോടൊപ്പംതന്നെ ഇന്ന് കേരളത്തിൽ നടക്കുന്നത് എന്താണ്? തിരുവനന്തപുരം പട്ടണത്തിൽക്കൂടി ആളുകൾക്ക് വഴി നടക്കാൻ നിവൃത്തിയില്ല. കേരളമാകെ കത്തുകയാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ജുഡീഷ്യൽ എൻക്വയറിയുടെ ടേംസ് ഓഫ് റഫറൻസിൽ മരണത്തിന്റെ എ ടു ഇസഡ് അന്വേഷിക്കണം. അതോടൊപ്പം കഴിഞ്ഞ മൂന്ന് നാല് ദിവസമായി കേരളത്തിൽ നടക്കുന്ന പൊതുമുതൽ നശിപ്പിക്കൽ, അക്രമം എന്നിവയെക്കുറിച്ചും ഇതിന് ഉത്തരവാദി ആരാണ് എന്നതും കൂടി ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തണം. ഇവിടെ നേരത്തേ ശ്രീ. ഇ. എം. അഗസ്തി സൂചിപ്പിച്ചു. മാർക്സിസ്റ്റ് പാർട്ടിയിൽ വലിയ ഗ്രൂപ്പ് മത്സരമാണ് എന്ന്. പ്രതിപക്ഷ നേതാവ് പറയുന്നതു കേൾക്കാൻ ശ്രീ. പിണറായി വിജയൻ തയ്യാറല്ല. പ്രതിപക്ഷ നേതാവ് പറഞ്ഞാൽ അതിനെതിരെ മാത്രമേ ശ്രീ. പിണറായി വിജയൻ പറയുകയുള്ളൂ. ശ്രീ. പിണറായി വിജയൻ ഒരു തീരുമാനമെടുത്താൽ അതിനെതിരായി മാത്രമേ പ്രതിപക്ഷ നേതാവ് പറയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഇത് മാർക്സിസ്റ്റ് പാർട്ടിയുടെ ഗ്രൂപ്പിസമാണ്. ഇന്ന് കേരളത്തിൽ തീകത്തിപ്പ് തുടരുകയാണ്. എന്നിട്ട് ഞങ്ങളെ കുറ്റപ്പെടുത്താൻവേണ്ടിയുള്ള നടപടികളാണ് നിങ്ങൾ നടത്തുന്നത്. നിങ്ങൾ ആവശ്യപ്പെട്ടതുപോലെ ജുഡീഷ്യൽ എൻക്വയറി സമ്മതിച്ചിരുന്നതല്ലേ? എന്നിട്ടും വെളിയിൽ പോയി ബസ് കത്തിക്കണോ? ഇവിടെ എന്റെ സുഹൃത്ത് ശ്രീ. എം. വി. ജയരാജൻ ഉണ്ടല്ലോ? ഡോ. തോമസ് ഐസക് ഒരു മാന്യനല്ലേ? നിങ്ങൾ തെരുവിലിറങ്ങി ഇതിന് നേതൃത്വം കൊടുക്കണോ? ജനപ്രതിനിധികൾ ചെയ്യുന്ന ഇക്കാര്യത്തിൽ എനിക്ക് ദുഃഖവും സങ്കടവുമുണ്ട്. ഇതു സംബന്ധിച്ച എല്ലാ കാര്യങ്ങളും ജുഡീഷ്യൽ അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾക്കൊള്ളിക്കണം. അതോടൊപ്പംതന്നെ മേലിൽ ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ച് വളരെ വിശദമായ അന്വേഷണം വേണം. എല്ലാത്തിനും രാഷ്ട്രീയം വേണോ? ഇത് രാഷ്ട്രീയം കലർത്തേണ്ട കാര്യമുണ്ടോ? പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു കുട്ടിക്ക് ഇങ്ങനെ ഒരു സംഭവമുണ്ടായാൽ ആ സംഭവം മേലിൽ ആവർത്തിക്കാതിരിക്കാൻ ഒരുമിച്ച് നടപടി സ്വീകരിക്കേണ്ടതല്ലേ? ഈ കാര്യത്തിൽപോലും രാഷ്ട്രീയം കണ്ടുകൊണ്ട് ഈ നാട്ടിനെ നടുക്കിയ ഈ സംഭവത്തിൽ എന്ത് പരിതാപകരമാണ് നിങ്ങളുടെ സ്ഥിതി? എല്ലാത്തിലും നിങ്ങൾ ഇതാണ് കാണിക്കുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഇതു സംബന്ധിച്ച് എല്ലാ വിവരങ്ങളും ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയണം. ആ നിലയ്ക്കുള്ള ഒരു അന്വേഷണം നടത്തുകയും മേലിൽ ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കുകയും വേണം. ഇതിന്റെ പേരിൽ നടക്കുന്ന പൊതുമുതൽ നശിപ്പിക്കൽ, അക്രമം എന്നിവയ്ക്ക് ഉത്തരവാദികളായവരുടെ പേരിൽ പ്രേരണാകുറ്റത്തിന് കേസ്സെടുക്കണം; ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതോടൊപ്പംതന്നെ ഈ സംഭവം മേലാൽ ആവർത്തിക്കാതിരിക്കണം. ഇതു സംബന്ധിച്ച മുഴുവൻ കാര്യങ്ങളും 'ജുഡീഷ്യൽ എൻക്വയറി ടേംസ് ഓഫ് റഫറൻസിൽക്കൂടി ഉൾപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: സർ, രജനിയുടെ ദുഃഖകരമായ മരണത്തിൽ ഞാൻ അനുശോചനം രേഖപ്പെടുത്തുകയാണ്. ഈ മരണത്തിൽ ഒരു ഗവൺമെന്റ് ചെയ്യേണ്ടതിന്റെ പരമാവധി കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്നതായിട്ട് എല്ലാപേർക്കും മനസ്സിലാക്കുന്ന സാഹചര്യമാണുള്ളത്. ഈ വിഷയം നിയമസഭയിൽ അവതരിപ്പിച്ച ദിവസംതന്നെ ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായി. അത് ജനങ്ങളുടെ താല്പര്യമാണെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനു തയ്യാറായത്. രജനി പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ കുട്ടിക്ക് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങളെല്ലാം കൊടുത്തുകൊണ്ടിരിക്കുന്നുവെന്ന് ഇവിടെ വ്യക്തമാക്കുകയും അത് സത്യമായ ഒരു കാര്യമായി നിലനിൽക്കുകയും ചെയ്യുകയാണ്. ആ കുട്ടിക്ക് പഠിക്കാൻ ആവശ്യമായ ഫീസ് കൊടുക്കുകയും അതോടൊപ്പംതന്നെ ആ കുട്ടിക്ക് ആ കോളേജിൽ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതുകൊണ്ട് മറ്റൊരു സ്ഥാപനം നടത്തിക്കൊണ്ടിരുന്ന ഹോസ്റ്റലിൽ താമസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നും രണ്ടും വർഷത്തെ ഹോസ്റ്റൽ ഫീസ് കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുമുണ്ട്. ഈ കാര്യത്തിൽ, ഗവൺമെന്റ് ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്ത സാഹചര്യത്തിൽ മരണം സംബന്ധിച്ച് സത്യസന്ധമായ അന്വേഷണം നടത്തണം. ഈയവസരത്തിൽ കഴിഞ്ഞ രണ്ട്-മൂന്ന് ദിവസമായി കേരളത്തെ ഒരു കലാപഭൂമിയാക്കി ഇടതുപക്ഷജനാധിപത്യ മുന്നണി മാറ്റിയെന്നുള്ള കാര്യം പ്രധാനമായി കാണേണ്ടതുണ്ട്.

11.00 A.M.]

നശിപ്പിക്കപ്പെട്ട കാവുകളുടേയും സ്ഥാപനങ്ങളുടേയും അതുപോലെ വ്യക്തികളുടേയുമൊക്കെ കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇക്കഴിഞ്ഞ മൂന്ന് ദിവസമായി ഇവിടെ നടത്തിക്കൊണ്ടിരിക്കുന്ന ജനാധിപത്യവ്യവസ്ഥ അനുവദിച്ചിട്ടില്ലാത്ത ഈ സമരങ്ങൾ മൂലം നഷ്ടപ്പെട്ടിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് വളരെ വ്യക്തമായ നിലയിൽ ജുഡീഷ്യൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഇക്കഴിഞ്ഞ മൂന്ന് ദിവസമായി നാടിനേയും നാട്ടുകാരേയും ചുട്ടുകൊല്ലുന്ന ഈ സമീപനത്തിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ രണ്ട് ദിവസങ്ങളിലെ കേരളത്തിലെ വർത്തമാന പത്രങ്ങൾ മാത്രം പരിശോധിച്ചാൽ മതി. ദേശാഭിമാനി പത്രം അല്ലാതെ കേരളത്തിലെ ഏതെങ്കിലും പത്രം ഈ സമരത്തിനെ ന്യായീകരിച്ചുകൊണ്ട് ഒരക്ഷരം എഴുതിയിട്ടുണ്ടോ? ഒരു കാര്യം കൂടി പറയാനുണ്ട്. രജനി എന്ന കുട്ടി ജീവിച്ചിരുന്ന സന്ദർഭത്തിൽ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, സി.പി.ഐ. (എം.)-ന്റെ സംഘടനയിൽപ്പെട്ട ആളുകൾ ഇവരാരും തന്നെ ഈ സഹോദരിയെ സഹായിക്കാൻ ഉണ്ടായിരുന്നില്ല. ഇന്ന് ജീവിച്ചിരിക്കുന്ന രജനിയെ അല്ല മരിച്ച രജനിയെയാണ് ഇടതുപക്ഷത്തിന് ആവശ്യം.

<u>ശ്രീ. എ. സി. ഷൺമുഖദാസ്</u>: സർ, കൃഷിക്കാരുടെ കടവും ഉയർന്ന വിദ്യാഭ്യാസം നേടാനുള്ള വിദ്യാർത്ഥികളുടെ മോഹവും കച്ചവടമാക്കി മാറ്റുന്നതിന്റെ ദുരന്തമാണ് രജനിയുടെ ജീവനൊടുക്കാനുള്ള സംഭവത്തിന് കാരണം. ഇത് തുടക്കമായിട്ടല്ല ഇത് വ്യാപകമാകുന്നു എന്ന ഗൗരവാവസ്ഥ ഗവൺമെന്റ് കാണുന്നുണ്ടോ എന്ന് അറിഞ്ഞുകൂടാ. ഗവൺമെന്റുകൾ പ്രഖ്യാപനങ്ങൾ നടത്തുന്നു. ആ പ്രഖ്യാപനങ്ങൾ അർഹിക്കുന്നവർക്ക് ലഭിക്കുന്നില്ല. ബാങ്കുകളിൽനിന്ന് അനുവദിക്കുമെന്ന് പ്രഖ്യാപിച്ച സഹായധനം കൊടുത്തിരുന്നുവെങ്കിൽ ഇപ്പോൾ ആത്മഹത്യ നടക്കുമായിരുന്നില്ല. തുടർന്ന് വിദ്യാർത്ഥികൾ വികാരംകൊണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഇത് പുതിയ സംഭവമാണോ? ഈ വികാരംകൊണ്ടതിൽ രാഷ്ട്രീയമില്ല. അതുകൊണ്ടാണ് കെ. എസ്. യു.-ക്കാരും എസ്.എഫ്.ഐ.-ക്കാരും മറ്റ് വിദ്യാർത്ഥികളുമൊക്കെ ഒന്നിച്ച് വികാരം കൊണ്ടത്. ആ വികാരം കൊള്ളുമ്പോൾ നിയമത്തിന്റെ വാഴ്ചയിലൂടെ അത് തടയുന്നതിൽ ആന്റണി ഗവൺമെന്റ് പരാജയപ്പെട്ടു എന്നതാണ് ഈ രണ്ട് ദിവസം കേരളത്തിൽ കണ്ട കാഴ്ച. എത്ര വിദ്യാർത്ഥി സമരങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. പക്ഷേ ആന്റണിയുടെ ഗവൺമെന്റിന് ഈ കാര്യങ്ങളിലുണ്ടായ പരാജയം മറച്ചുവയ്ക്കാൻ ഉണ്ടായ ഒരു കുറുക്കുവഴിയായി. ഈ അടിയന്തിരപ്രമേയ ചർച്ച ചെയ്തുകൊണ്ട് പോകാതിരിക്കുന്നുവെങ്കിൽ അവിടെയൊന്നും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. ഈ നാടിനെ സംബന്ധിച്ചിടത്തോളം പഠിക്കാൻ മോഹമുള്ള കുട്ടികൾക്ക് പഠിക്കാൻ അവസരം ഉണ്ടെങ്കിൽ അതിനുള്ള സാമ്പത്തിക സൗകര്യം ലഭിക്കണം. അത് ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കാതെ മറ്റ് വലിയ കാര്യത്തെക്കുറിച്ചൊന്നും ആലോചിച്ചിട്ട് കാര്യമില്ല. ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാൻ പാടില്ല. ആവർത്തിക്കാതിരിക്കാൻ ഒരു ജുഡീഷ്യൽ എൻക്വയറി കൊണ്ട് സാധിക്കുമോ? ഈ സഭയുടെ രാഷ്ട്രീയ ചർച്ചയിലൂടെ രാഷ്ട്രീയ തീരുമാനത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ആ രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കാനുള്ള ഇച്ഛാശക്തി നിങ്ങൾക്കുണ്ടോ? പഞ്ചായത്തിനേയും ബ്ലോക്കിനേയും ജില്ലയേയും ഒക്കെ കുറ്റപ്പെടുത്തി ഉത്തരവാദിത്വത്തിൽനിന്നും ഒഴിയാൻ ശ്രമിക്കുന്നു. മരിച്ചവർക്കെതിരെ ഇന്നുവരെ ആരും സംസാരിച്ചിട്ടില്ല. അവർ ഏത് രീതിയിൽ മരിച്ചാലും നമ്മൾ വിലപിക്കുകയേയുള്ളൂ. രജനി ജീവനൊടുക്കിയ സംഭവത്തെ പോലും നിങ്ങൾ മറന്നുപോയിരിക്കുന്നു. ഒരു ആത്മഹത്യ നടന്നാൽ നമ്മൾ വിലപിക്കാറുണ്ട്; ദുഃഖിക്കാറുണ്ട്, അതിന് പരിഹാരം കാണാനായി ഒന്നിച്ച് ചിന്തിക്കാറുണ്ട്. പക്ഷേ നിങ്ങൾക്ക് അതിന് കഴിയുന്നില്ല എന്നതാണ് ഇവിടത്തെ പ്രശ്നം. തീർച്ചയായും രജനിയുടെ ആത്മാഹുതി എന്ന് പറയാവുന്ന രീതിയിൽ നടത്തിയിട്ടുള്ള ആത്മഹത്യ ഈ രാജ്യത്തു ഭാവിയിൽ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരുടെ പഠനത്തിനുള്ള രക്തസാക്ഷിയായി മാറുന്നു എന്നുള്ളതുകൊണ്ടാണ് വിദ്യാർത്ഥി വർഗ്ഗം ഈ കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ റോഡിൽ ഇറങ്ങിയതും ഈ കാര്യങ്ങളൊക്കെ നടത്തിയതും. അതിന് അവരെ ആരേയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഭാവി തലമുറയ്ക്ക് സംരക്ഷണം കൊടുക്കാൻ സാധിക്കുമോ എന്ന രാഷ്ട്രീയ പ്രശ്നമാണ് നമ്മുടെ മുന്നിലുള്ളത്. അവരെ സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടാകണം. ആത്മഹത്യയുടെ നാടായി കേരളം മാറുന്നു. ആത്മഹത്യമൂലം ഇപ്പോൾ കേരളത്തിൽ ശവകുമ്പാരങ്ങളാണ്. ആ ശവകുമ്പാരങ്ങളിൽ ആന്റണിയുടെ ഗവൺമെന്റ് കത്തിയെരിഞ്ഞ് നശിക്കാതിരിക്കണമെങ്കിൽ ഈ ഗവൺമെന്റ് പിടിപ്പുള്ള നടപടിയെടുക്കുന്ന ഗവൺമെന്റായി മാറണം. മാറ്റാൻ കഴിയണം. കഴിയില്ല എന്നതാണ് സത്യം. ഈ സംഭവത്തിന്റെ ഉത്തരവാദിത്വം എ.കെ. ആന്റണി ഗവൺമെന്റിനാണ്. രജനിയുടെ ആത്മഹത്യയ്ക്കുള്ള ഉത്തരവാദിത്വം ഉൾക്കൊള്ളാൻ നിങ്ങൾക്ക് കഴിയുമോ? ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, രജനിയുടെ ദൗർഭാഗ്യകരമായ മരണം കേരളത്തിൽ ആരേയും ഞെട്ടിപ്പിക്കുന്ന സംഭവമാണ്. ഞാൻ ആ കാര്യം മറച്ചുപിടിക്കുന്നില്ല. ഞാനും അതിൽ എന്റെ ആദരാഞ്ജലി അർപ്പിക്കാൻ ഈ അവസരം ആദ്യമായി വിനിയോഗിക്കുകയാണ്. അതേയവസരത്തിൽ എനിക്ക് ഏറ്റവും അഭിമാനം തോന്നിയത് ബഹുമാന്യനായ എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോടാണ്. സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നുള്ള പ്രമേയം അദ്ദേഹം അവതരിപ്പിച്ചില്ലായിരുന്നുവെങ്കിൽ ഇതുപോലെ ഒരു അവസരം ലഭിക്കില്ലായിരുന്നു. അതിന് അദ്ദേഹത്തോട് നന്ദി രേഖപ്പെടുത്താൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. അതുപോലെ എന്നും അടിയന്തിരപ്രമേയം അവതരിപ്പിക്കുക, മുഖ്യമന്ത്രി പ്രസംഗിക്കുക, കക്ഷി നേതാക്കൾ പ്രസംഗിച്ചിട്ട് ഇറങ്ങി പോവുക, ഞങ്ങൾ മേൽപ്പോട്ട് നോക്കി ഇരിക്കുക ആ സമ്പ്രദായത്തിന് മാറ്റം വരുത്തി വസ്തുതകളൊക്കെ സഭയിൽ കൊണ്ടുവരാനുള്ള അവസരം ഉണ്ടാക്കിയതിൽ ഞാൻ മുഖ്യമന്ത്രിയേയും അഭിനന്ദിക്കുകയാണ്. അവസാനമായി എന്റെ സ്നേഹിതൻ ശ്രീ. എ. സി. ഷൺമുഖദാസ് പ്രസംഗിക്കുന്നത് കേട്ടു. സഹകാര്യ മേഖലയിലെ വിദ്യാഭ്യാസ കച്ചവടമാണ് ഇതിന് കാരണമെന്ന്. ആ ഭാഗത്തുള്ള ആളുകളൊക്കെ പറഞ്ഞു. ഐ. എച്ച്. ആർ. ഡി. വിദ്യാഭ്യാസ കച്ചവടം നടത്തുന്ന സ്ഥാപനമാണോ? അണെങ്കിൽ അത് തുടങ്ങിയവരല്ലേ നിങ്ങൾ? ശ്രീ. എ. സി. ഷൺമുഖദാസ് മന്ത്രിയായിരുന്നപ്പോൾ തുടങ്ങിയതാണ് ഐ. എച്ച്. ആർ. ഡി. കോളേജുകൾ. ഇപ്പോൾ കാര്യം വ്യക്തമായില്ലേ? രജനിക്ക് അഡ്മിഷൻ കിട്ടിയത് എന്തുകൊണ്ടാണ്? സഹകാര്യ കോളേജ് വന്നതുകൊണ്ടാണ്. സ്വാശ്രയ കോളേജ് വന്നില്ലായിരുന്നുവെങ്കിൽ ഈ കുട്ടിക്ക് അഡ്മിഷൻ കിട്ടില്ല. ഇതുപോലെ ആയിരക്കണക്കിന് കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നു എന്നുള്ളതാണ് വസ്തുത. എന്ന് മാത്രമല്ല, സ്വാശ്രയ കോളേജുകൾ ആവശ്യമാണ് എന്നതിന്റെ തെളിവാണ് ഈ അടിയന്തിരപ്രമേയം. സ്വാശ്രയ കോളേജുകൾ ഈ രാജ്യത്തെ പാവപ്പെട്ട ഷെഡ്യൂൾഡ് കാസ്റ്റ് ഷെഡ്യൂൾഡ് ട്രൈബിൽപ്പെട്ട കുട്ടികൾക്ക്പോലും പ്രയോജനം ചെയ്യുന്നു എന്നതിന്റെ തെളിവായി ഞാൻ ഈ അടിയന്തിരപ്രമേയത്തെ കാണുകയാണ്. ഒരു കാര്യം പറയട്ടെ, ഡോ. എം. എ. കുട്ടപ്പൻ, ശ്രീ. നാലകത്തു സൂപ്പി ഇവരൊക്കെ രാജി വച്ചു പോകണം. എന്താണ് കാരണം? രജനിയെപ്പോലുള്ള എസ്.സി./എസ്.ടി. കുട്ടികൾക്ക് പഠിക്കാനുള്ള അവസരം ഉണ്ടാക്കി കൊടുത്തില്ലേ? അതുകൊണ്ട് അവർ രാജിവച്ചു പോകണം. പിന്നീട് ഡോ. എം. എ. കുട്ടപ്പൻ ചെയ്ത മറ്റൊരു അപരാധം എന്താണെന്ന് വച്ചാൽ 6-11-2001-ന് ഫീസ്, സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് ഇതെല്ലാം കൂടി 59,407 രൂപ കൊടുത്തു. ഡോ. എം. എ. കുട്ടപ്പൻ ചെയ്ത അബദ്ധം ഭയങ്കരമാണ്. അതുകൊണ്ട് രാജി വയ്ക്കാതെ നിർവ്വാഹമില്ല. ഈ കുട്ടിക്കുവേണ്ടി പണം അടച്ചില്ലേ? സർ, സാമ്പത്തികമായി കഴിവില്ലാതെ നിൽക്കുന്ന ഒരു

ഗവൺമെന്റിന് രജനിക്കുവേണ്ടി 50,000-ത്തിൽ ചിലാനം ഉറുപ്പിക 2002-ലും 55,600 ഉറുപ്പിക 2003-ലും നൽകിയ ഡോ. എം. എ. കുട്ടപ്പന് ഭരിക്കാൻ എന്ത് അവകാശമെന്നാണ് അവർ ചോദിക്കുന്നത്? കാരണം ഇത്രയും സാമ്പത്തിക പ്രയാസം ഉണ്ടായിട്ടും പട്ടികജാതിയിലെ ഒരു കുട്ടിക്ക് ഇങ്ങനെ കൊടുക്കുകയോ? ഒരു കാര്യം ഞാൻ പറയുന്നു, ഈ ഗവൺമെന്റ് ഭരിക്കുന്ന കാലത്തോളം ഈ 'വിഭാഗത്തെ നോക്കിക്കൊണ്ടു മാത്രമേ ഭരിക്കൂ എന്നുള്ള കാര്യത്തിൽ തർക്കം വേണ്ട, ...(ബഹളം).....ഒരു കാര്യം ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇതിനെതിരായി സമരം നടത്തുകയാണ്, എവിടെയാണ് സമരം നിൽക്കുന്നത്? 19 മന്ത്രിമാരെ ഞങ്ങൾ തുണ്ടുതുണ്ടാക്കുമെന്ന് ഇന്നലെ ഒരു ഡി. വൈ. എഫ്. ഐ. നേതാവ് പറയുന്നത് കേട്ടു, അതിനെ നേരിടാൻ കെൽപ്പുള്ള ജനതയാണ് കേരളത്തിലുള്ളത് എന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം. അതാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യം മനസ്സിലാക്കണം, കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ ജയിച്ചു, ജയിച്ചത് അവരുടെ സമരം കൊണ്ടാണ് എന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ ചിലർക്ക് അഭിപ്രായമുണ്ട്. ചിലരുടെ അഭിപ്രായം അതല്ല. ഭരണകക്ഷിയിലെ ചില അസ്വാരസ്യങ്ങൾ അതാണ് സത്യം, ഇനി ജയിക്കാൻ കുറച്ചു സമരംവേണം. ഈ സമരം നിങ്ങളുടെ അന്ത്യം കുറിക്കുന്ന സമരമായിരിക്കും. യാതൊരു സംശയവും നിങ്ങൾക്ക് വേണ്ട. കേരളത്തിലെ ജനങ്ങൾ ഇത് കാണുകയാണ്, സർ, മന്ത്രി ഇറങ്ങിവരുമ്പോൾ തടയുന്നു, ശ്രീ. നാലകത്തു സൂപ്പിയെ തടഞ്ഞു. അതുപോലെ ശ്രീ. പി. ശങ്കരനെ കണ്ണൂരിൽ വച്ച് കൈയേറ്റം ചെയ്തു. ശ്രീ. മുനീറിനെ തടഞ്ഞു. ശ്രീ. മുനീറിന്റെ മുഖത്തുനോക്കിയാൽ ഇത് ചെയ്യാൻ സാധിക്കുമോ? അത് കഴിഞ്ഞു, അതുകൊണ്ട് അവസാനിച്ചോ? ഒരു കാര്യം ഞാൻ പറയുന്നു, എനിക്ക് എസ്.എഫ്.ഐ.-ക്കാരോടു കുറച്ചു സ്നേഹം തോന്നുന്നു, കാരണം അവർ അക്രമം നടത്തിയിടത്തൊക്കെ ആൾ കുറവാണ്. നാല് ആൾ, മൂന്ന് ആൾ. എ. ഐ. എസ്. എഫ്. ഇന്നലെ തടഞ്ഞു, ശ്രീ. നാലകത്തു സൂപ്പിയെ തടഞ്ഞത് മൂന്ന് ആളാണ്. .....(ബഹളം)..... ഒരു കാര്യം ഞാൻ സമ്മതിക്കുന്നു. എസ്. എഫ്. ഐ. -ക്കാരെ ഞാൻ ഒരു കണക്കിൽ അഭിനന്ദിക്കുകയാണ്. അവർ എന്താണ് ചെയ്തത്? യാതൊരു നോട്ടവും ഇല്ല. ആരേയും ചെയ്യും, എന്താണ്? തോട്ടത്തിൽ രവീന്ദ്രനെ വരെ എന്തും ചെയ്യും, മനസ്സിലാക്കണം. തോട്ടത്തിൽ രവീന്ദ്രൻ ഇതുകഴിഞ്ഞ് ഒരു പത്രസമ്മേളനം നടത്തി, ഞാൻ അത് ടി. വി. യിൽ കണ്ടു, എലി വിറയ്ക്കുംപോലെ, വിറയ്ക്കുകയാണ്, സർ, ആ സന്ദർഭത്തിൽപോലും തോട്ടത്തിൽ രവീന്ദ്രൻ വിറയ്ക്കുന്നു, എലി വിറയ്ക്കുംപോലെ, എന്നിട്ട് അദ്ദേഹം പറയുകയാണ്, ഞാൻ ചവിട്ടി ഡോർ തുറന്നില്ലായിരുന്നെങ്കിൽ അമ്മേ, ഞാൻ എന്താകുമെന്ന് നിങ്ങൾ ആലോചിച്ചു നോക്കൂ, ഒരു കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് നേതാവിന്റെ സ്ഥിതിയാണ്, ഒരു കാര്യം ഞാൻ പറയട്ടെ, എസ്. എഫ്. ഐ.-ക്കാർ ചെയ്തത് എന്താണെന്നറിയാമോ? ആൾ ഇൻഡ്യാ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ നിങ്ങളോട് ബന്ധമുള്ളവരാണ്, ഞങ്ങൾക്ക് എതിരായിട്ടുള്ള ആളുകളാണ്. നിങ്ങൾ മനസ്സിലാക്കണം, അവിടെ പോയി ചവിട്ടിപ്പൊളിച്ചു ആ അസോസിയേഷന്റെ ഓഫീസ് മാത്രമല്ല, സ്ത്രീകളെ

LIBRARY ARCHIVES Kerala Legislative Assembly

കസേരയെടുത്ത് അടിക്കുന്ന ചിത്രം കണ്ടു, അതുകഴിഞ്ഞിട്ട് അവർതന്നെ പറയുന്നത് എന്താണ്? ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. അവർ തന്നെ പറയുന്നു, ഞങ്ങളും നിങ്ങളെ അനുകൂലിക്കുന്നവരാണ്, ഞങ്ങളോട് ഇത് ചെയ്തു, ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു എന്ന് ഒരു കാര്യം ഞാൻ പറയുന്നു, ഞങ്ങളുടെ യു. ഡി. എഫ്. മാത്രമല്ല. നിങ്ങളുടെ നിർദ്ദേശം അതായിരുന്നെങ്കിൽ എസ്. എഫ്. ഐ.-ക്കാരെ നിങ്ങളുടെ ആളുകളും ചെയ്തിരിക്കുന്നു. അതിന് ഞാൻ അവരെ അഭിനന്ദിക്കുന്നില്ല. അതിൽ അവർ നിഷ്പക്ഷമാണ് എന്ന കാര്യത്തിൽ സംശയമില്ല. എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം എന്താണെന്നറിയാമോ? പാവപ്പെട്ട നിരപരാധികളായവരെ 'ആശുപത്രിയിൽ മരുന്നു വാങ്ങാൻ പോകുന്നവരെ അതുപോലെ ലോണും മറ്റും വാങ്ങാൻ പോകുന്നവരെ കണ്ണും കാലും ഇല്ലാത്തവരെ മുഴുവൻ നിങ്ങൾ ബസിന് തീ വച്ചും, തടഞ്ഞിട്ടും ആക്രമിക്കുകയാണ്. സർ, വാളയാറിലെ ജനങ്ങളുടെ സുഖം ആലോചിച്ചു നോക്കണം. അവിടെ ബസ് തടയുന്നു? ആദ്യം പോയി പോലീസ് സ്റ്റേഷനിൽ കയറി പിടിച്ചുകൊണ്ടുവരുന്നു സർ, അതിനുശേഷം അവർ പോകുന്നു, അപ്പോൾ പോലീസ് ബസ് തടയുന്നു ആ ബസിന് തീ വയ്ക്കാൻ ശ്രമിക്കുന്നു. 73 ആളുകൾ ആ ബസിലുണ്ട്. പോലീസ് സന്ദർഭത്തിനനുസരിച്ച് പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ 73 ശവശരീരം ഏറ്റുവാങ്ങേണ്ടിവരുമായിരുന്നു. പണ്ട് 19 എണ്ണം ഏറ്റുവാങ്ങാൻ വയനാട്ടിൽ പോയതുപോലെ പോകേണ്ടിവരുമായിരുന്നു എന്നുള്ള കാര്യം മനസ്സിലാക്കണം. ഞാൻ ഒരു കാര്യം നിങ്ങളോട് പറയട്ടെ, ഇതൊക്കെ എന്ത് ക്രൂരതയാണ്! ഈ സർക്കാർ ഇതിന് ഉത്തരവാദിയാണോ? എന്ത് ക്രൂരതയാണ് നിങ്ങൾ കാണിക്കുന്നത്? അത് തടയാൻ നിങ്ങൾക്ക് ആകുന്നുണ്ടോ? നിങ്ങളുടെ പാർട്ടിയിൽ അഭിപ്രായ വ്യത്യാസമില്ലേ? ഇന്നത്തെ മാതൃഭൂമി പത്രം എടുത്തുനോക്കൂ, നിങ്ങളുടെ പാർട്ടിയിൽത്തന്നെ ഇത് ശരിയല്ല, എന്നുള്ള അഭിപ്രായക്കാരും ഇത് ശരിയാണ് ഇത് പോരാ, ആ തീ വച്ചപ്പോൾ ബസ്സിൽ ആൾ മരിച്ചില്ലല്ലോ എന്നുപറയുന്ന ആളുകളും ഉണ്ടെന്നുള്ള കാര്യം മനസ്സിലാക്കണം. ഇത്തരം ഭീകരമായ സംഭവങ്ങൾ ഈ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ? നിങ്ങളുടെ ഉദ്ദേശ്യം എന്താണ്? ഞാൻ ഒരു കാര്യം പറയട്ടെ, ഈ കുട്ടി മരിച്ചു, ദൗർഭാഗ്യകരം സർ, അത് അന്വേഷിക്കണം. ഞാൻ അതിന് എതിരല്ല. കുട്ടി മരിക്കാനുള്ള കാരണം എന്താണ് എന്നന്വേഷിക്കണം. ' ഈ കുട്ടി എഴുതിവച്ചതിൽ ആ കാരണമൊന്നും പറഞ്ഞിട്ടില്ല. കുട്ടി എഴുതിവച്ചതിൽ കുട്ടി പറയുന്നത് I am going.....ഞാൻ പോകുന്നു എന്നല്ലാതെ നിങ്ങൾ പറഞ്ഞ കാര്യം പറഞ്ഞിട്ടില്ല. ഞാൻ നിങ്ങളെ അനുകൂലിക്കുകയാണ്. .....(ബഹളം).....ഞാൻ നിങ്ങൾ പറയുന്നത് തെറ്റാണെന്ന് പറയുന്നില്ല.. ആ കുട്ടി പറഞ്ഞില്ല എന്നേ പറയുന്നുള്ളൂ. ആ കുട്ടി പറഞ്ഞത് I am going from the world .....I am going from the world .....പത്രം, മാതൃഭൂമി, ജൂലൈ 23, വെള്ളിയാഴ്ച, സർ. I am going from the world, എന്നല്ലാതെ എന്റെ ഫീസ് കൊടുത്തില്ല, ബാങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് പണം തന്നില്ല, എന്നൊന്നും ആ കുട്ടി പറഞ്ഞിട്ടില്ല. ചിലപ്പോൾ നിങ്ങൾ പറഞ്ഞത് ശരിയായേക്കും. അത് അന്വേഷണത്തിൽ വരട്ടെ. പക്ഷെ നിങ്ങൾക്ക് എവിടെ നിന്നാണ് ഇങ്ങനെ പറയാനൊക്കെ തെളിവ് കിട്ടിയത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ അടുത്ത് പ്രസംഗിക്കാൻ പോകുന്നു. അദ്ദേഹം പറയട്ടെ, ഞാൻ ഒരു കാര്യം കൂടി പറയട്ടെ സർ, ഈ കുട്ടിയുടെ മരണം എന്തുകൊണ്ടാണെന്ന് എനിക്ക് അറിയില്ല. ചിലപ്പോൾ നിങ്ങൾ പറഞ്ഞതാകും. അത് അന്വേഷണത്തിൽ വരും. കേരളകൗമുദി, ജൂലൈ 24, ശനി ഇത് കേട്ട് സന്തോഷിച്ചാണ് അടൂർ ഐ. എച്ച്. ആർ. ഡി.-യിൽ എത്തിയത്. കൂടിശ്ശിക അടയ്ക്കാതെ ടി.സി. തരില്ല എന്നുപറഞ്ഞ് തിരിച്ചയച്ചു, രണ്ടാമത് ചെന്നപ്പോൾ ടി. സി. എൻട്രൻസ് കമ്മീഷണർ ഓഫീസിൽ നിന്ന് കിട്ടുമെന്ന് പറഞ്ഞയച്ചു. കേരളകൗമുദിയിൽ വന്ന വാർത്തയാണ്. ഞങ്ങളും നിങ്ങളും അംഗീകരിക്കുന്ന പത്രമാണ്. നിങ്ങൾ, ഞങ്ങളേക്കാൾ കൂടുതൽ, നിങ്ങളേക്കാൾ കൂടുതൽ ഞങ്ങൾ. അത് വാങ്ങാനാണ് ചൊവ്വാഴ്ച രജനി വീട്ടിൽ നിന്ന് ഇറങ്ങിയത്. അന്നും പിറ്റേന്നും രജനിയെ കണ്ടില്ല, അന്വേഷിക്കാൻ ഇടവുമില്ല. അപ്പോഴാണ് വ്യാഴാഴ്ച വൈകിട്ട് അയൽപക്കത്ത് മരണവാർത്ത ഫോൺ വന്നത്. ഈ ചൊവ്വാഴ്ചയും ബുധനാഴ്ചയും എവിടെയായിരുന്നു? അന്വേഷണത്തിൽ വരും. അന്വേഷണത്തിൽ അത് വരണം.

മി. ഡെപ്യൂട്ടി സ്പീക്കർ: .....പ്ലീസ്.....(ബഹളം).....പ്ലീസ്, അദ്ദേഹത്തിന് പറയാൻ അവകാശമില്ലേ?

Shri Kodiyeri Balakrishnan: Sir, I raise a point of order.

Mr. Deputy Speaker: Please resume your seat.....please resume your seat.....

ശ്രീ. ആര്യാടൻ മുഹമ്മദ്: പോയിന്റ് ഓഫ് ഓർഡറിന് ഞാൻ വഴങ്ങിക്കൊടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ശ്രീ. ആര്യാടൻ മുഹമ്മദ് സംസാരിക്കുന്നതിനിടയിൽ ദുഃസൂചനയുടെ പരാമർശമാണ് നടത്തിയിരിക്കുന്നത്. മരിച്ചതിന് രണ്ടു ദിവസം മുൻപ് ആ കുട്ടി എവിടെയായിരുന്നു എന്നുള്ളതിനെ സംബന്ധിച്ച് ദുഃസൂചനയോടുകൂടിയാണ് പരാമർശം, ഇത് രേഖയിൽ ഉണ്ടാകാൻ പാടില്ല. മരിച്ച ആളെ അപമാനിക്കാൻ പാടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഒരു ദുഃസൂചനയുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ആര്യാടൻ കൺക്ലൂഡ് ചെയ്യണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: .....ബഹളം..... ഒരു ദുസ്സൂചനയുമില്ല. കേരളകൗമുദി പത്രത്തിലെ ഒരു വാചകം ഉദ്ധരിക്കുക മാത്രമാണ് ചെയ്തത്. ഒരു പത്രം കാട്ട് ചെയ്താൽ അത് ദുസ്സൂചനയാകുമോ? കേരളകൗമുദിപോലുള്ള ഒരു പത്രം എഴുതിയ റിപ്പോർട്ട് ഞാൻ കാട്ട് ചെയ്താൽ അത് കേരളകൗമുദിയെ

LIBRARY ARCHIVES Kerala Legislative Assembly

അപമാനിക്കുന്നതിനു തുല്യമല്ലേ മിസ്റ്റർ കോടിയേരി ബാലകൃഷ്ണൻ കേരളകൗമുദിയുടെ റിപ്പോർട്ടാണ് ഞാൻ അവലംബിക്കുന്നത്. അതൊരു ദുസ്സൂചനയാണോ? കേരളകൗമുദി ഇത്രയും മോശമായ പത്രമാണോ? ഞാൻ ഒരു കാര്യം കൂടി മാതൃഭൂമി പത്രത്തിൽ വന്നത് കാട്ട് ചെയ്യുന്നു. .....ബഹളം.....

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ് പ്ലീസ്, ...ബഹളം.....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> I want protection. എന്റെ പൊസിഷനാണല്ലോ.....ബഹളം.....ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുന്നു. ഇന്നത്തെ മാതൃഭൂമിയുടെ എഡിറ്റോറിയൽ ഞാൻ കാട്ട് ചെയ്യാം. അക്രമാസക്തമായ സമരങ്ങൾ, അതിന്റെ മീതെ രജനിയുടെ മരണശേഷം നടന്ന സമരങ്ങൾ പലയിടത്തും പൊടുന്നനെയാണ് വ്യാപകമായ അക്രമങ്ങളുണ്ടായത്. സാമൂഹ്യവിരുദ്ധർ സമര രംഗങ്ങളിൽ നുഴഞ്ഞുകയറി തീവയ്പ് നടത്തിയെന്നതിനുള്ള തെളിവാണ് എന്നേ എനിക്ക് പറയാനുള്ളൂ. സമരങ്ങളും, അക്രമങ്ങളും നടന്നു. സാമൂഹ്യവിരുദ്ധരെന്ന് മാതൃഭൂമി പത്രം എഴുതി. നിങ്ങളും ഞങ്ങളും ,അംഗീകരിക്കുന്ന ശ്രീ. എം. പി. വീരേന്ദ്രകുമാറിന്റെ പത്രം, മാതൃഭൂമി പറഞ്ഞതാണ്. നിങ്ങൾ സാമൂഹ്യവിരുദ്ധരാണോ? എസ്. എഫ്. ഐ. സാമൂഹ്യവിരുദ്ധരാണോ? അല്ലെങ്കിൽ വേറെ ആളുകൾ അവിടെ വന്നോ? നിങ്ങൾ വ്യക്തമാക്കണം. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വ്യക്തമാക്കണം. .....ബഹളം..... അക്രമാസക്തമായ സമരം സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കും. കേരളത്തിൽ മൂലധനം ഇറക്കാനുള്ള സാഹചര്യമല്ല ഉള്ളതെന്ന ധാരണ മറുനാടൻ വ്യവസായികൾക്കുണ്ടായിരുന്നു. ഈയിടെയാണ് അതിന് കുറച്ചെങ്കിലും മാറ്റം ഉണ്ടായത്. തൊഴിൽ ഉൾപ്പെടെയുള്ള മേഖലകളിൽ അനുകൂലമായ സാഹചര്യമാണുണ്ടായിരുന്നത്. .....(ബഹളം)..... ലോകപ്രശസ്ത കാർ നിർമ്മാണ കമ്പനിയായ ബി. എം. ഡബ്ല്യു. കേരളത്തിൽ കാർ നിർമ്മാണ സ്ഥാപനം തുടങ്ങാനുള്ള സാദ്ധ്യതകൾ ആരായാൻ എത്തിയിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിവിശേഷം തുടർന്നാൽ അതിൽ ഉണ്ടാകുന്ന ധാരണ എന്തായിരിക്കും? ഈ പറയുന്ന ലോകപ്രശസ്തമായ കാർ നിർമ്മാണ കമ്പനി, മാതൃഭൂമി പറയുന്നു, ആന്ധ്രാ പ്രദേശിലും കർണ്ണാടകത്തിലും നോക്കിയിട്ട് അവർ കേരളത്തിലേക്ക് വരുന്നു. അത് തടയുകയാണ് ഈ പ്രതിപക്ഷത്തിന്റെ ലക്ഷ്യം എന്ന്. ഞാൻ പറയട്ടേ നിയമസമാധാനം തകർത്തു. 18-7-2004-ലെ കേരളശബ്ദത്തിൽ സൗമ്യയുടെ പഴയകാല ഫോട്ടോ .....ബഹളം..... ഒന്നര വർഷമായി ചിഞ്ചു ബാലനും സൗമ്യയുമായി പ്രണയത്തിലായിരുന്നു. .....ബഹളം..... തന്റെ മകളുടെ ആത്മഹത്യയിൽ ചിഞ്ചുബാലന് പങ്കുണ്ടെന്ന് പിതാവ് വാസുദേവൻ പിള്ള പോലീസിൽ പരാതിപ്പെട്ടിരിക്കുന്നു. ഇതുകൂടി ആ കൂട്ടത്തിൽ ഒന്ന് പരിശോധിക്കണം. പോലീസിനെ ആക്രമിച്ച, പോലീസ് സ്റ്റേഷനുകൾ ആക്രമിച്ച, പോലീസുകാരെ പരിക്കേൽപ്പിച്ച, കുറ്റവാളികളുടെ പേരിൽ ശക്തമായ നടപടി

LIBRARY ARCHIVES Kerala Legislative Assembly

വേണം. ഞാൻ അവസാനിപ്പിക്കുന്നു. പി. ഡി. പി. ആക്ടിൽ സർക്കാരിന്റെ വാഹനങ്ങളും സ്വത്തുക്കളും നശിപ്പിച്ചാൽ നടപടി സ്വീകരിക്കാൻ ഭേദഗതി കൊണ്ടുവരണം. മാത്രമല്ല, ഏത് ഗവൺമെന്റ് ഉദ്യോഗസ്ഥനായാലും, പോലീസ് അടക്കമുള്ളവരെ ആക്രമിച്ചാൽ ഇതിനൊക്കെ പരാതി വേണം. ഇതിന് നടപടി ഉണ്ടാകണം. ടേംസ് ഓഫ് റഫറൻസിൽ പോലീസിനെ ആക്രമിച്ചാൽ പൊതുസ്വത്ത് നശിപ്പിച്ചാൽ നിരപരാധികളെ ഹീഡിപ്പിച്ചാൽ നടപടിയുണ്ടാവണം. ഈ രാജ്യത്ത്, ഒരു കാര്യം ഗൗരവമായി കാണണം. രജനിയുടെ കാര്യത്തോടൊപ്പം സൗമ്യയുടെ കാര്യം കൂടി ഉൾപ്പെടുത്തി നീതിപൂർണ്ണമായ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവണ്മെന്റ് തയ്യാറായതിൽ അഭിനന്ദിച്ചുകൊണ്ടും ഈ സമരമാർഗ്ഗം അവസാനിപ്പിച്ചില്ലെങ്കിൽ അത് മാർക്സിസ്റ്റ് പാർട്ടിയുടെ അന്ത്യം കുറിക്കുമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടും ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. പി. രാജേന്ദ്രൻ തുടങ്ങിയവർ അവതരിപ്പിച്ച അടിയന്തിരപ്രമേയം, അതിന്റെ പ്രാധാന്യം മനസ്സിലാക്കി, സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യുക എന്നത് നിഷേധിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ച ചെയ്യാൻ തയ്യാറായത് സന്തോഷകരം തന്നെയാണ്. അദ്ദേഹം അംഗീകരിച്ചുകഴിഞ്ഞാൽ ചട്ടം അനുസരിച്ച് പന്ത്രണ്ടര മണി കഴിഞ്ഞായിരിക്കുമല്ലോ അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ടത്. എന്നാലും അതനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഉടനെതന്നെ ഇത് ചർച്ച ചെയ്യാൻ തുനിയുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് അംഗീകരിക്കുകയും, പ്രതിപക്ഷവും അംഗീകരിച്ച് ചർച്ച നടത്തുകയുമാണ്. ഇതുസംബന്ധിച്ച് അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, നിർദ്ധനയും പാവപ്പെട്ടവളുമായ രജനിയെ ആത്മഹത്യയിലേക്ക് തള്ളാനിടയാക്കിയ സാഹചര്യങ്ങളെസംബന്ധിച്ച് ഇവിടെ വിവരിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കാലത്ത് ഐ. എച്ച്. ആർ. ഡി. അടക്കമുള്ള സ്ഥാപനങ്ങളിൽ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും നൽകിയിരുന്ന ഫീസ് ആനുകൂല്യവും ഹോസ്റ്റൽ ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ആനുകൂല്യവുമെല്ലാം 2004 ഫെബ്രുവരിവരെ അംഗീകരിച്ച ഗവണ്മെന്റ് 2004 മാർച്ചോടുകൂടി ആ ആനുകൂല്യങ്ങളിൽ ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും എടുത്തുകളഞ്ഞു. ആ നയസമീപനത്തെ സംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ നോട്ടീസ് വഴി ബഹുമാനപ്പെട്ട എ. കെ. ബാലൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഇത് ദൂരവ്യാപകമായ ഫലം, കാർഷികമേഖലയിലും മറ്റെല്ലാം നടക്കുന്നതു പോലെയുള്ള ആത്മഹത്യയുടെ സ്ഥിതി ഈ മേഖലയിലും ഉണ്ടാകുന്നതാണെന്ന് പറയുകയും ചെയ്തു. ഇതുമൂലം നിർഭാഗ്യവാൻമാരും നിർഭാഗ്യവതികളുമായ ഹരിജൻ കുട്ടികൾക്ക് തുടർന്നു പഠിക്കാൻ കഴിയാത്ത സ്ഥിതിവരുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. അത് ഉടനെതന്നെ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും അത് ശ്രദ്ധിക്കുവാനോ പരിഗണിക്കാനോ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തയ്യാറായില്ല. ഇപ്പോൾ ഈ പാവപ്പെട്ട, നിർഭാഗ്യവതിയായ രജനിയെ കുറ്റപ്പെടുത്തി, അപമാനിച്ചുകൊണ്ട് രണ്ട് മന്ത്രിമാർ ആദ്യം തന്നെ രംഗത്ത് വന്നു. ഐ. എച്ച്. ആർ. ഡി.-യിലുള്ള ഉദ്യോഗസ്ഥൻമാരും പ്രിൻസിപ്പാളും ഒന്നും തന്നെ കുഴപ്പം കാണിച്ചിട്ടില്ലെന്ന് അന്ന് സഭയിൽ ഇല്ലാതെയിരുന്ന എന്റെ സുഹൃത്ത്, വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. നാലകത്ത് സൂപ്പി പിറ്റേദിവസം തന്നെ ഒരു പ്രസ്താവനയിറക്കുകയുണ്ടായി. അതുപോലെതന്നെ ഹരിജൻ വകുപ്പിൽ ചെയ്യാവുന്ന കാര്യങ്ങളെല്ലാം ഞങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുകയാണെന്ന് പറഞ്ഞുകൊണ്ട് ആ കുട്ടിയേയും കുട്ടിയുടെ കുടുംബാംഗങ്ങളെയും എല്ലാം അവഹേളിക്കത്തക്ക വിധത്തിലുള്ള സ്റ്റേറ്റ്മെന്റാണ് ഈ രണ്ട് മന്ത്രിമാരുടെയും ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. വാസ്തവത്തിൽ ആനുകൂല്യം നിഷേധിച്ച ഹരിജൻ വകുപ്പ് മന്ത്രിയും അതുപോലെതന്നെ ഐ.എച്ച്.ആർ.ഡി.-യിലുള്ള ആനുകൂല്യങ്ങളൊന്നും കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ അവിടെ നിന്ന് ടി.സി. എങ്കിലും തരാൻ ആ കുട്ടി ആവശ്യപ്പെട്ടിട്ട് അതുപോലും കൊടുക്കാൻ തയ്യാറാകാത്ത കുറ്റവാളികളാണ് ആ കുട്ടിയുടെ മരണത്തിന് ഉത്തരവാദികൾ. ആ കുട്ടിയെ ഇതുപോലെയുള്ള സ്ഥിതിയിലേക്ക് തള്ളാൻ കാരണക്കാരായിട്ടുള്ള മന്ത്രിമാരുടെ പേരിൽ വാസ്തവത്തിൽ കൊലക്കുറ്റത്തിന് കേസെടുക്കേണ്ടതാണ്. അങ്ങനെ ചെയ്യാൻ തയ്യാറായില്ല എന്നതോ പോകട്ടെ, ഇതുസംബന്ധിച്ച് മുഖ്യമന്ത്രി ജുഡീഷ്യൽ എൻക്വയറി പ്രഖ്യാപിച്ചപ്പോൾ സാമാന്യമര്യാദയനുസരിച്ച് ജുഡീഷ്യൽ എൻക്വയറി കഴിഞ്ഞതിനുശേഷം വീണ്ടും സ്ഥാനം ഏറ്റെടുക്കാമെന്നുള്ള നിലയിൽ റിസൈൻ ചെയ്തുപോകാനുള്ള പ്രാഥമിക മര്യാദയെങ്കിലും അവർ കാണിക്കേണ്ടതായിരുന്നു. അത് കാണിച്ചില്ല എന്നതോ പോകട്ടെ, ഇന്നിപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭാനടപടി നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള അവസരമൊരുക്കിയപ്പോൾ വളരെ സന്തോഷത്തോടുകൂടി എന്റെ സ്നേഹിതൻ ശ്രീ. ആന്റണിയുടെ പുറകിൽ അണിനിരത്തിയിട്ടുള്ള സുഹൃത്തുക്കൾ ഓരോരുത്തരുടെയും പാർട്ടിയുടെ സമയം വീതിച്ചുകൊടുത്തത് കയ്യിൽ കിട്ടിയതോടുകൂടി അത് ഉപയോഗിച്ചുകൊണ്ട് ആ പാവപ്പെട്ട രജനിയുടെ മാതാപിതാക്കളുടെ നേരെ നടത്തിയിട്ടുള്ള അത്യന്തം ഹീനമായ, നിഷ്ഠൂരമായ വിശദീകരണം ഞങ്ങളെയെല്ലാം അത്ഭുതപ്പെടുത്തി. കത്തിക്കുക എന്നുള്ള സ്ഥിതിയിലേക്ക് ഈ നാടിനെയും വിദ്യാർത്ഥികളെയും യുവജനങ്ങളെയും തള്ളിയത് നിങ്ങളുടെ രണ്ട് മന്ത്രിമാരുടെ സ്റ്റേറ്റ്മെന്റാണ്. ഇവിടെ അതുസംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി നടത്താമെന്ന് പറഞ്ഞ സാഹചര്യത്തിൽ, സഭ വാക്കൗട്ടിലേക്ക് എത്താതെ സമാധാനപരമായി പിരിഞ്ഞ സാഹചര്യത്തിൽ വാസ്തവത്തിൽ പ്രകോപനപരമായ രീതിയിൽ ഒരു സംഭവം ഉണ്ടാകാതിരിക്കാൻ തക്കവിധത്തിലുള്ള സാഹചര്യങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് വരേണ്ടതും. ആ കുട്ടിയുടെ ദൗർഭാഗ്യകരമായ മരണത്തെത്തുടർന്ന് അത്യന്തം രോഷാകുലരായിരിക്കുന്ന വിദ്യാർത്ഥികളേയും യുവാക്കളേയും രക്ഷകർത്താക്കളേയും എല്ലാം തന്നെ വീണ്ടും പ്രകോപിപ്പിക്കാൻ സഹായകരമായ സ്റ്റേറ്റുമെന്റുകളാണ് ഈ മാന്യൻമാരായ ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുള്ളത്. ഈ നാടാകെ ഇളകിമറിയാൻ ഇടയാക്കിയിട്ടുള്ളത് ആ പ്രകോപനപരമായ സ്റ്റേറ്റുമെന്റുകളാണ്. അതുകാണാതെ നമ്മുടെ മന്ത്രി മാരെന്ന് ന്യായീകരിച്ചുകൊണ്ട്, പ്രസ്താവനകൾ ഇറക്കിയത് മറച്ചുവച്ച് കക്ഷിപരിഗണനകൾക്ക് അതീതമായി എസ്. എഫ്. ഐ.-ക്കാരും ഡി. വൈ. എഫ്. ഐ-ക്കാരുമാണ് അക്രമം നടത്തിയെന്നു പറയുന്നത്. കെ. എസ്. യു.-വിലെ കുട്ടികളും നേതാക്കൻമാരും അടക്കം അതുപോലെതന്നെ കെ.പി.സി.സി.-യുടെ സെക്രട്ടറിമാരിൽ ഒരാൾ അടക്കം പ്രതിഷേധ പ്രസ്താവനയും സ്ഥാപനം തല്ലിപ്പൊളിക്കലുമായി ഇറങ്ങേണ്ടിവന്നത് തങ്ങളും ഈ ദുരന്തത്തിലുള്ള ഹീനമായ പ്രസ്താവനകളോട് എന്തെങ്കിലും പ്രതികരിച്ചില്ലെങ്കിൽ ശരിയല്ല എന്നുള്ള നിലയിൽ ആണ് കക്ഷിപരിഗണനകൾക്ക് അതീതമായി വന്ന വികാരത്തെ അതുപോലെതന്നെ കാണാൻ കൂട്ടാക്കാതെ എസ്.എഫ്.ഐ.-ക്കാരും ഡി.വൈ.എഫ്.ഐ.-ക്കാരും മാത്രമേ കത്തിക്കൽ, ആക്രമണം എന്നിവ നടത്തിയിട്ടുള്ളുവെന്ന് പറഞ്ഞുകൊണ്ട് യഥാർത്ഥ പ്രശ്നത്തെ ട്വിസ്റ്റ് ചെയ്യാൻ നടത്തുന്ന ശ്രമങ്ങൾ വിജയിക്കാൻ പോകുന്നില്ല. തോട്ടത്തിൽ രവീന്ദ്രൻ അടക്കമുള്ള ആളുകളെ ആക്രമിച്ചു എന്നു പറഞ്ഞു. ആക്രമി ക്കാൻ ഇടയായിട്ടുള്ള ആളുകൾ ആരാണെന്ന് ഞങ്ങൾ ഇപ്പോൾ ചിന്തിക്കുന്നില്ല. ഞങ്ങൾ അതിൽ പ്രകടമായ വികാരത്തെയാണ് എടുക്കുന്നത്. കക്ഷി പരിഗണനകൾക്ക് അതീതമായി നമ്മുടെ സംസ്ഥാനത്തെ ഇളക്കിമറിച്ചത് ഈ രണ്ട് മന്ത്രിമാരുടേയും സ്റ്റേറ്റുമെന്റുകളാണ്. അതിനെത്തുടർന്നാണ് പ്രക്ഷോഭവും പ്രതിഷേധവും ഉണ്ടായിട്ടുള്ളത്. അത് വെറും താൽക്കാലികമായ പ്രതിഷേധമായിരുന്നു. അതുകഴിഞ്ഞ് അത് കെട്ടടങ്ങി. അത് വർദ്ധിപ്പിക്കാൻ ഇടയാക്കത്തക്ക വിധത്തിലുള്ള നടപടി ആരുടെ ഭാഗത്ത് നിന്നാണ് പിന്നെ ഉണ്ടായത്? മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ പോലീസിന്റെ ഭാഗത്ത് നിന്നാണ്. ആ താൽക്കാലികമായ വികാരക്ഷോഭം കഴിഞ്ഞൊട്ടെ എന്ന് കരുതിയിരുന്നെങ്കിൽ ഒരു പ്രശ്നവുമുണ്ടാകുമായിരുന്നില്ല. നാടടക്കം വിദ്യാർത്ഥികളെ, അതിലും എസ്. എഫ്. ഐ.-ക്കാരെ, എ. ഐ. വൈ. എഫ്.-ക്കാരെ, ഡി. വൈ. എഫ്. ഐ.-ക്കാരെ മാത്രമായിട്ട് തെരഞ്ഞുപിടിച്ച് ക്രൂരമായി മർദ്ദിക്കുക എന്നുള്ള നിലപാടാണ് എടുത്തത്. അതേസമയം യുവകോൺഗ്രസിന്റെ നേതാക്കൻമാരെ പിടിച്ച് ഉമ്മ വച്ച് കാണില്ല, പക്ഷേ അവർക്ക് വേണ്ട ചായയെല്ലാം കൊടുത്തിട്ട് സ്റ്റേഷനിൽ കൊണ്ടുപോയി പറഞ്ഞയച്ചു. അതേസമയം എസ്. എഫ്. ഐ.-യുടെ ജനറൽ സെക്രട്ടറി രാജേഷ് പുജപ്പുര സെൻട്രൽ ജയിലിലാണ്. ക്രൂരമായ മർദ്ദനത്തിന് വിധേയനായി ഇപ്പോഴും അവിടെ കിടക്കുകയാണ്. അതുപോലെതന്നെ എ. ഐ. വൈ. എഫ്.-ന്റെ ജില്ലാ പ്രസിഡന്റും മറ്റുള്ള നേതാക്കൻമാരും ജയിലിലാണ്. എങ്കിലും കെ. എസ്. യു.-ന്റെ നേതാക്കൻമാർ അവരുടെ നേതാക്കൾ ഭരിക്കുന്ന അവസരത്തിൽ പുറത്തിറങ്ങി പ്രതിഷേധവും കാണിച്ച് തല്ലിപ്പൊട്ടിച്ചു എന്നൊരു പ്രസ്താവനയും ഇറക്കിയതിന് കാരണമുണ്ട്. എസ്. എഫ്. ഐ.-ക്കാരും എ. ഐ. വൈ. എഫ്.-ക്കാരും മാത്രമായിട്ട് അങ്ങനെ ആവേശം കൊള്ളണ്ട ഞങ്ങളും ഈ തെമ്മാടിത്തരത്തിന് എതിരാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

വരുത്താൻ വേണ്ടി അതുസംബന്ധിച്ച് പ്രസ്താവനയിറിക്കിയിട്ടുണ്ട്. എന്റെ അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർക്കൊന്നും, അവസാനം സംസാരിച്ച എന്റെ സ്നേഹിതൻ ശ്രീ. ആര്യാടൻ മുഹമ്മദിനു പോലും ഈ വികാരം മനസ്സിലാക്കാൻ കഴിയാതെ പോയിരിക്കുന്നു. സ്വാഭാവികമായിട്ടും ഇതുസംബന്ധിച്ചുള്ള ജുഡീഷ്യൽ എൻക്വയറി ശരിയായിട്ട് നടത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എ. കെ. ആന്റണി അന്ന് പ്രഖ്യാപിച്ചതുപോലെ ജുഡീഷ്യൽ എൻക്വയറി ന്യായമായ നിലയിൽ നടക്കാൻ തക്കവിധത്തിൽ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള മുൻ കൈയെടുക്കണം. അങ്ങനെ മുൻകൈയെടുക്കുമ്പോൾ ശരിയായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി ഈ രണ്ട് മന്ത്രിമാരോടും പുറത്തുപോകാൻ പറയുക, അവർ പുറത്തുപോകാൻ കൂട്ടാക്കിയില്ലെങ്കിൽ, രാജിവയ്ക്കാൻ കൂട്ടാക്കിയില്ലെങ്കിൽ അവരെ മാറ്റി നിറുത്തി നിഷ്പക്ഷവും നീതിപൂർവ്വകവുമായ ഒരന്വേഷണം നടത്തണം. ആരുടെയെല്ലാം ഭാഗത്തുനിന്നാണ് വീഴ്ചയും തെറ്റുകളും ഉണ്ടായിട്ടുള്ളത് എന്ന പ്രശ്നമാണ് നമ്മൾ അന്വേഷിക്കാൻ പോകുന്നത്. അതുസംബന്ധിച്ച് അന്വേഷിച്ച് ആരെല്ലാമാണ് ഇതിന് ഉത്തരവാദിയായിട്ടുള്ളവർ എന്നുള്ളത് മനസ്സിലാക്കുക തന്നെ വേണം. എന്റെ സ്നേഹിതൻ ശ്രീ. തമ്പാനൂർ രവിയുടെ വീട്ടിൽ ഒട്ടേറെ പ്രാവശ്യം ആ കുടുംബത്തിലെ കുട്ടിയും അച്ഛനും അമ്മയുമായി പോയിട്ടുള്ള കാര്യം ഇന്നലെ അവിടെ ഞാൻ ചെന്നപ്പോൾ അവർ എന്നോട് പറയുകയുണ്ടായി. അദ്ദേഹം ബാങ്ക് ഉദ്യോഗസ്ഥരെ ഫോണിൽ വിളിച്ചു എന്ന് ഇവിടെ വിവരിക്കുകയുണ്ടായി. ഞാൻ അത് അവിശ്വസിക്കുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രിയങ്കരനായ പിന്നോക്ക-പട്ടിക-സമുദായക്ഷേമ വകുപ്പുമന്ത്രിയോട് ആ കുട്ടിക്ക് ഹരിജൻ കുട്ടിയായതുകൊണ്ട്, ആ കുട്ടിക്ക് ന്യായമായും നൽകേണ്ടതായ ആനുകൂല്യം നിഷേധിച്ചത് ശരിയായില്ല എന്നും അത് ഉടനടി തന്നെ നൽകേണ്ടതാണെന്നും എന്തുകൊണ്ട് ഫോൺ ചെയ്തു പറഞ്ഞില്ല? അതുപോലെ നേരിട്ട് പറഞ്ഞില്ലെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അദ്ദേഹം അത് ഇവിടെ പറഞ്ഞതായിട്ടും ഞാൻ കേട്ടില്ല. ബാങ്ക് കാര്യം മാത്രമാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ കടമ അതുകൊണ്ട് അവസാനിച്ചു. അദ്ദേഹത്തിന്റെ ചുമതല അതുകൊണ്ട് അവസാനിക്കുന്നില്ല. ഭരണകക്ഷി എന്നുള്ള നിലയിൽ, ഭരണകക്ഷിയിലെ ഉന്നതനായ ഒരു മെമ്പർ എന്നുള്ള നിലയിൽ ഗിരിജനങ്ങളായിട്ടുള്ള ആളുകൾക്ക് മുൻ ഗവൺമെന്റിന്റെ കാലത്ത് ലഭിച്ചുവന്നിരുന്ന ആനുകൂല്യം ഒഴിവാക്കിയത് വളരെ തെറ്റായിപ്പോയിയെന്ന് ഈ കുടുംബത്തിന്റെ അനുഭവം നേരിട്ട് മനസ്സിലാക്കിയിട്ടുള്ള ശ്രീ. തമ്പാനൂർ രവിക്ക് മനസ്സിലായപ്പോൾ, മുമ്പ് ബഹുമാനപ്പെട്ട എ. കെ. ബാലൻ ശ്രദ്ധക്ഷണിക്കലിലൂടെ ചൂണ്ടിക്കാണിച്ച കാര്യം ശരിതന്നെയാണെന്ന് എനിക്കിപ്പോൾ ബോധ്യമായിരിക്കുന്നു; അത് തിരുത്തുകയാണ് വേണ്ടതെന്ന് ബഹുമാനപ്പെട്ട കുട്ടപ്പനോട് പറയാനോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനോ എന്തുകൊണ്ട് കഴിഞ്ഞില്ല? രജനിക്ക് മാത്രമല്ല, നൂറുകണക്കിന് രജനിമാരെ സൃഷ്ടിക്കാനുള്ള ആ ഉത്തരവ് ഇനിയും വച്ചുകൊണ്ടിരിക്കുന്നത് ശരിയല്ല എന്നുള്ളതിന് എതിരായി ഒരു വെല്ലുവിളിയായിട്ടാണ് രജനി ആത്മഹത്യ ചെയ്തിരിക്കുന്നത്. നിങ്ങളുടെ ഈ ഭരണം,

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസരംഗത്ത് സ്വാശ്രയം സ്വാശ്രയം എന്ന് പറഞ്ഞുകൊണ്ട് നിങ്ങൾ ഇന്ന് നടത്തുന്ന വിദ്യാഭ്യാസ കച്ചവടം, അത് എങ്ങനെ ഐ. എച്ച്. ആർ. ഡി.-യിൽ വരുമെന്ന് പ്രശ്നം അടിയന്തിരമായി അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ ഉന്നയിച്ചപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി പരിഹസിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയത്. ഐ. എച്ച്. ആർ. ഡി.-യിൽ ആണെങ്കിലും സ്വാശ്രയത്തിന്റെ സ്വഭാവത്തോടുകൂടിയുള്ള അഡ്മിഷനിലാണ് ആ കുട്ടിയെ ഉൾപ്പെടുത്തിയത്. എങ്കിലും മുൻ ഗവൺമെന്റിന്റെ കാലത്തെ സ്ഥിതി തുടരുകയായിരുന്നെങ്കിൽ ഹരിജൻ ഗിരിജൻ സ്റ്റുഡൻസിന് എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്ന സ്ഥിതിയിൽ പഠനം സന്തോഷകരമായി തുടരാൻ കഴിയുമായിരുന്നു. വകുപ്പു മന്ത്രിയുടെ ഭേദഗതിയാണ് അങ്ങനെയുള്ള കുട്ടികൾക്ക് ഈ ആനുകൂല്യം ഇല്ലാതാക്കപ്പെട്ട സ്ഥിതി വരുത്തിയത്. ഇതുമൂലമാണ് പല വാതിലുകളിൽ മുട്ടി കരഞ്ഞേണ്ട സ്ഥിതി വന്നിട്ടുള്ളത്. മനുഷ്യത്വരഹിതമായിട്ടുള്ള സമീപനമാണ് ഐ. എച്ച്. ആർ. ഡി. പ്രിൻസിപ്പൽ കാണിച്ചത്. അത് അന്നിവിടെ സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ചെല്ലാമുള്ള അന്വേഷണമാണ് ഇപ്പോൾ നടത്താൻ ഉത്തരവ് ഇട്ടിരിക്കുന്നത്. ആ അന്വേഷണം നടക്കട്ടെ. ഉത്തരവാദികൾ ആരാണെന്നുള്ളതു സംബന്ധിച്ച് അന്വേഷണത്തിന്റെ ഫലം പുറത്തുവരുമ്പോൾ മനസ്സിലാക്കാൻ കഴിയും. അന്തരീക്ഷം നല്ല നിലയിൽ കലാപകലുഷിതമാകാത്ത തരത്തിൽ പോകണമെന്ന് ആഗ്രഹിക്കുന്ന ഗവൺമെന്റ് അതിന് പശ്ചാത്തലം ഒരുക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട നാലകത്ത് സൂപ്പിയും ഡോക്ടർ എം. എ. കുട്ടപ്പനും രാജിവച്ച് പോകാൻ തയ്യാറാകുമോ എന്നു നോക്കുക അല്ലെങ്കിൽ മുഖ്യമന്ത്രി ഇവരുടെ രാജി ആവശ്യപ്പെട്ട് അങ്ങനെ നല്ലൊരു അന്തരീക്ഷം ഉണ്ടാക്കാൻ വേണ്ടിയിട്ടുള്ള ശ്രമം നടത്തുക. വിദ്യാഭ്യാസ കച്ചവടവൽക്കരണത്തിന്റെ ആപത്ത് വളരെ മൂർച്ഛിച്ചു വരുന്നതുകൊണ്ട് കഴിഞ്ഞ മാർച്ച് മാസത്തിൽ പുറപ്പെടുവിച്ച ആ ഭേദഗതി, കുട്ടികൾക്ക് ഹരിജൻ ഗിരിജൻ കുട്ടികൾക്കുള്ള ആനുകൂല്യം നിഷേധിക്കുന്ന ആ ഭേദഗതി ഉടൻതന്നെ റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. എം. വി. രാഘവൻ കഴിഞ്ഞ ദിവസം പത്രങ്ങളോട് ഒരു പ്രസ്താവന ചെയ്തതു വായിക്കാൻ ഇടയായി. അദ്ദേഹം തന്നെ പ്രസ്താവന ചെയ്തതാണോ എന്നറിഞ്ഞുകൂടാ. ഏതായാലും പത്രത്തിൽ വന്നതുകൊണ്ട് അദ്ദേഹം നിഷേധിക്കാത്തതുകൊണ്ട് ഞാൻ അംഗീകരിക്കുകയാണ്. അദ്ദേഹം പറഞ്ഞിട്ടുള്ളത് എന്താണ്? സ്വാശ്രയ കോളേജ് തുടങ്ങിയിട്ടുള്ളത് ഫീസ് കൊടുക്കാൻ കഴിവുള്ള സമ്പന്നർക്ക് വേണ്ടിയാണ്; സമ്പത്തുള്ളവൻ പഠിക്കാൻ പോയാൽ മതിയെന്നാണ്. അദ്ദേഹം അതിന് മാതൃകയായി പരിയാരം മെഡിക്കൽ കോളേജിനും ഏതാണ്ട് അത്തരത്തിലുള്ള ഫീസാണ് വാങ്ങിക്കൊണ്ടിരിക്കുന്നത് എന്ന് ഇതിനകം പത്രങ്ങളിലും മറ്റും ആക്ഷേപമായിട്ട് വന്നിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾ തുടർന്നു പോകുന്ന ഈ വിദ്യാഭ്യാസ നയം അത്യന്തം ആപൽക്കരമായ ഒരു സ്ഥിതിയിലേക്ക് പോയിരിക്കുകയാണ് എന്ന് മനസ്സിലാക്കി അതിന് ആവശ്യം വേണ്ട തിരുത്തലുകൾ

LIBRARY ARCHIVES Kerala Legislative Assembly

വരുത്തണം. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെപോലുള്ള ആളുകൾക്ക് പറയേണ്ടിവന്നത് എന്താണ്? അദ്ദേഹം ശ്രീ. നാലകത്ത് സൂപ്പി വിദ്യാഭ്യാസ രംഗത്തുനിന്ന് മാറി കോൺഗ്രസ് ഇത് ഏറ്റെടുത്താൽ നന്നാകുമെന്നോ മറ്റോ ആണ് ആ പാവം ധരിച്ചിരിക്കുന്നത്. കോൺഗ്രസല്ലേ ഡോ. എം. എ. കുട്ടപ്പൻ? കോൺഗ്രസിൽത്തന്നെ (എ) അല്ലേ ഡോ. എം. എ. കുട്ടപ്പൻ? കോൺഗ്രസ് ഈ വകുപ്പ് ഏറ്റെടുത്തതുകൊണ്ട് ഇതെല്ലാം മാറ്റം വരുമെന്നോ മറ്റോ ആണ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ ധരിച്ചിരിക്കുന്നത്. പത്രങ്ങളിൽ വന്നതാണ്. ഞാൻ ഈ പറയുന്നത് എന്റെ സൃഷ്ടിയല്ല. യൂത്ത് കോൺഗ്രസ് പ്രസിഡന്റ് പറഞ്ഞത് എന്താണ്? രാജിവയ്ക്കണമെന്നല്ലേ? ഞാൻ പറയുന്നത് തൊഴുത്ത് മാറ്റിക്കെട്ടുന്നതുകൊണ്ടൊന്നുംതന്നെ മച്ചിപശു പ്രസവിക്കുകയില്ല, അങ്ങനെ പശുവിനെ തൊഴുത്തുമാറ്റി കെട്ടുന്നതുകൊണ്ട് പ്രയോജനമില്ല. നിങ്ങളുടെ നയം തിരുത്താൻ തയ്യാറാകുക എന്നതാണ് അടിയന്തിരമായി വേണ്ടത് എന്നാണ്. അതിന് സഹായകമായ നിലയിലുള്ള അന്തരീക്ഷം നിങ്ങൾ ഉണ്ടാക്കുമെന്ന് ഞങ്ങൾ ആശിക്കുന്നു. ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്നെപ്പറ്റി ഒരു കളവ് പറഞ്ഞു. കളവ് എന്ന് പറയാൻ പറ്റുമോ എന്നറിയില്ല. വിദേശത്ത് ജോലിചെയ്യുന്ന ആളുകളുടെ മക്കൾക്കുവേണ്ടി വച്ചിട്ടുള്ള എൻ. ആർ. ഐ. സീറ്റും പേമെന്റ് സീറ്റും പ്രൊഫഷണൽ കോളേജുകളിൽ ഉണ്ട്. പ്രൊഫഷണൽ കോളേജിൽ പേമെന്റ് സീറ്റ് ഉള്ളതുകൊണ്ടാണ് രജനിയെപ്പോലുള്ള കുട്ടികൾ തന്നെ ഹരിജൻ ഡിപ്പാർട്ടുമെന്റ്, എസ്. സി/എസ്. ടി. ഡിപ്പാർട്ടുമെൻറ് പണം കൊടുത്ത് പഠിപ്പിക്കുന്നത്. എൻ. ആർ. ഐ. പോലുള്ള പേമെന്റ് സീറ്റിൽ പാവപ്പെട്ടവർക്കു ചേരാൻ സാധിക്കുകയില്ല എന്ന് ഞാൻ പറഞ്ഞു. അതിനെ ദുർവ്യാഖ്യാനം ചെയ്ത് സംസാരിക്കുന്നത് ശരിയല്ല. പരിയാരം മെഡിക്കൽ കോളേജിനെ ഇനിയും പാരവയ്ക്കാനുള്ള ആലോചനയുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ, തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിന്റെ സമീപത്ത് വിദ്യാർത്ഥികളെ പോലീസ് ആക്രമിക്കുന്നു എന്ന വിവരം അറിഞ്ഞതിനെത്തുടർന്നാണ് ഞാനും ഡോ. തോമസ് ഐസക്കും അവിടെ പോയത്. ഞങ്ങൾ അവിടെ കണ്ടത്, യൂണിവേഴ്സിറ്റി കോളേജിന്റെ മുമ്പിൽവച്ച് ടിയർഗ്യാസ് ഷെല്ലുകൾ യൂണിവേഴ്സിറ്റി കോളേജിലേക്ക് പോലീസ് എറിയുന്നതാണ്, ഗ്രനേഡ് എറിയുന്നതാണ്. ഈ സംഭവം ഞങ്ങൾ കണ്ടപ്പോൾ ഡി. ഐ. ജി. ശ്രീ. അരുൺകുമാർ സിൻഹ ഉൾപ്പെടെയുള്ള പോലീസ് ഓഫീസർമാർ അവിടെ ഉണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും അവിടെ പോയി. ഡി. ഐ. ജി.-യോട് സംസാരിച്ചു.....(ബഹളം)....."നിങ്ങൾ കുഴപ്പമുണ്ടാക്കരുത്, നിങ്ങൾ സംഘർഷമുണ്ടാക്കരുത്. സംഘർഷ സ്ഥിതി ഒഴിവാക്കുവാനാണ് ഞങ്ങൾ വന്നത്" എന്നു പറഞ്ഞു. മലയാള മനോരമ അക്കാര്യം റിപ്പോർട്ട് ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

.....(ബഹളം).....ഡോ. തോമസ് ഐസക്കും ഞാനും മധ്യസ്ഥശ്രമങ്ങൾ തുടങ്ങി ഒരുവിധത്തിൽ വിദ്യാർത്ഥികളെ പിന്തിരിപ്പിക്കുകയായിരുന്നു ഈ കാര്യം ഞാൻ പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് ഡി. ഐ. ജി. ശ്രീ. അരുൺകുമാർ സിൻഹയുടെ പുറകിൽനിന്ന് ഒരു പോലീസ് നേരെ ഓടിച്ചാടി വന്നിട്ട് എന്റെ പുറകിൽ ലാത്തിയിട്ട് കുത്തുന്നത്. ബൂട്ട്സ് ഇട്ട കാലുകൊണ്ട് എന്നെ ചവിട്ടി. ഈ കാര്യം നേരിട്ടുകണ്ട ഡോ. തോമസ് ഐസക് പോലീസുകാരനെ ചോദ്യം ചെയ്തു.....(ബഹളം) .....അയാളുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് ഡി. ഐ. ജി.-യോട് പറഞ്ഞു. അപ്പോൾ ഡോ. തോമസ് ഐസക്കിനെ പോലീസുകാർ അങ്ങോട്ട് വലിച്ചിട്ടു. അങ്ങനെയാണ് ഡോ. തോമസ് ഐസക്കിന്റെ കണ്ണട അവിടെ പോയത്. ഡോ. തോമസ് ഐസക് അവിടെ വീണു. .....(ബഹളം)..... ഇത്തരത്തിൽ ഞങ്ങൾ രണ്ട് ജനപ്രതിനിധികൾ അവിടെ സംഘർഷസ്ഥിതി ഒഴിവാക്കുവാൻ വേണ്ടി പോയപ്പോൾ പോലീസ് ഞങ്ങളെ ആക്രമിക്കാനും കയ്യേറ്റം ചെയ്യാനും ശ്രമിക്കുകയാണ് ചെയ്തത്. ഞാൻ ആ സമയത്തുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഫോണിലൂടെ കാര്യങ്ങൾ അറിയിച്ചു. പരാതി എഴുതിക്കൊടുത്തു. കൊല്ലത്തായിരുന്ന ഡി. ജി. പി.-യെ വിളിച്ചറിയിച്ചു. ആ കയ്യേറ്റത്തിനു മുതിർന്ന പോലീസുകാരുടെ പേരിൽ നടപടി സ്വീകരിക്കണം. പോലീസ് ആണ് ഇവിടെ ഗ്രനേഡ് എറിഞ്ഞത്. പോലീസ് ആണ് അക്രമം നടത്തിയത് എന്ന കാര്യം മറച്ചുവയ്ക്കുവാനാണ് ഇവർ ശ്രമിക്കുന്നത്. അതുകൊണ്ട് ആ പോലീസുകാർക്ക് എതിരെ നടപടി സ്വീകരിക്കണം.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): അന്ന് എന്നോടു കാണിച്ചത് ക്രൂരതയായിരുന്നു. ഞാൻ ഒന്നും മിണ്ടാതിരിക്കുകയായിരുന്നു. ഞാൻ നിശ്ശബ്ദനായിരുന്ന് കേൾക്കുകയായിരുന്നു. ഞാൻ കണ്ണൂരിൽ എക്സൈസ് സ്റ്റാഫ് അസോസ്സിയേഷന്റെ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുവാൻ വേണ്ടി പൈതൽമലയിലെ പരിപാടി കഴിഞ്ഞശേഷം അവിടേക്ക് ചെല്ലുകയായിരുന്നു. ഞാൻ അവിടെ ചെല്ലുമ്പോൾ പത്ത് ഇരുപത് ചാനലുകാർ അവിടെ നില്ക്കുകയാണ്. ഞാൻ അത്ഭുതപ്പെട്ടു. ഇവിടെ ശ്രീ. മൻമോഹൻസിംഗോ പ്രതിപക്ഷ നേതാവ് ശ്രീ. അദ്വാനിയോ മറ്റോ വരുകയാണോ എന്നു ഞാൻ ഭയപ്പെട്ടു. കാരണം അത്രയ്ക്ക് ആൾക്കാർ ഞാൻ ചെന്ന ഉടനെ 'കൊല്ലെടാ അവനെ' എന്നാണ് ആക്രോശിച്ചത്. എന്നെ ആക്രമിക്കുവാൻ വേണ്ടി നടന്ന ആസൂത്രണമായിരുന്നു. നൂറു കണക്കിന് കല്ലുകളാണ് എന്റെ നേർക്ക് പാഞ്ഞടുത്തത്. ഡി. വൈ. എഫ്. ഐ. യുടെ നേതാക്കന്മാർ ഡി. വൈ. എഫ്. ഐ.-ക്കും എസ്.എഫ്.ഐ.-ക്കും മുദ്രാവാക്യം വിളിച്ചുകൊണ്ട് കാറിന്നടുത്തേക്ക് പാഞ്ഞടുക്കുകയാണ്. ആരെയും ഞെട്ടിപ്പിക്കുന്ന, ഭയപ്പെടുത്തുന്ന സംഭവം! ജീവിതത്തിൽ എന്റെ പ്രഷർ ഇത്രയും കൂടിയിട്ടില്ല, പക്ഷേ അന്നേ ദിവസം എന്റെ പ്രഷർ കൂടി. കല്ലെറിഞ്ഞിട്ട് കാറിന്റെ ഗ്ലാസ് തകരാതിരുന്നപ്പോൾ ആ കാറിന്റെ ബോണറ്റിന്മേൽ ചാടിക്കയറി വലിയ കല്ലെടുത്ത് കാറിന്റെ ചില്ല് കുത്തിതകർക്കുകയായിരുന്നു. ചില്ലിന്റെ ചീളുകൾ എന്റെ

LIBRARY ARCHIVES Kerala Legislative Assembly

ശരീരത്തിൽ ആകമാനം തുളഞ്ഞ് കയറി. എന്റെ കൈയിൽ തുളച്ചുകയറി-ചില തൊക്കെ എടുത്തു മാറ്റി. അവസാനം 2 സ്ഥലത്ത് എടുത്തു മാറ്റുവാൻ സാധിച്ചില്ല. ഡോക്ടർ വന്ന് എന്നോടു പറഞ്ഞു, You are diabetic അതുകൊണ്ട് ശരീരത്തിൽ തുളഞ്ഞു കയറിയ ചീളുകൾ എടുത്തു മാറ്റിയില്ലെങ്കിൽ ഒരുപക്ഷേ നിങ്ങളെ നാളെ ദോഷകരമായി അത് ബാധിച്ചേക്കും. അതുകൊണ്ട് ആശുപത്രിയിൽ പോകണമെന്നു പറഞ്ഞു. ഗവൺമെന്റ് ആശുപത്രിയിൽ കൊണ്ടുപോയി, അവിടെ എന്നെ ഓപ്പറേഷൻ തിയേറ്ററിൽ കിടത്തി. എന്റെ കയ്യിൽ തറച്ച ചീളുകൾ സൂചികൊണ്ട് തട്ടിതട്ടി പുറത്തേക്ക് എടുത്തു. എന്നോട് ഇത്രയും ക്രൂരമായി പെരുമാറിയിട്ട് ഇപ്പോൾ യഥാർത്ഥ സ്ഥിതി വിവരിക്കുവാൻപോലും എന്നെ അനുവദിക്കുന്നില്ല. കാര്യങ്ങൾ യഥാർത്ഥമായി പറയാൻ അനുവദിക്കുന്നില്ല. ഗൺമാന്റെ സന്ദർഭോചിതമായ ഇടപെടൽ ഉണ്ടായിരുന്നില്ല എങ്കിൽ ശങ്കരൻ ഇവിടെ കാണുമായിരുന്നില്ല. കാറിന് തീ വയ്ക്കാനാണ് അവർ പറഞ്ഞത്. എന്റെ ഡ്രൈവർ കാർ റിവേഴ്സ് എടുത്ത് വണ്ടി മുന്നോട്ടു എടുത്തു. നേരെ വിടാൻ ഞാൻ പറഞ്ഞു. അപ്പോൾ ആ വണ്ടിക്കു മുന്നിൽ ചാടിക്കയറി. എനിക്ക് ആ ഭീകര സംഭവം എങ്ങനെയാണ് വിവരിക്കേണ്ടതെന്ന് അറിയില്ല. ഭാഗ്യം കൊണ്ടു ഞാൻ രക്ഷപ്പെട്ടു. വളരെ വേദനാജനകമായ സംഭവമാണ്. ഇത്തരത്തിൽ അക്രമം അഴിച്ചുവിട്ട ആളുകൾ ചെയ്ത ക്രൂരമായ ഈ ചെയ്തിക്കെതിരെ ശക്തമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഒരു പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രജനി എന്ന പെൺകുട്ടിക്ക് ഉണ്ടായ ദുരന്തം, ആ കുട്ടിയുടെ ആത്മാഹുതി കേരളത്തെ മൊത്തത്തിൽ നടുക്കിയ സംഭവമാണ്. എല്ലാവർക്കും വേദനയുണ്ടാക്കിയ സംഭവമാണ്; എനിക്ക് അതിൽ വേദനയുണ്ട്; ഞങ്ങൾക്കെല്ലാം വേദനയുണ്ട്; നമുക്കെല്ലാം വേദനയുണ്ട്. എല്ലാവർക്കും വേദനയുള്ള സംഭവമാണ്. അതുകൊണ്ടാണ് ഈ പ്രശ്നം സാധാരണ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽനിന്ന് വ്യത്യസ്തമായി കൈകാര്യം ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചത്. വികാരമുള്ള അന്തരീക്ഷത്തിൽ നടന്ന ആ ചർച്ചയിൽ പ്രതിപക്ഷ നേതാക്കൾ ഒരു ആവശ്യം ഉന്നയിച്ചപ്പോൾ എന്തെങ്കിലും പിടിവാശിയോ ദുരഭിമാനമോ ഉണ്ടാകേണ്ട കാര്യമില്ല. പോരെങ്കിൽ ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനും ഇല്ല. അതുകൊണ്ടാണ് ഞാൻ അപ്പോൾത്തന്നെ, ആ നിമിഷംതന്നെ, അദ്ദേഹം ആവശ്യപ്പെട്ടതുപോലെ തന്നെ, ജുഡീഷ്യൽ എൻക്വയറി നടത്താൻ സമ്മതം മൂളിയത്. ഇന്നും പ്രശ്നം രാഷ്ട്രീയവത്കരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഭരണകക്ഷി പ്രതിപക്ഷ തർക്കമായി മാറ്റാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. വാദമുഖങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രതിപക്ഷത്തെ തോല്പിക്കുവാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ഞാൻ ഈ നിയമസഭയിൽ വന്നതിനുശേഷം ഞാൻ അംഗമായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ സംഭവിക്കാത്ത അസാധാരണമായ ഒരു നടപടിക്ക് മുതിർന്നത്. പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തിരപ്രമേയം സഭാനടപടികൾ നിർത്തിവച്ച്, അതും പന്ത്രണ്ടരയ്ക്ക് ശേഷം അല്ല, ഉടൻതന്നെ ചർച്ച ചെയ്യാമെന്ന് തീരുമാനിച്ചത്. കാരണം അങ്ങനെ നമുക്ക് മറ്റു തരത്തിലുള്ള ഏറ്റുമുട്ടലിലേക്ക് ഈ പ്രശ്നത്തെ കൊണ്ടുപോകണ്ടാ എന്ന് കരുതിയിട്ടാണ്. ഇപ്പോഴും ഗവൺമെന്റിന്റെ സമീപനം അതാണ്. രാഷ്ട്രീയവത്കരിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഇതിന്റെ പേരിൽ ഏറ്റു മുട്ടലുകൾ ആഗ്രഹിക്കുന്നില്ല. അംഗീകരിക്കാവുന്ന കാര്യങ്ങൾ പ്രതിപക്ഷം പറഞ്ഞാലും ഭരണപക്ഷം പറഞ്ഞാലും പുറത്തുള്ള പ്രതിപക്ഷം പറഞ്ഞാലും മറ്റുള്ളവർ പറഞ്ഞാലും അംഗീകരിക്കുന്നതിൽ ഗവൺമെന്റിന് യാതൊരു ദുരഭിമാനവും ഇല്ല; മടിയുമില്ല. എനിക്ക് കിട്ടിയ വിവരങ്ങളാണ് ഇവിടെ പറയുന്നത്. ഏതായാലും ജുഡീഷ്യൽ അന്വേഷണം നടക്കാൻ പോകുകയാണ്. എല്ലാ ഭാഗത്തുനിന്നും അറിവുള്ള വിവരങ്ങൾ ജുഡീഷ്യൽ എൻക്വയറിയിൽ കൂടുതൽ വെളിപ്പെടാവുന്നതേയുള്ളൂ. കുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ എനിക്ക് കിട്ടിയ വിവരം ഞാൻ പറയാം. ദാരുണമായി മരണമടഞ്ഞ എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയായിരുന്ന രജനി എസ്. ആനന്ദിന് നിയമവിധേയമായി നൽകേണ്ട എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട കുട്ടിയായതിനാൽ രജനി ഒരു രൂപപോലും ഫീസ് നൽകേണ്ടതില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും ഉണ്ടായിട്ടില്ല. അടൂർ എഞ്ചിനീയറിംഗ് കോളേജിൽ 6-11-2002-ന് പേമെന്റ് സീറ്റിലാണ് ഈ കുട്ടിക്ക് പ്രവേശനം കിട്ടിയത്. രജനിയുടെ ഒന്നാംവർഷ വിദ്യാഭ്യാസ ആനുകൂല്യങ്ങളായി ഫീസ്, സ്റ്റൈപന്റ്, ലംപ്സം ഗ്രാന്റ് എന്നീ ഇനങ്ങളിലായി 59,407 രൂപ നൽകുകയുണ്ടായി. രണ്ടാംവർഷ വിദ്യാഭ്യാസ ആനുകൂല്യങ്ങളായി ട്യൂഷൻ ഫീസ്, സ്റ്റൈപന്റ്, ലംപ്സം ഗ്രാന്റ് എന്നീ ഇനങ്ങളിലായി 55,500 രൂപ നൽകിയിട്ടുണ്ട്. ഇതിൽ ലംപ്സം ഗ്രാന്റ് തുകയായ 2410 രൂപ രജനി കൈപ്പറ്റിയിട്ടില്ല. രണ്ടാം വർഷം ആദ്യം കുട്ടി ഹാജരായിരുന്നുവെങ്കിലും 14-8-2003-നുശേഷം കുട്ടി കോളേജിൽ ചെന്നിട്ടില്ല. അടൂർ എഞ്ചിനീയറിംഗ് കോളേജിന് സ്വന്തമായി ഹോസ്റ്റലില്ല. എൻ. എസ്. എസ്. വർക്കിംഗ് വിമൻസ് ഹോസ്റ്റലിലാണ് കുട്ടി താമസിച്ചിരുന്നത്. സ്വകാര്യ ഹോസ്റ്റലായതിനാൽ അവിടുത്തെ മെസ് ഫീസ് അപ്പാടെ നൽകാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. പ്രതിമാസം സ്റ്റൈപന്റായി 315 രൂപ നൽകാനേ കഴിയൂ. അത് നൽകിയിട്ടുണ്ട്. രജനിയുടെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് 1,14,907 രൂപ നൽകിയിട്ടുണ്ട്. ഇതാണ് ഇതുസംബന്ധിച്ച് കിട്ടിയ വിവരം. .....(ബഹളം).....

മി. സ്പീക്കർ: You please keep quite. എന്തും ആകാമെന്നുള്ളതാണ്. ഇതിന് ചില ചട്ടങ്ങളൊക്കെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി: ധീവര സമുദായത്തിലുള്ള അംഗങ്ങളുൾപ്പടെയുള്ള ഒ. ഇ. സി. വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ നിഷേധിച്ചു എന്നുള്ള ഓർഡർ ഇറക്കിയെന്നു ഇവിടെ പറഞ്ഞു. ഗവൺമെന്റ് നേരത്തെ ഇറക്കിയ ഓർഡറിൽ സന്ദേഹം വന്നു. ആ സന്ദേഹം ചൂണ്ടിക്കാണിച്ച ഉടൻ, 20-7-2004-ൽ ഗവൺമെന്റ് മറ്റൊരു ഉത്തരവ് പുറപ്പെടുവിച്ചു. ഓർഡർ ഇതാണ്. പരാമർശം നാലിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവിലെ ഖണ്ഡിക നാലിന് താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു. മൊത്തം സർക്കാർ സീറ്റുകളിൽ പത്ത് ശതമാനം സീറ്റുകൾ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംവരണം ചെയ്യുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നികത്തപ്പെടാത്ത സീറ്റുകളിൽ പരാമർശം ഒന്നിലേയും രണ്ടിലേയും ഉത്തരവ് പ്രകാരം മറ്റ് അർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനത്തിനും വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ആ സംശയവും ദൂരീകരിച്ചിരിക്കുന്നു. അതേ ഉത്തരവു പ്രകാരം ഒ. ഇ. സി. വിദ്യാർത്ഥികളുടെ എല്ലാ ആനുകൂല്യങ്ങളും തുടർന്നു നൽകും. 20-നു തന്നെ ഉത്തരവിട്ടു. ഉത്തരവ് പുറത്തുവന്നു. .....(ബഹളം)..... ധീവര സഭയുടെ പ്രസിഡന്റ് ശ്രീ. ദിനകരനും എന്നെ വിളിച്ച് സംസാരിച്ചു. അദ്ദേഹത്തിനും കോപ്പി അയച്ചുകൊടുത്തു. മന്ത്രി ഡോ. എം.എ. കുട്ടപ്പന്റെ ഓഫീസിലും ഞാൻതന്നെ വിളിച്ചു പറഞ്ഞു. അപ്പോൾത്തന്നെ ഓർഡറിന്റെ കോപ്പി കൊടുക്കുകയും ചെയ്തു. .....(ബഹളം).....ധീവര സമുദായമുൾപ്പെടെയുള്ള ഒ. ഇ. സി. വിഭാഗങ്ങളിൽപ്പെട്ട എല്ലാവർക്കും എല്ലാ ആനുകൂല്യങ്ങളുമുണ്ട്. അടൂർ എഞ്ചിനീയറിംഗ് കോളേജിനെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല. ഇത് സ്വകാര്യ സ്വാശ്രയ കോളേജ് അല്ല. ഐ. എച്ച്. ആർ. ഡി. വക നിയന്ത്രണമുള്ള കോളേജാണ്. സ്വകാര്യ സ്വാശ്രയ കോളേജിലെ പ്രശ്നങ്ങളും വിദ്യാഭ്യാസ നയങ്ങളുമായി ഇതിന് ബന്ധമില്ല. ഇവിടെ പല സുഹൃത്തുക്കളും തെറ്റിദ്ധാരണ കൊണ്ടോ മനഃപൂർവ്വമായോ എന്നെനിക്കറിയില്ല ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനം വന്നതുകൊണ്ട് എസ്.സി/എസ്.ടി. കുട്ടികളുടെ അല്ലെങ്കിൽ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരങ്ങൾ കുറയുകയല്ല. മറിച്ച് അവർക്ക് പഠിക്കാനുള്ള അവസരങ്ങൾ വർദ്ധിച്ചിരിക്കുകയാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകൾ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, സ്വാശ്രയ നഴ്സിംഗ് കോളേജുകൾ, സ്വാശ്രയ ദന്തൽ കോളേജുകൾ, സ്വാശ്രയ ആയുർവ്വേദ കോളേജുകൾ എന്നിവ കേരളത്തിൽ ധാരാളം വന്നതുകൊണ്ട് ആർക്കെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രമാണ്. അവർക്കാണ് നഷ്ടം ഉണ്ടായിട്ടുള്ളത്. നേരത്തെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് കോളേജുകളിൽ മാത്രമായിരുന്നു അഡ്മിഷൻ. പാവപ്പെട്ട കുട്ടികൾക്കും ഗവൺമെന്റ് കോളേജിൽ മാത്രമേ പഠിക്കാൻ കഴിയുമായിരുന്നുള്ളൂ. പണമുള്ളവർ ഇവിടെ അഡ്മിഷൻ കിട്ടിയില്ലെങ്കിൽ അയൽ സംസ്ഥാനങ്ങളിൽ പോയി പഠിക്കുമായിരുന്നു.

ഗവൺമെന്റ് കോളേജുകളിലെ സീറ്റുകളൊന്നും കേരളത്തിൽ കുറഞ്ഞിട്ടില്ല. നേരെ മറിച്ച് ഈ സർക്കാർ വന്നതിനുശേഷം ചില ഗവൺമെന്റ് കോളേജുകളിൽ സീറ്റ് വർദ്ധിപ്പിച്ചിരിക്കുകയാണ്. സ്വാശ്രയ കോളേജ് ഉണ്ടായതിന്റെ ഫലമായി നേരത്തെ ഗവൺമെന്റ് കോളേജുകൾക്കുണ്ടായിരുന്ന സീറ്റുകൾ കുറഞ്ഞിട്ടില്ല. കൂടിയിരിക്കുന്നു. അവിടെ പഠിക്കാനുള്ള എല്ലാ അവസരവുമുണ്ട്. ഈ കോളേജ് വന്നില്ലായിരുന്നുവെങ്കിൽ പുതിയ അവസരങ്ങൾ ഉണ്ടാകില്ലായിരുന്നു. അതാണ് വസ്തുത. സ്വാശ്രയ കോളേജ് വന്നതിന്റെ ഫലമായി ഉണ്ടായ ഗുണം ഗവൺമെന്റ് കോളേജിൽ നേരത്തെയുണ്ടായിരുന്ന സീറ്റിന് പുറമേ പതിനായിരക്കണക്കിനു പുത്തൻ സീറ്റുകൾ പ്രൊഫഷണൽ കോളേജുകളിൽ ഉണ്ടായിഎന്നുള്ളതാണ്. ഇതിന്റെ പ്രയോജനം ആർക്കാണ്? 50 ശതമാനം മാനേജ്മെന്റ് ക്വാട്ട, 50 ശതമാനം ഗവൺമെന്റ് ക്വാട്ട. ഗവൺമെന്റ് ക്വാട്ടയിൽ പഠിക്കുന്ന കുട്ടികൾക്ക് മെറിറ്റിന്റേയും റിസർവേഷന്റേയും അടിസ്ഥാനത്തിൽ അഡ്മിഷനും ഗവൺമെന്റ് കോളേജിന് തുല്യമായ ഫീസും. ഇതാണ് കേരളത്തിൽ ഗവൺമെന്റ് അംഗീകരിച്ച നയം. സ്വാശ്രയ സ്ഥാപനങ്ങൾ വന്നതുകൊണ്ട് നേരത്തെ ഗവൺമെന്റ് കോളേജുകളിലുണ്ടായിരുന്ന സീറ്റിനു പുറമെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും എൻജിനീയറിംഗ് കോളേജുകളിലും നഴ്സിംഗ് കോളേജുകളിലും ഡെന്റൽ കോളേജുകളിലും ആയുർവേദ കോളേജുകളിലും സിദ്ധ കോളേജുകളിലും എല്ലാമായി ഇവിടുത്തെ ആയിരക്കണക്കിന് പാവപ്പെട്ടവർക്കും അതുപോലെ എസ്. സി./എസ്. ടി. വിദ്യാർത്ഥികൾക്കും പഠിക്കാൻ പുത്തൻഅവസരങ്ങൾ ഉണ്ടായിരിക്കുകയാണ്. ഇതിൽ എസ്. സി./എസ്. ടി. വിദ്യാർത്ഥികൾക്ക് ഫീസ് കൊടുക്കാതെ പഠിക്കാൻ സൗകര്യമുണ്ട്. പിന്നെ എസ്. സി./എസ്. ടി. വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റിന്റെ കാര്യമാണ്. ഞാൻ നിങ്ങളെ തോൽപ്പിക്കാൻവേണ്ടി പറയുകയല്ല. റിക്കാർഡ് ശരിയാക്കാൻവേണ്ടി മാത്രം പറയുകയാണ്. ശ്രീ. കെ. രാധാകൃഷ്ണൻ ഇവിടെയിരിപ്പുണ്ട്. അദ്ദേഹം പട്ടികവർഗ്ഗ വകുപ്പുമന്ത്രിയായിരുന്നു. എനിക്ക് അദ്ദേഹത്തെക്കുറിച്ച് ഒരു ആക്ഷേപവുമില്ല. നിങ്ങളുടെ മന്ത്രിസഭയിലെ നല്ലൊരു മന്ത്രിയായിരുന്നു അദ്ദേഹം. ഞാൻ അസംബ്ളിയിൽ തന്നെ പലതവണ പറഞ്ഞിട്ടുള്ളതാണ്. വസ്തുതകൾ അംഗീകരിക്കാൻ എനിക്ക് മടിയില്ല. നിങ്ങളുടെ കാലത്ത്, എൽ.ഡി.എഫ്. ഭരിച്ച അഞ്ചു വർഷം എസ്. സി./എസ്. ടി. വിദ്യാർത്ഥികൾക്കും ഒ. ഇ. സി. വിദ്യാർത്ഥികൾക്കുംകൂടി ലംപ്സം ഗ്രാന്റ് ഇനത്തിൽ ആകെ കൊടുത്തത് 246 കോടി രൂപയാണ്. യു. ഡി. എഫ്.-ന്റെ മൂന്ന് വർഷം കൊണ്ട് ഞങ്ങൾ 263 കോടി രൂപ ലംപ്സം ഗ്രാന്റായി കൊടുത്തിട്ടുണ്ട്. മൂന്ന് വർഷം കൊണ്ട് ഞങ്ങൾ കൊടുത്ത ലംപ്സം ഗ്രാന്റ് ഇതാണ്. .....(ബഹളം).....അഞ്ച് വർഷം കൊണ്ട് 246 കോടി രൂപ സ്റ്റൈപൻഡ് കൊടുത്ത സ്ഥാനത്ത്, 263 കോടി രൂപ മൂന്ന് വർഷംകൊണ്ട് കൊടുത്തുവെങ്കിലും അതിൽ വന്നിട്ടുള്ള പ്രായോഗികമായ ചില പ്രശ്നങ്ങൾ ഞങ്ങൾ മനസ്സിലാക്കുന്നു. കാരണം എസ്. സി./എസ്. ടി. കുട്ടികൾക്ക് ഹോസ്റ്റൽ ഫീസ് ഫ്രീയാണ് അതേ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ അവർ പഠിക്കുന്ന കോളേജിൽ ഹോസ്റ്റൽ സൗകര്യം ഇല്ലെങ്കിൽ ഹോസ്റ്റൽ ചെലവിനായി മാസംതോറും 315 രൂപയേ കൊടുക്കുകയുള്ളൂ, കാലാകാലങ്ങളായി 315 രൂപയാണ് ഇവിടെ കൊടുത്തുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ 315 രൂപ കൊടുത്താൽ മറ്റ് ഫീസെല്ലാം സൗജന്യമാണെങ്കിലും പ്രൈവറ്റ് ഹോസ്റ്റലിൽ 315 രൂപകൊണ്ട് കുട്ടികൾക്ക് പഠിക്കാൻ സാധ്യമല്ല. മറ്റ് ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട് എങ്കിലും ഹോസ്റ്റൽ ഫീസ് 315 രൂപകൊണ്ട് തികയുകയില്ല. പല പാവപ്പെട്ട എസ്. സി./എസ്. ടി. കുട്ടികൾക്കും ആവശ്യമുള്ള ബാക്കി പണം വീട്ടിൽനിന്ന് കൊടുക്കാൻ ബുദ്ധിമുട്ടുള്ളപ്പോൾ അവർക്ക് പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അവർക്ക് സംഘർഷം ഉണ്ടാകുന്നുണ്ട്. ഈ ഗവൺമെന്റ് അത് മനസ്സിലാക്കുന്നു. ഈ വർഷം മുതൽ എസ്. സി./എസ്. ടി. കുട്ടികൾക്ക് ഗവൺമെന്റ് ഹോസ്റ്റൽ ഉള്ളിടത്ത് താമസിക്കാം. ഗവൺമെന്റ് ഹോസ്റ്റൽ ഇല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന എസ്. സി./എസ്. ടി. കുട്ടികൾക്ക് കൊടുക്കുന്ന സ്റ്റൈപന്റ് 315 രൂപ എന്നുള്ളത് 1,000 രൂപയായി വർദ്ധിപ്പിക്കുന്നു. ഇവിടെ ബാങ്ക് ലോണിനെക്കുറിച്ച് ബഹുമാനപ്പെട്ട പി. ടി. തോമസ് സബ്മിഷൻ ഉന്നയിച്ചിരുന്നു. അതിനുശേഷം മറ്റ് പല മെമ്പർമാരും സംസാരിച്ചു. കേരളത്തിൽ ഒരു പ്രശ്നമുണ്ട്. ഇൻഡ്യാ ഗവൺമെന്റ് പല വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. റിസർവ്വ് ബാങ്ക് കുട്ടികൾക്ക് പല പ്രതീക്ഷകളും നൽകിയിട്ടുണ്ട്. ആദ്യം ഉണ്ടായിരുന്ന വാഗ്ദാനം നാല് ലക്ഷം രൂപ വരെ ഉപരിപഠനത്തിന് കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ കുട്ടികൾക്ക് കുറഞ്ഞ പലിശയ്ക്ക് ലോൺ കൊടുക്കുമെന്നുള്ളതാണ്. ഇപ്പോൾ അത് അമെന്റ് ചെയ്ത് ഏഴര ലക്ഷം രൂപ വരെ കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ കൊടുക്കും എന്നു പറഞ്ഞു. വിദേശത്ത് പോകാൻ 12 ലക്ഷം രൂപ എന്നുള്ളത് 15 ലക്ഷം രൂപയാക്കി. ഇവിടെ നാല് ലക്ഷം രൂപ എന്നുള്ളത് ഏഴരയാക്കി. ഇതാണ് റിസർവ്വ് ബാങ്കിന്റെ വാഗ്ദാനം. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലും അത് പറഞ്ഞു. പക്ഷേ ഇവിടെ അത് പലർക്കും കിട്ടുന്നില്ല. അതാണ് ശ്രീ. പി. ടി. തോമസ് ഇവിടെ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവന്നത്. കഴിഞ്ഞ ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ചുകൂട്ടിയപ്പോൾ എന്റെ സുഹൃത്ത് ശ്രീ. ബാബു ദിവാകരൻ അദ്ദേഹത്തിനുണ്ടായ അനുഭവം ആ യോഗത്തിൽ പറഞ്ഞു. ആ State Level Banker's Meeting-ൽ വച്ച് ഞാൻ പറഞ്ഞു, ഇങ്ങനെ പരാതികൾ വരുന്നുണ്ട്. ഈ പരാതികൾക്ക് പരിഹാരം ഉണ്ടാകണം. ഇൻഡ്യാ ഗവൺമെന്റും റിസർവ്വ് ബാങ്കും നൽകിയ വാഗ്ദാനം അനുസരിച്ച് പാവപ്പെട്ട കുട്ടികൾക്ക് കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ ഈ പണം കൊടുക്കണം. ആ യോഗത്തിൽ തീരുമാനം എടുത്ത് പിരിഞ്ഞതാണ്. ഇപ്പോഴും കിട്ടുന്നില്ല എന്ന ആക്ഷേപമുണ്ട്. ഞാൻ ഏതായാലും അടുത്തയാഴ്ച വീണ്ടും ബാങ്കുകളുടെ പ്രതിനിധികളെ തിരുവനന്തപുരത്ത് വിളിച്ചിരിക്കുകയാണ്. അവരോട് ശക്തമായി പറയാൻ പോകുകയാണ്. ഇൻഡ്യാഗവൺമെന്റിന്റെ വാഗ്ദാനവും റിസർവ്വ് ബാങ്കിന്റെ വാഗ്ദാനവും ഷെഡ്യൂൾഡ്, നാഷണലൈസ്ഡ് ബാങ്കുകൾ പാലിച്ചേ പറ്റൂ.

വിദ്യാഭ്യാസ ലോണിനു വേണ്ടി അപേക്ഷിക്കുന്ന കുട്ടികൾക്ക് ആ പണം കൊടുത്തേ പറ്റൂ. അവർ അങ്ങനെ ഇനിയും കൊടുത്തില്ലെങ്കിൽ അടുത്ത യോഗം കഴിഞ്ഞ് പിന്നെയും പരാതികൾ വന്നാൽ ഞാൻ ഈ പ്രശ്നം പ്രധാനമന്ത്രിയുടേയും ധനകാര്യ മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അതിന് പരിഹാരമുണ്ടാകും. ഇൻഡ്യാ ഗവൺമെന്റിന്റെ ബാദ്ധ്യതയാണ്; റിസർവ്വ് ബാങ്കിന്റെ ബാദ്ധ്യതയാണ്. അതുകൊണ്ട് ഇവിടെ പരിഹാരം ഉണ്ടായില്ലെങ്കിൽ ഡൽഹിയിൽ ചെന്ന് അതിന് പരിഹാരമുണ്ടാക്കാനുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റ് നടത്തുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ കഴിഞ്ഞ പ്രാവശ്യം ഇതിനെക്കുറിച്ച് ചർച്ച വന്നു. ചർച്ച വന്നപ്പോൾ ഞാൻ ആദ്യം റവന്യൂ സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കാം എന്നു പറഞ്ഞു. പക്ഷെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അതിൽ തൃപ്തനായില്ല. ഞാൻ അദ്ദേഹത്തിന്റെ ഉത്കണ്ഠയെ അംഗീകരിക്കുന്നു. അദ്ദേഹം വാക്ക് ഔട്ട് നടത്താൻ പോയി. ഞാൻ പറഞ്ഞു വേണ്ട. ജുഡീഷ്യൽ എൻക്വയറി ആകാമെന്ന്. ഇന്നലെ ബഹുമാനപ്പെട്ട പിണറായി വിജയൻ പറഞ്ഞു ജുഡീഷ്യൽ എൻക്വയറി പോരാ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണം എന്ന്. ഇപ്പോൾ പ്രതിപക്ഷ നേതാവും അതുതന്നെപറഞ്ഞു. ശരി, നമുക്ക് ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാം. അതിനു വേണ്ടി ഞാൻ അടുത്ത മന്ത്രിസഭാ യോഗത്തിൽ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട പിണറായി വിജയനും പ്രതിപക്ഷ നേതാവും പറഞ്ഞത് അങ്ങ് അംഗീകരിച്ചുകൊണ്ട് സിറ്റിംഗ് ജഡ്ജിയായി ഒരാളിന്റെ അന്വേഷണം എന്നു പറഞ്ഞതിൽ സന്തോഷമുണ്ട്. ഞാൻ അതോടൊപ്പം തന്നെ രണ്ട് കാര്യങ്ങൾ പറഞ്ഞിരുന്നു. അവർ രാജി വയ്ക്കുമോ? ധാർമ്മിക മര്യാദയനുസരിച്ച് രാജിവയ്ക്കുമോ എന്നു നോക്കിയിട്ട് രാജി വയ്ക്കുന്നില്ലെങ്കിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരു അന്വേഷണമാണല്ലോ പശ്ചാത്തലം.

ശ്രീ. എ. കെ. ആന്റണി: ആ രണ്ട് കാര്യങ്ങൾ പറയുമ്പോൾ അങ്ങ് തന്നെ ചിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് തന്നെ അത് ഗൗരവമായി എടുത്തിട്ടില്ലെന്ന് എനിക്കറിയാം. ഏതായാലും അടുത്ത മന്ത്രിസഭാ യോഗം ബുധനാഴ്ചയുണ്ട്. അത് കഴിഞ്ഞാൽ മന്ത്രിസഭയുടെ തീരുമാനപ്രകാരം ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ കണ്ട് ഒരു സിറ്റിംഗ് ജഡ്ജിയുടെ സേവനം വിട്ടുതരണം എന്നു പറഞ്ഞ് അങ്ങയുടേയും ശ്രീ. പിണറായി വിജയന്റേയും ആഗ്രഹം ഗവൺമെന്റ് അംഗീകരിക്കുന്നതാണ്. ഞങ്ങൾക്ക് ഒന്നും മറച്ചു വയ്ക്കാനില്ല. എല്ലാ സത്യവും പുറത്തു വരട്ടെ. ആർക്കെങ്കിലും വീഴ്ചയുണ്ടെങ്കിൽ അത് അന്വേഷിക്കാൻ തയ്യാറാണ്. ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസ് ഇവിടെ ഒരു കാര്യം പറഞ്ഞു. അത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്. നമ്മുടെ രാഷ്ട്രീയ തർക്കങ്ങൾക്കിടയിൽ, വിവാദങ്ങൾക്കിടയിൽ നാം ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു കാര്യമാണ് എന്റെ സുഹൃത്ത് ശ്രീ. എ. സി. ഷൺമുഖദാസ് ഇവിടെ അവതരിപ്പിച്ചത്. ആത്മഹത്യയെപ്പറ്റി കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ, മത-സമുദായ സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ, മാധ്യമങ്ങൾ തുടങ്ങി എല്ലാവരും ആലോചിക്കേണ്ട കാര്യമാണ്. കഴിഞ്ഞ എട്ട് വർഷമായി ഇൻഡ്യയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആത്മഹത്യയുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. നമുക്ക് ആ ട്രെൻഡ് മാറ്റാൻ സാധിക്കുന്നില്ല. വർഷം തോറും 9,000-10,000 വച്ച് കേരളത്തിൽ മരിക്കുകയാണ്. എട്ട് വർഷമായി നമ്മുടെ സ്ഥിതി ഇതാണ്. രാഷ്ട്രീയ പാർട്ടികൾക്കോ സമുദായ സംഘടനകൾക്കോ, സാമൂഹ്യ പ്രവർത്തകർക്കോ ആർക്കും അതിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കുന്നില്ല. എട്ട് വർഷമായി ഇവിടത്തെ റിക്കാർഡ് ഇതാണ്. .....(ബഹളം).....ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടുണ്ട്. ഇന്ത്യയൊട്ടുക്ക് സ്ഥിരമായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. നാഷണൽ ക്രൈം റിക്കാർഡ് ബ്യൂറോയുടേയും കേരളത്തിലെ സ്റ്റേറ്റ് ക്രൈം റിക്കാർഡ് ബ്യൂറോയുടേയും റിക്കാർഡാണത്. ഞാൻ എന്റെ സഹപ്രവർത്തകൻ ആരോഗ്യവകുപ്പുമന്ത്രിയോട് രണ്ടുദിവസം മുമ്പ് പറഞ്ഞു, ഇതൊരു ഭയാനകമായ സിറ്റുവേഷനാണ്. ഈ ആത്മഹത്യ പ്രവണത വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് ഗൗരവമായി പഠിക്കണം. ഞാൻ അദ്ദേഹത്തോട് പഠിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. കാരണം ഇതിനൊരു പരിഹാരം ഉണ്ടാകണം. കേരളം ഇങ്ങനെ ആത്മഹത്യാ മുനമ്പായിമാറുന്നത് ശരിയല്ല. പത്ത്പതിനായിരം പേർ വർഷംതോറും മരിച്ചുകൊണ്ടിരിക്കുന്നത് നല്ലതല്ല. എന്തൊക്കെയാണ് പ്രശ്നങ്ങൾ? ആ പ്രശ്നങ്ങൾ രാഷ്ട്രീയവൽക്കരിച്ചിട്ട് കാര്യമില്ല. കഴിഞ്ഞ എട്ട് വർഷമായി തുടരുന്ന ആൾ ഇന്ത്യ റിക്കാർഡ് നമുക്ക് തകർക്കണം. കേരളത്തിലെ ആത്മഹത്യയുടെ എണ്ണം കുറയ്ക്കാൻ സാധിക്കണം. രണ്ട് കാര്യങ്ങളിലാണ് നമുക്ക് ആൾ ഇന്ത്യാ റിക്കാർഡ്. ഒന്ന്, ആത്മഹത്യ, രണ്ട് ആളോഹരി മദ്യം കഴിക്കുന്ന കാര്യം. ഞാൻ വേറൊരു പ്രശ്നത്തിലേക്ക് കടക്കട്ടെ.

<u>ശ്രീ. ഇ. എം. അഗസ്തി</u>: രജനിയുടെ ദൗർഭാഗ്യകരമായ ആത്മഹത്യക്ക് സമാനമായി ഒരു മാസം മുമ്പ് എറണാകുളം ലാ കോളേജ് വിദ്യാർത്ഥിയായിരുന്ന സൗമ്യ വിശ്വനാഥൻ എന്ന പെൺകുട്ടി 8 നിലയുള്ള ഫ്ളാറ്റിൽ നിന്ന് ചാടി ആത്മഹത്യ ചെയ്യുകയുണ്ടായി. അങ്ങ് പറഞ്ഞു സമാന സംഭവങ്ങളിൽ നമുക്ക് ദുഃഖമുണ്ടെന്ന്. ഈ അന്വേഷണത്തിന്റെ പരിധിയിൽ സൗമ്യയുടെ ആത്മഹത്യകൂടെ ഉൾപ്പെടുത്താൻ തയ്യാറാകുമോ?

<u>ശ്രീമതി ശോഭനാ ജോർജ്</u>: ഞങ്ങളുടെയൊക്കെ ആവശ്യമാണ്. ആ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാക്കിത്തരണം.

<u>ശ്രീ. എ. കെ. ആന്റണി</u>: ശരി. ഇപ്പോൾ ഞാൻ പെട്ടെന്ന് ഒരു മറുപടി പറയുന്നില്ല. ഗവണ്മെന്റ് അത് ഗൗരവമായി പരിശോധിക്കാം. ഇതൊക്കെയാണ് സ്ഥിതി. എനിക്ക് ഒരു അഭ്യർത്ഥനയേയുള്ളൂ. ഇത്രയൊക്കെ കാര്യങ്ങൾ ഞാൻ വിശദീകരിച്ചു. .....(ബഹളം).....

Mr. Speaker: Shri Mathai Chacko, is it fair on your part? Everybody has to keep the standard and dignity of the House.

<u>ശ്രീ. എ. കെ. ആന്റണി</u>: ഞാൻ കണക്കുകളൊന്നും വിവരിക്കുന്നില്ല. കഴിഞ്ഞ മൂന്നു ദിവസമായി സംസ്ഥാനത്ത് ഒരു കലാപത്തിന്റെ അന്തരീക്ഷമാണ്. വ്യാപകമായ അക്രമം. പൊതുമുതൽ നശിപ്പിക്കുന്നു, കാർ തല്ലിത്തകർക്കുന്നു, ഇത് നമുക്ക് ഇവിടെ അവസാനിപ്പിക്കണം. ഇവിടെ വച്ച് അക്രമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിക്കണം. നിയമം കൈയിലെടുക്കാൻ ആരേയും അനുവദിക്കുകയില്ല. ഗവണ്മെന്റിന് ഇക്കാര്യത്തിൽ തുറന്ന മനസ്സാണ്. കുറ്റക്കാർ ആരേയും രക്ഷപ്പെടാൻ അനുവദിക്കുകയില്ല. പക്ഷെ, നിയമം കൈയിലെടുക്കുന്ന പ്രവണത കേരളത്തിൽ വർദ്ധിക്കുന്നത് നല്ലതല്ല. അത് സംസ്ഥാനത്തിന്റെ വികസനത്തിന് തടസ്സമാണ്. ജനങ്ങളുടെ സൈരജീവിതത്തിനും സ്വത്തിനും ജീവനും നേരെയുള്ള വെല്ലുവിളികളും നല്ലതല്ല. അതുകൊണ്ട് ഇത് അവസാനിപ്പിക്കണം; അക്രമം തുടരാനാണ് ഭാവമെങ്കിൽ അതിശക്തമായി അതിനെ കൈകാര്യം ചെയ്യും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): മുഖ്യമന്ത്രി യഥാർത്ഥ പ്രശ്നങ്ങളിലേക്കൊന്നും കടക്കാതെ കുറ്റവാളികളായ ആളുകളെ സംബന്ധിച്ച് ന്യായീകരിക്കുന്ന ഹീനമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ആയിരം രൂപയുടെ വർദ്ധനവ് നിർഭാഗ്യവതിയായ രജനിയുടെ ജീവാർപ്പണത്തിന്റെ സന്തതിയാണ്, അതിലേക്ക് എത്തിച്ച ആളുകളെ സംബന്ധിച്ച് ഷാർപ്പായിട്ട് ഒരു വാചകംപോലും പറയാൻ തയ്യാറാകാതെ സഹപ്രവർത്തകരെ രക്ഷിച്ചുകൊണ്ടുള്ള സമീപനമാണ് ഇതിൽക്കൂടെ എടുത്തിട്ടുള്ളത് എന്നുള്ളതുകൊണ്ട് നിങ്ങളുടെ ഈ സമീപനത്തോട് ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ഈ സംഭവത്തിന് ഉത്തരവാദികളായ മന്ത്രിമാരെ സംരക്ഷിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നതെന്നാരോപിച്ചുകൊണ്ട് ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി)

Mr. Speaker: You continue C.M., you continue. Shri B. Vijayakumar, please...please... You are the ruling party. You should not do like that. .....(ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് കൺക്ലൂഡ് ചെയ്യുന്നതിനു മുമ്പ് ഒരു വാക്ക്. ഒരു രക്ഷകർത്താവ് സ്വന്തം മകൾ ആത്മഹത്യ ചെയ്തതിനെ സംബന്ധിച്ച് ഹൃദയംപൊട്ടി വേദനയോടുകൂടി പത്രത്തിൽ പരസ്യ പ്രസ്താവന നടത്തി; പോലീസിൽ പരാതി കൊടുത്തു. ഈ സംഭവത്തിൽ ദുരൂഹതയുണ്ട് എന്ന് പരസ്യമായി പറഞ്ഞ് എൽ എൽ. ബി.-ക്ക് പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടിക്കുണ്ടായ വളരെ ദുഃഖകരമായ ഒരു പശ്ചാത്തലം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നുള്ളതാണ്. ഗവണ്മെന്റ് അത് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട അംഗങ്ങളുടെ വികാരം ഞാൻ മനസ്സിലാക്കുന്നു. ഗവണ്മെന്റ് ഇക്കാര്യം ഗൗരവമായി പരിശോധിക്കാമെന്ന് പറഞ്ഞു. തീർച്ചയായും ഗൗരവമായി പരിശോധിക്കും. ഏതായാലും നാട്ടിൽ ഇന്നും അക്രമത്തിന് അറുതി ഉണ്ടായിട്ടില്ല. ഈ സംഭവത്തിന്റെ പേരിൽ ഗവണ്മെന്റിന് ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ട്. ഇനിയും നിയമം കൈയിലെടുത്ത് കലാപത്തിലേക്കാണ് പോകുന്നതെങ്കിൽ കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ ൪ സീറ്റ് ജയിച്ചതിന്റെ അഹങ്കാരം തലയ്ക്ക് പിടിച്ച് അക്രമത്തിലേക്കാണ് പോകുന്നതെങ്കിൽ ആ അക്രമത്തെ കർശനമായി കൈകാര്യം ചെയ്യുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly